# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്റ്റ് കമ്മിറ്റി X
## (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
## (FOREST, ENVIRONMENT AND TOURISM)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2016 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2016)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2016 ഒക്ടോബർ 24-ാം തീയതി സമർപ്പിച്ചത്

(Presented on October 24th, 2016)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2016

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2016

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി X
# (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
## (FOREST, ENVIRONMENT AND TOURISM)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2016 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2016)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

920/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 59-121 |

# സബ്ജക്ട് കമ്മിറ്റി X
# വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
# (2016-2018)

## ഘടന

ചെയർമാൻ:

ശ്രീ. കെ. രാജു,
വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. എ. സി. മൊയ്തീൻ,
സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

അംഗങ്ങൾ:

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. എൽദോ എബ്രഹാം

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. റോജി എം. ജോൺ

ശ്രീ. കെ. എം. ഷാജി

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. സണ്ണി ജോസഫ്

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്
ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി
ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. ശ്യാംകുമാർ, എസ്. പി., അണ്ടർ സെക്രട്ടറി.

# അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയനിർണ്ണയ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2013-2016 കാലയളവിലേക്കുള്ള പത്താം വിഷയനിർണ്ണയ സമിതി 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ 21-4-2015, 28-4-2015, 5-5-2015, 20-5-2015, 13-7-2015, 23-9-2015, 20-11-2015, 7-12-2015, 2-3-2016 എന്നീ തീയതികളിലായി 9 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 21-4-2015, 28-4-2015, 5-5-2015 എന്നീ തീയതികളിലെ യോഗങ്ങൾ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്കായും മറ്റ് ആറ് യോഗങ്ങൾ സമിതിയുടെ പരിധിയിൽ വരുന്ന മറ്റ് വിഷയങ്ങൾ പരിഗണിക്കുന്നതിനും വേണ്ടിയായിരുന്നു. ഈ യോഗങ്ങളിലാകെ ഹാജരായ അംഗങ്ങളുടെ ഹാജർനില 41% ആയിരുന്നു. ഈ റിപ്പോർട്ട് എട്ട് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്ത് സമിതി സൂക്ഷ്മപരിശോധന നടത്തിയ ധനാഭ്യർത്ഥനകളെയും സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളെയും സംബന്ധിച്ച വിവരങ്ങളും രണ്ടാം ഭാഗത്ത് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും മൂന്നാം ഭാഗത്ത് സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിന്മേൽ ലഭ്യമാക്കിയ മറുപടികളും നാലാം ഭാഗത്ത് സമിതിയുടെ വിവിധ യോഗനിർദ്ദേശങ്ങളിന്മേൽ ലഭ്യമാക്കിയ മറുപടികളും അഞ്ചാം ഭാഗത്ത് സമിതി പരിഗണിച്ച ചട്ടങ്ങളേയും സാധൂകരണം നൽകിയ ചട്ടങ്ങളെയും സംബന്ധിച്ച വിവരങ്ങളും ആറാം ഭാഗത്ത് സമിതി പരിഗണിച്ച ബില്ലിനെ സംബന്ധിച്ച വിശദാംശങ്ങളും ഏഴാം ഭാഗത്ത് സമിതി ചട്ടം 235 എ പ്രകാരം പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച വിശദാംശങ്ങളും എട്ടാം ഭാഗത്തിൽ സമിതിയുടെ പരിഗണനാ വിഷയങ്ങളുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവച്ചതു സംബന്ധിച്ച വിവരങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. റിപ്പോർട്ട് കാലയളവിലെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2016 സെപ്റ്റംബർ 7-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. രാജു,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2016 സെപ്റ്റംബർ 7.

## റിപ്പോർട്ട്

## ഭാഗം 1

### സമിതി സൂക്ഷ്മപരിശോധന നടത്തിയ ധനാഭ്യർത്ഥനകളും സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളും

1) വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 21-4-2015, 28-4-2015 എന്നീ തീയതികളിൽ 2015-2016 സാമ്പത്തിക വർഷത്തെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തുകയും ആയത് സംബന്ധിച്ച കരട് റിപ്പോർട്ട് 5-5-2015-ലെ സമിതിയോഗം അംഗീകരിക്കുകയും ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2015 ജൂൺ 8-ാം തീയതി സഭയിൽ സമർപ്പിക്കുകയുമുണ്ടായി.

| | |
|---|---|
| ധനാഭ്യർത്ഥന നമ്പർ XVII- | വിദ്യാഭ്യാസം, കായികവിനോദം, കല സംസ്കാരം<br>മേജർ ഹെഡ് 3435-എക്കോളജിയും എൻവയോൺമെന്റും |
| ധനാഭ്യർത്ഥന നമ്പർ XX- | ശുദ്ധജലവിതരണവും ശുചീകരണവും<br>മേജർ ഹെഡ് 2215-02-106-വായുജല മലിനീകരണം തടയൽ<br>190(98) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് |
| ധനാഭ്യർത്ഥന നമ്പർ XXXIV- | വനം |
| ധനാഭ്യർത്ഥന നമ്പർ XLII- | വിനോദസഞ്ചാരം |

2) 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പീരിയോഡിക്കൽ റിപ്പോർട്ട് 2015 ജൂൺ 8-ാം തീയതി സഭയിൽ സമർപ്പിച്ച.

3) സമിതിയുടെ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2015 ജൂലൈ 23-ാം തീയതി സഭയിൽ സമർപ്പിച്ചു.

4) 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 2015 ഡിസംബർ 8-ാം തീയതി സഭയിൽ സമർപ്പിച്ചു.

## ഭാഗം-II

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും

സമിതിയുടെ താഴെപ്പറയുന്ന ശിപാർശകളിന്മേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ 20-5-2015, 13-7-2015, 23-9-2015, 20-11-2015 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

### ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2014-2015)

### വനംവന്യജീവി വകുപ്പ്

ശിപാർശ

2406-01-01-81-വനസംരക്ഷണം

2406-01-005-98-വനാതിർത്തികളുടെ സർവ്വേ

സംസ്ഥാനത്ത് ആകെയുള്ള വനമേഖല നിർണ്ണയിച്ച് വനത്തിന്റെ അതിരുകൾ വേർതിരിച്ച് വനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തേണ്ടത് ഫലപ്രദമായ വനപരിപാലനത്തിന് അത്യന്താപേക്ഷിതമാണ്. വനം സർവ്വേ നടത്തി അതിർത്തി നിർണ്ണയിക്കുന്നതിനായി ആധുനിക സർവ്വേ ഉപകരണങ്ങൾ വാങ്ങുക, ജണ്ടകളുടെ അറ്റകുറ്റപ്പണികൾ നടത്തുക, വനാതിർത്തിയിൽ

ജൈവവേലികൾ നിർമ്മിക്കുക ഹയർലൈനുകൾ നിർമ്മിക്കുക, വനസംരക്ഷണ സമിതികളുടെ സഹായത്തോടെ കാട്ടുതീയിൽ നിന്നുള്ള സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക ശോഷിച്ചുകൊണ്ടിരിക്കുന്ന ആവാസവ്യവസ്ഥ സംരക്ഷിക്കുക, കേരള വന നിയമം സെക്ഷൻ 4(1) അനുസരിച്ച് ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം നൽകുക, കഞ്ചാവ് കൃഷി തടയുക, വനസംരക്ഷണ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുക, രഹസ്യവിവരങ്ങൾ ശേഖരിക്കുക, നിയമ സഹായം നൽകുക, ദ്രുതകർമ്മസേനയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, വാർത്താവിനിമയ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുക, ചന്ദനവനം സംരക്ഷിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ആവശ്യമായി വരുന്നു. ഈ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ശിപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

2406-01-101-94-<u>നശിപ്പിക്കപ്പെട്ട വനങ്ങളുടെ പുനരുദ്ധാരണം</u>

<u>ശിപാർശ</u>

മുൻ വർഷങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നശിച്ചുപോയ വനങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതി തുടർന്നും നടപ്പിലാക്കുക, നശിച്ചുപോയ വനങ്ങൾ വച്ചുപിടിപ്പിക്കുക, വച്ചുപിടിപ്പിച്ച തൈകളെ സംരക്ഷിക്കുക, കാട്ടുതീയിൽ നിന്നും വനങ്ങളെ സംരക്ഷിക്കുക തുടങ്ങിയ വനസംരക്ഷണ സമിതികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായും കൂടാതെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട് അപൂർവ്വങ്ങളായ ചോലവനങ്ങൾ, ചന്ദനമരപ്രദേശം, കണ്ടൽക്കാടുകൾ, മറ്റു പ്രദേശങ്ങളിലെ ആവാസ വ്യവസ്ഥ സംരക്ഷണം എന്നീ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സ്വീകരിച്ച നടപടി</u>

ശിപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല

4406-01-105-87-<u>തോട്ടങ്ങളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കൽ</u>

<u>ശിപാർശ</u>

നിലവിലുള്ള തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, കൃഷിയുമായി സംയോജിപ്പിച്ച് വനവൽക്കരണ പ്രവർത്തനങ്ങളുടെ സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുകവഴി വർദ്ധിച്ചുവരുന്ന സാമൂഹ്യ ആവശ്യങ്ങൾമൂലം വന-പരിസ്ഥിതി വ്യവസ്ഥയിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ കുറയ്ക്കുക. ഉപയോഗമുള്ളതും കട്ടികുറഞ്ഞതുമായ തടിയിനങ്ങൾ കൃഷി ചെയ്യുക, തോട്ടങ്ങളുടെ പരിപാലനം തുടങ്ങിയവ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

ശിപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

4406-01-070-97-<u>കെട്ടിടങ്ങൾ</u>

<u>ശിപാർശ</u>

ഫോറസ്റ്റ് ഓഫീസുകൾക്ക് ആവശ്യമായ കെട്ടിടനിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കൽ, പുതുതായി അനുവദിച്ച ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, ഉൾവനങ്ങളിലെ ഫോറസ്റ്റ് സ്റ്റേഷനുകളിൽ ഡോർമിറ്ററി/ക്വാർട്ടേഴ്സ് നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

ശിപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

2406-02-110-68-ജൈവവൈവിധ്യസംരക്ഷണം

ശിപാർശ

ജൈവവൈവിധ്യ സംരക്ഷണത്തിനായുള്ള അന്താരാഷ്ട്രപ്രോട്ടോക്കോൾ നടപ്പാക്കൽ, ജൈവ വൈവിധ്യത്തിന്റെ വിവരങ്ങൾ അടങ്ങുന്ന ഡാറ്റാബുക്കുകൾ രൂപപ്പെടുത്തൽ, സംരക്ഷിതമേഖലയിൽ കഞ്ചാവ് കൃഷി തടയൽ, ബോധവൽക്കരണം, ആനകളുടെ ആക്രമണങ്ങളിൽ നിന്നും കൃഷിഭൂമി സംരക്ഷിക്കുന്നതിനായുള്ള ട്രഞ്ചുകളുടെ നിർമ്മാണം എന്നിവയ്ക്കായി സൗരോർജ്ജ വേലികൾ കെട്ടുക, ദേശാടനപക്ഷികൾക്കുവേണ്ടി പ്രാദേശിക അടിസ്ഥാനത്തിലുള്ള പരിപാടികൾ സംഘടിപ്പിക്കുക, കാവുകളുടെയും കണ്ടൽ കാടുകളുടേയും സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കും ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

ശിപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

2406-01-800-55-സാമൂഹിക വനവിപുലീകരണവും കാർഷിക സംരക്ഷണവും

ശിപാർശ

വീട്ടുവളപ്പിലും മറ്റ് പ്രദേശങ്ങളിലും വ്യാപകമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്ന പരിപാടി ജനങ്ങളുടേയും സ്കൂൾ വിദ്യാർത്ഥികളുടേയും പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്നതിനും നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതായ എന്റെ മരം, നമ്മുടെ മരം, വഴിയോര തണൽ, ഹരിത തീരം തുടങ്ങിയ പദ്ധതികൾക്കും സ്കൂൾ, കോളേജുക്യാമ്പസുകൾ, പൊതുസ്ഥലങ്ങൾ,

റെയിൽവേയുടെ അധീനതയിലുള്ള സ്ഥലങ്ങൾ, നദികൾ, അരുവികൾ, കനാലുകൾ എന്നിവയുടെ കരകൾ തുടങ്ങിയ സ്ഥലങ്ങളിൽ വൃക്ഷത്തൈകൾ നട്ട് പരിപാലിക്കുന്ന പരിപാടികൾക്കും, വനസംരക്ഷണ പരിശ്രമത്തിനും മരങ്ങൾ നട്ടുവളർത്തുന്നവർക്കുമുള്ള പ്രോത്സാഹനം, ആവാസ സ്ഥലങ്ങളിലെ കണ്ടൽക്കാടുകൾ ഏറ്റെടുക്കൽ, അതിനു പുറത്തുള്ള ജൈവവൈവിധ്യ സംരക്ഷണ പരിപാടികൾ, സാമൂഹിക വനവൽക്കരണ പരിപാടികൾ ശക്തിപ്പെടുത്തൽ എന്നിവയ്ക്കായും ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 420 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

ശിപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

2406-01-800-56-മനുഷ്യനും വനമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ

ശിപാർശ

വനാതിർത്തിയിൽ അധിവസിക്കുന്ന മനുഷ്യരുടെ ജീവനും വിളകൾക്കും, കന്നുകാലികൾക്കും വന്യമൃഗങ്ങളുടെ ആക്രമണം മൂലം ഉണ്ടാകുന്ന നാശങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും അവരുടെ കൃഷി ഭൂമിയിലേക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിന് ആനക്കിടങ്ങുകൾ, കൽഭിത്തികൾ, സൗരോർജ്ജ വേലികൾ എന്നിവ നിർമ്മിക്കുന്നതിനും വനത്തിനുള്ളിലുള്ള സെറ്റിൽമെന്റുകളിലെ താമസക്കാരെ പുനരധിവസിപ്പിക്കുന്നതിനും ആവാസ സ്ഥലങ്ങളിലെ ജലസ്രോതസ്സുകളെ സംരക്ഷിച്ച് പരിപാലിക്കുന്നതിനുമായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

എസ്.ഡി.ജി മുഖേന 1000 ലക്ഷം രൂപ അധികമായി അനുവദിച്ചു.

2406-02-110-48-പുത്തൂർ സുവോളജിക്കൽ പാർക്ക്, വന്യജീവി സംരക്ഷണ കേന്ദ്രം

ശിപാർശ

തൃശ്ശൂർ മൃഗശാലയിലെ നിലവിലുള്ള പക്ഷികളെയും മൃഗങ്ങളെയും ആവശ്യമായ സ്ഥലസൗകര്യമുള്ള സ്ഥലത്തേയ്ക്ക് മാറ്റി പുനരധിവസിപ്പിക്കുന്നതിനും കൂടാതെ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന പക്ഷി മൃഗാദികളെ പ്രത്യേകമായി വളർത്തി പരിപാലിക്കുന്നതിനും ലക്ഷ്യമിട്ട് വനം വകുപ്പിന്റെ തൃശ്ശൂർ, ഡിവിഷന്റെ കീഴിലുള്ള പട്ടിക്കാട് റെയിഞ്ചിൽ പുത്തൂർ വനംഭൂമിയിൽ 136 ഹെക്ടർ പ്രദേശത്ത് സ്ഥാപിക്കുന്ന സുവോളജിക്കൽ പാർക്കിന്റെ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

ശിപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല

2406-01-070-98-കെട്ടിടങ്ങൾ-17-ചെറുകിട മരാമത്ത് പണികൾ

ശിപാർശ

പി.റ്റി.പി. നഗറിലുള്ള ഫോറസ്റ്റ് ട്രെയിനിംഗ് സെന്റർ, ഹെഡ് ക്വാർട്ടേഴ്സ് കെട്ടിടം, ഫീൽഡിലുള്ള കെട്ടിടങ്ങൾ, മറ്റു സ്റ്റാഫ് ക്വാർട്ടേഴ്സുകൾ എന്നിവയ്ക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

ശിപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

2406-01-070-98-കെട്ടിടങ്ങൾ-18-അറ്റകുറ്റപ്പണികൾ

ശിപാർശ

പി.റ്റി.പി. നഗറിലുള്ള ഫോറസ്റ്റ് ട്രെയിനിംഗ് സെന്റർ, ഹെഡ് ക്വാർട്ടേഴ്സ് കെട്ടിടം, ഫീൽഡിലുള്ള കെട്ടിടങ്ങൾ, മറ്റു സ്റ്റാഫ് ക്വാർട്ടേഴ്സുകൾ എന്നിവയ്ക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

ശിപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

2406-01-105-94-കന്നുകാലികൾ

ശിപാർശ

വനംവകുപ്പ് വക ആന, മാൻ എന്നിവയുടെ പരിപാലനസംരക്ഷണത്തിനും മൃഗശാലയുടെ സംരക്ഷണപ്രവർത്തനങ്ങൾക്കുമായും ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

ശിപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

2406-01-800-92- വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള ആശ്വാസം

ശിപാർശ

വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് ആശ്വാസം നൽകുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

ശിപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

ശിപാർശ

വനംവകുപ്പിലെ ഉദ്യോഗസ്ഥർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റിനായി വിവിധ ശീർഷകങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകങ്ങളിൽ താഴെപ്പറയും പ്രകാരം 27.25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| ക്രമ നം. | ശീർഷകം | അധികം ആവശ്യമുള്ള സംഖ്യ (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | 2406-01-001-99 ആഫീസ് ഓഫ് ദി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് 01(4) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് | 6.25 |
| 2 | 2406-01-001-98 ആഫീസ് ഓഫ് ദി ചീഫ് കൺസർവേറ്റേഴ്സ് - 01(4)മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് | 3.00 |
| 3. | 2406-01-001-97 വർക്കിംഗ് പ്ലാൻ ആന്റ് റിസർച്ച് സർക്കിൾ - 01(4) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് | 2.00 |
| 4. | 2406-01-001-96 വിജിലൻസ് ആന്റ് ഇവാല്യുവേഷൻ - 01(4) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് | 4.00 |
| 5. | 2406-01-001-95 ഡിസ്ട്രിക്റ്റ് ആഫീസസ് 01(4) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് | 12.00 |
| | ആകെ | 27.25 |

(ഖണ്ഡിക -13)

സ്വീകരിച്ച നടപടി

ധന പുന:ക്രമീകരണം മുഖേന 2406-01-001-99 O/o CCF-01(4)-ൽ 3.56 ലക്ഷം രൂപയും 2406-01-001-98 O/o CF's ൽ 1.80 ലക്ഷം രൂപയും 2406-01-001-96 Vig& Evaluation 1(4) ൽ 0.93 ലക്ഷം രൂപയും 2406-01-001-95 ഡിസ്ട്രിക് ഓഫീസസ് (01) 4 ൽ 5.49 ലക്ഷം രൂപയും അനുവദിച്ചു.

## ശിപാർശ

വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് യാത്രാബത്ത, വൈദ്യുതി ചെലവ് എന്നീ ഇനങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ വിവിധ ശീർഷകങ്ങളിൽ താഴെപ്പറയും പ്രകാരം യാത്രാബത്ത ഇനത്തിൽ 30 ലക്ഷം രൂപയും വൈദ്യുതി ചെലവിനത്തിൽ 50 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

| ക്രമ നം. | ശീർഷകം | അധികം ആവശ്യമുള്ള സംഖ്യ (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | 2406-01-001-99 ആഫീസ് ഓഫ് ദി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് - 01(4) യാത്രാബത്ത | 9.00 |
| 2 | 2406-01-001-96-വിജിലൻസ് ആന്റ് ഇവാല്യുവേഷൻ -01(4) യാത്രാബത്ത | 6.00 |
| 3 | 2406-01-001-95-ഡിസ്ട്രിക്റ്റ് ആഫീസസ് 01(4) യാത്രാബത്ത | 15.00 |
| | ആകെ | 30.00 |

| | | |
|---|---|---|
| 1 | 2406-01-001-99-ആഫീസ് ഓഫ് ദി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് -05(2)വൈദ്യുതി ചെലവ് | 50.00 |

## സ്വീകരിച്ച നടപടി

അഡീഷണൽ ഓതറൈസേഷൻ മുഖേന വൈദ്യുതി ചെലവിനത്തിൽ 70 ലക്ഷം രൂപ അനുവദിച്ചു.

## വിനോദസഞ്ചാര വകുപ്പ്

### 5452-01-190-99-കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ

#### ശിപാർശ

കെ.ടി.ഡി.സി.യുടെ കീഴിലുള്ള കോഴിക്കോട്, ആലപ്പുഴ ഹോട്ടൽ പദ്ധതികൾ, കൊച്ചി ഷോപ്പിംഗ് കോംപ്ലക്സിന്റെ വികസനം, മുഴപ്പിലങ്ങാട് ബീച്ച് റിസോർട്ട്, നിലവിലുള്ള ഹോട്ടലുകളുടെ പുനരുദ്ധാരണം എന്നീ പദ്ധതികളോടൊപ്പം ഭൂതത്താൻകെട്ടിൽ ഡോർമിറ്ററി/ക്വാർട്ടേഴ്സ് നിർമ്മാണം കൂടി ഉൾപ്പെടുത്തണമെന്നും പദ്ധതികൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

#### സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

### 5452-01-190-98-ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ക്ലിപ്പം (കേരള)

#### ശിപാർശ

പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിലുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കും സംയുക്ത മേഖലയിൽ പുതിയ ടൂറിസം ഉൽപ്പന്നങ്ങളുടെ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്കും സംയുക്തമേഖലയിൽ പുതിയ ടൂറിസം ഉൽപന്നങ്ങളുടെ വികസനത്തിനും റവന്യൂ ജനറേറ്റിംഗ് ടൂറിസം അധിഷ്ഠിത പൊതു സ്ഥല/അടിസ്ഥാന സൗകര്യ വികസനത്തിനും വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് പദ്ധതികൾക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

5452-01-190-96-ബേക്കൽ റിസോർട്ട്സ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

ശിപാർശ

ബി.ആർ.ഡി.സി.ക്ക് സ്വന്തം ഓഫീസും ഗസ്റ്റ് ഹൗസും ബേക്കൽ എയർസ്ട്രിപ്പും വിപണനവും പ്രചാരണവും ബീച്ചുകളുടെ വികസനം, റെയിൽ സ്റ്റേഷൻ വികസനം തുടങ്ങിയ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 2014-2015 സാമ്പത്തിക വർഷത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

തൃശ്ശൂർ ജില്ലയിൽ തുമ്പൂർമുഴിയിൽ വിനോദസഞ്ചാരികൾക്ക് താമസസൗകര്യം ഇല്ലാത്തതിനാൽ ഡോർമിറ്ററി സൗകര്യം ഉൾപ്പെടെയുള്ള റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

റസ്റ്റ് ഹൗസ് നിർമ്മാണം പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിലുള്ള വിഷയമായതിനാൽ തൃശ്ശൂർ ജില്ലയിലെ തുമ്പൂർമുഴിയിൽ റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന പ്രസ്തുത ഖണ്ഡികകളിലെ ശിപാർശയിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിന് ഈ വകുപ്പിന് നിർവ്വാഹമില്ല.

5452-01-800-84-മുസിരീസ് സ്പൈസ് റൂട്ട് പൈതൃക പദ്ധതി

ശിപാർശ

എറണാകുളം ജില്ലയിലെ പറവൂർ, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, ചേന്ദമംഗലം എന്നീ സ്ഥലങ്ങളിലെ ചരിത്ര സ്മാരകങ്ങളെ ബന്ധിപ്പിച്ച് കേരള ചരിത്രത്തിന്റെ പരിച്ഛേദം സന്ദർശകർക്ക് പകർന്നുകൊടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിക്കും സ്പൈസ് റൂട്ട് പദ്ധതിക്കും സംസ്ഥാനത്തെ ഇതര ഹെറിറ്റേജ് പദ്ധതികൾക്കുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

3452-80-104-98-ടൂറിസം-വിപണനവും പ്രോത്സാഹനവും

ശിപാർശ

ഇന്ത്യയിലെ വിനോദസഞ്ചാര മേഖലയിലെ മുൻനിരസ്ഥാനം നിലനിർത്തുന്നതിനും ആഗോളതലത്തിൽ മികച്ച ടൂറിസം ബ്രാൻഡായി സംസ്ഥാനത്തെ ഉയർത്തിക്കാട്ടുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് പുതിയ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക, രാജ്യത്തിനകത്തും പുറത്തും വ്യാപാരമേളകളിൽ പങ്കെടുക്കുക, റോഡ് ഷോകൾ നടത്തുക, ടൂർ ഓപ്പറേറ്റേഴ്സ്, പ്രമുഖ ട്രാവൽ റൈറ്റേഴ്സ്, പത്രപ്രവർത്തകർ എന്നിവർക്കായുള്ള ട്രിപ്പുകൾ സംഘടിപ്പിക്കുക, പ്രിന്റ്/ടി.വി/ഇന്റർനെറ്റ് തുടങ്ങിയ മാധ്യമങ്ങളിലൂടെയുള്ള പരസ്യം, സിനിമയിലൂടെയുള്ള പ്രദർശനം, ചാർട്ടർ ഫ്ലൈറ്റ്, റേഡിയോയിലൂടെയുള്ള പരസ്യം എന്നിവയും ഔട്ട്ഡോർ പരസ്യം, മലബാറിലെ പാരമ്പര്യകലകളെ പ്രോത്സാഹിപ്പിക്കൽ എന്നിവ കൂടാതെ സോഷ്യൽ മീഡിയകളായ ട്വിറ്റർ, ഫേസ്ബുക്ക്, യൂട്യൂബ് എന്നിവ വഴിയുള്ള വിപണനം

തുടങ്ങിയ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -24)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

3452-80-104-99-പരിസ്ഥിതി, സംസ്കാരം, പൈതൃകം എന്നിവയുടെ

പരിപാലനവും സംരക്ഷണവും

ശിപാർശ

കേരളത്തിന്റെ സാംസ്കാരവും പൈതൃകവും സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഊന്നൽനൽകുന്ന പരിപാടികളും ഉത്സവങ്ങളും മേളകളും ബോട്ട് മത്സരങ്ങളും സംഘടിപ്പിക്കുന്നതിനും സഹായിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയിൽ പൈതൃക സംരക്ഷണത്തിന്റെ ഭാഗമായി താഴത്തങ്ങാടി പ്രോജക്ട് കൂടി ഉൾപ്പെടുത്തണമെന്നും പദ്ധതികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 3.50 കോടി രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -25)

സ്വീകരിച്ച നടപടി

പ്രസ്തുത ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുകയെക്കാൾ 3,05,00,000/- രൂപ additional authorisation മുഖേന ലഭിക്കുകയുണ്ടായി. ആയതിന്റെ വിവരം താഴെ പറയുന്നു.

G.O(Rt) No. 8796/14/Fin dated 22.11.2014-Rs. 100,00, 000

G.O(Rt) No. 7751/14/Fin dated 14.10.2014-Rs. 100,00,000

G.O(Rt) No. 2648/15/Fin dated 23.3.2015-Rs. 100,00, 000

ആകെ- Rs. 300,00,000

ടി 3 കോടി രൂപ 2014-ലെ കൊച്ചി മുസിരിസ് ബിനാലെയുടെ നടത്തിപ്പിന് വേണ്ടി അനുവദിക്കുകയും ആയത് കൊച്ചിൻ ബിനാലെ ഫൗണ്ടേഷന് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ G.O(Rt) No.5388/14/Fin dated 11-7-2014 പ്രകാരം 5 ലക്ഷം രൂപ ഉത്രാടം തിരുനാൾ പമ്പ വള്ളം കളിയുടെ നടത്തിപ്പിന് വേണ്ടിയും മേൽപ്പടി ശീർഷകത്തിൽ അനുവദിച്ചുനൽകുകയും ആയത് പ്രസ്തുത പരിപാടിയുടെ നടത്തിപ്പിന് വേണ്ടി ടി വകുപ്പ് വിനിയോഗിക്കുകയും ചെയ്തിട്ടുള്ളതാണ്. പൈതൃക സംരക്ഷണത്തിന്റെ ഭാഗമായി താഴത്തങ്ങാടിയുടെ സമഗ്രവികസനം ലക്ഷ്യമാക്കി ടൂറിസം വകുപ്പ് താഴത്തങ്ങാടി ഹെറിറ്റേജ് സോൺ & റിവർ ബാങ്ക് ബ്യൂട്ടിഫിക്കേഷൻ എന്ന പദ്ധതി 73,23,000 രൂപയ്ക്ക് നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയ്ക്കായി 2014-15 സാമ്പത്തിക വർഷത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

3452-80-800-90-26-33-<u>വിനോദസഞ്ചാര വകുപ്പിന്റെ മറ്റുപദ്ധതികൾ-സ്വകാര്യ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് ധനസഹായം-സബ്സിഡികൾ</u>

<u>ശിപാർശ</u>

ഉത്തരവാദിത്വ ടൂറിസം പ്രോത്സാഹിപ്പിക്കുന്ന പുതിയ സബ്സിഡി നടപ്പാക്കൽ, മാർക്കറ്റിംഗ് രംഗത്ത് പുത്തൻ സംരഭകർക്കുള്ള സഹായം, ആയുർവ്വേദം, ഹോംസ്റ്റേ സംരംഭകർക്ക് വിദേശീയവും സ്വദേശീയവുമായ വിപണന സഹായം, മേളകളിൽ പങ്കെടുക്കൽ, എന്നിവയുൾപ്പെടുന്ന പുതിയ സബ്സിഡി സമ്പ്രദായം എന്നിവയ്ക്കുള്ള വിഹിതം നൽകേണ്ടതിനാലും ഇതിനുവേണ്ടി പരിശീലനം, ശാക്തീകരണം, അടിസ്ഥാനസൗകര്യവികസനം, പാരമ്പര്യ ഊർജ്ജ ഉറവിട പദ്ധതികൾക്കായി സെമിനാർ വർക്ക് ഷോപ്പ്, പ്രചരണം, ഉത്തരവാദിത്വ സ്കൂളുകൾക്കുവേണ്ടി കിറ്റ്സ് മുഖേനയുള്ള പ്രവർത്തനം തുടങ്ങിയവയുടെ സംഘാടനവും നടത്തിപ്പും എന്നിവയ്ക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 26)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

3452-80-800-34-ഉത്തരവാദിത്വത്തോടെയുള്ളവിനോദസഞ്ചാരം-സഹായധനം

ശിപാർശ

പ്രാദേശിക ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കുന്ന ഒരു പരിഹാര ക്രിയാമാതൃകയായ 'ഉത്തരവാദിത്വ ടൂറിസം പദ്ധതി' നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഒരു കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

3452-80-800-76-ഇന്ത്യാഗവൺമെന്റ് ആവിഷ്കരിച്ച അടിസ്ഥാന സൗകര്യ പദ്ധതിക്കുവേണ്ടി

ശിപാർശ

കേന്ദ്ര ഗവൺമെന്റിന്റെ ഭാഗിക ധനസഹായത്തോടെ അനുമതി നൽകുന്ന പദ്ധതികളുടെ അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള ചെലവ് വഹിക്കുന്നതിനും, ഈ പദ്ധതികളുടെ അടിസ്ഥാന സൗകര്യങ്ങളായ ഗതാഗതം, ജലലഭ്യത, വൈദ്യുതി എന്നിവയും പദ്ധതിക്കാവശ്യമായ ഭൂമി ലഭ്യമാക്കുക, ഇത് സംബന്ധിച്ചുണ്ടാകുന്ന കേസുകളുടെ ചെലവ് വഹിക്കുക, പ്രോജക്ടുകൾ ഏറ്റെടുക്കുക, ഇത്തരം പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുക, കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുക എന്നീ ചെലവിനങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

## ഭാഗം III

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ലഭ്യമാക്കിയ മറുപടി

**1)** ജൈവവൈവിധ്യ സംരക്ഷണം, എക്സ്റ്റൻഷൻ ഫോറസ്ട്രി സപര്യ ഡി.എം.സി എന്നീ പദ്ധതികളെ സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിന്മേൽ ലഭ്യമാക്കിയ മറുപടി

ശിപാർശ

ടൂറിസവുമായി ബന്ധമില്ലാത്ത പഞ്ചായത്തുകളുടെ ആവശ്യങ്ങൾക്ക് ടൂറിസത്തിൽ നിന്ന് ഫണ്ട് നൽകരുതെന്നും പ്രസ്തുത ഫണ്ടുപയോഗിച്ച് നിലവിലുള്ള ടൂറിസം കേന്ദ്രങ്ങളെ ശക്തിപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -19)

സ്വീകരിച്ച നടപടി

ഒരു പ്രദേശത്തെ സമഗ്ര വികസനത്തിനായി ജനപങ്കാളിത്തത്തോടെ ടൂറിസം സാദ്ധ്യതകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള സാദ്ധ്യതകൾ പരിഗണിച്ചാണ് പദ്ധതികൾ അംഗീകരിച്ചുവരുന്നത്.

ശിപാർശ

മൂന്നാറിൽ 10 ഏക്കർ സ്ഥലം ഏറ്റെടുത്ത് ഒരു ബൊട്ടാണിക്കൽ ഗാർഡൻ ഉണ്ടാക്കണമെന്നും കൂടാതെ വാഗമണ്ണിൽ ഒരു ഓർക്കിഡ് പൂന്തോട്ടം പാക്കേജിൽ ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -20)

സ്വീകരിച്ച നടപടി

ഇടുക്കി ജില്ലയിൽ മൂന്നാറിനു സമീപം ഒരു ബൊട്ടാണിക്കൽ ഗാർഡൻ സ്ഥാപിക്കുന്നതിനുവേണ്ടി G.O(Rt)No.4168/14/TSM dated 29-5-2014 പ്രകാരം 4.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച്

പ്രസ്തുത പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് വേണ്ടി ടി വകുപ്പ് ഇടുക്കി ഡി.റ്റി.പി.സി.- യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വർക്കുകൾ പുരോഗമിച്ചുവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

കൂടാതെ വാഗമൺ കേന്ദ്രീകരിച്ച് ഒരു ഓർക്കിഡ് പൂന്തോട്ടവും, അഡ്വഞ്ചർ സ്പോർട്ട്സും ഉൾപ്പെടെയുള്ള ഒരു ബൃഹത്തായ പദ്ധതി നടപ്പിലാക്കുന്നതിനായി ടി വകുപ്പിൽ നിന്നും 50 കോടി രൂപയുടെ പ്രോജക്റ്റ് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

കോവളത്ത് നായ ശല്യം നിയന്ത്രിക്കുന്നതിനും യാചകർ, സ്ട്രീറ്റ് വെൻഡേഴ്സ് എന്നിവരെ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -23)

<u>സ്വീകരിച്ച നടപടി</u>

യാചകർ, സ്ട്രീറ്റ് വെൻഡേഴ്സ്, നായ ശല്യം നിയന്ത്രിക്കുന്നതിനുംവേണ്ട നടപടി സ്വീകരിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നായശല്യം ഒഴിവാക്കുന്നതിനുവേണ്ട നടപടികൾക്കായി 20-2-2013 തീയതിയിലെ പി6/3138/2013 നമ്പർ ഉത്തരവ് പ്രകാരം 4,80,000 രൂപയുടെ ഭരണാനുമതി തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് നൽകുകയും അതനുസരിച്ച് 2 ലക്ഷം രൂപ 20-12-2013 ലെ പി6/3135/2013 നമ്പരായുള്ള ടൂറിസം ഡയറക്ടറേറ്റിലെ ഉത്തരവ് പ്രകാരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് നൽകിയിട്ടുമുണ്ട്.

<u>ശിപാർശ</u>

വിദേശ ടൂറിസ്റ്റുകൾക്കുണ്ടാകുന്ന ദുരനുഭവങ്ങൾ ടൂറിസത്തെ ബാധിക്കാതിരിക്കാൻ വർക്കലയിലും ആലപ്പുഴയിലും ടൂറിസ്റ്റ് ഗൈഡുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്നും അംഗീകാരമുള്ള ഗൈഡുകളുടെ വിശദവിവരം എഴുതി പ്രദർശിപ്പിക്കണമെന്നും, കൂടാതെ ഹോട്ടൽ മുറികൾ, ഹോംസ്റ്റേകൾ

എന്നിവയുടെ നിരക്ക് എഴുതി പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

ടൂറിസം വകുപ്പിന്റെ നോഡൽ ഏജൻസിയായ കിറ്റ്സ് മുഖേനയാണ് ടൂറിസം ഗൈഡിനുള്ള ലൈസൻസ് കോഴ്സ് നടത്തുന്നത്. അതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ്/ഡിസ്ട്രിക്ട് ലെവൽ ഗൈഡ് ലൈസൻസുകൾ നൽകിവരുന്നു. ഇത്തരത്തിൽ ലൈസൻസ് ലഭിച്ചവരെയാണ് ടൂറിസം കേന്ദ്രങ്ങളിൽ ഗൈഡുകളായി നിയമിക്കുന്നത്. വർക്കലയിലും ആലപ്പുഴയിലും ടൂറിസം ഗൈഡുകൾ നിലവിലുണ്ട്. അവരുടെ പ്രവർത്തനം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ വഴി നിരീക്ഷിച്ചു വരുന്നു. മാത്രവുമല്ല ഗൈഡുകളുടെ വിശദാംശം ടൂറിസം വകുപ്പിന്റെ വെബ്സൈറ്റിലും പ്രദർശിപ്പിച്ചിട്ടുണ്ട്. ഇവരെ കൂടാതെ കേന്ദ്ര സർക്കാരിന്റെ അംഗീകൃത ലൈസൻസ് കോഴ്സ് പാസായവരും ഈ മേഖലയിൽ പ്രവർത്തിച്ചു വരുന്നു.

ടൂറിസം വകുപ്പ് മുഖേന ക്ലാസിഫിക്കേഷൻ നൽകിയിട്ടുള്ള റെസ്റ്റോറന്റുകൾ, ഹോം സ്റ്റേകൾ എന്നിവയിൽ നിരക്കുകൾ എഴുതി പ്രദർശിപ്പിക്കണമെന്ന് അതാത് യൂണിറ്റുകൾക്ക് ടി വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ പ്രസ്തുത വിഷയം സംബന്ധിച്ച് എല്ലാ ഡി.റ്റി.പി.സി.കൾക്കും വകുപ്പ് നിർദ്ദേശം നൽകുകയും അതനുസരിച്ച് അതാത് ജില്ലയിലെ ഡി.റ്റി.പി.സി.കൾ ബന്ധപ്പെട്ട യൂണിറ്റുകൾക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

## 2) **തീർത്ഥാടന ടൂറിസം സർക്യൂട്ട് എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്**

ശിപാർശ

എല്ലാ മതവിഭാഗങ്ങൾക്കും സന്ദർശനം നടത്താവുന്ന പള്ളികളും ക്ഷേത്രങ്ങളും ഉള്ള ഒരു പ്രദേശമാണ് എറണാകുളം ജില്ല. ജൂതന്മാരുടെ സിനഗോഗ്, ചേരമാൻ പള്ളി എന്നിവ ഏറെ പ്രാധാന്യമുള്ളവയാണെന്നും

ഇത്തരത്തിലുള്ള ആലയങ്ങൾ പ്രയോജനപ്പെടുത്തിയാൽ സാമുദായിക കൂട്ടായ്മയും മതസൗഹാർദ്ദവും വളർത്തുവാൻ സാധിക്കുമെന്നും സമിതി വിലയിരുത്തുന്നു. എറണാകുളം പോലുള്ള സ്ഥലങ്ങളിൽ വന്നെത്തുന്ന വിനോദസഞ്ചാരികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും എറണാകുളത്തെ ബ്രോഡ്‌വേയിലുള്ള കേരളത്തിലെ ഏറ്റവും വലിയ സിനഗോഗ് തീർത്ഥാടന ടൂറിസം സർക്യൂട്ടിന്റെ ഭാഗമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 7)

<u>സ്വീകരിച്ച നടപടി</u>

കേരളത്തിൽ നിരവധി പുരാതനമായ ക്ഷേത്രങ്ങളും ദേവാലയങ്ങളും മറ്റ് ആരാധന കേന്ദ്രങ്ങളും ഉണ്ട്. ഇവ കേരളത്തിന്റെ തനത് സാംസ്കാരവും പൈതൃകവും വിളിച്ചോതുന്നതാണ്. ഈ സ്ഥലങ്ങളിൽ ധാരാളം തീർത്ഥാടകർ ദിനംപ്രതി എത്തിച്ചേരുന്നു. ഈ തീർത്ഥാടന കേന്ദ്രങ്ങളിൽ ചിലത് വളരെ ഉയർന്ന പൈതൃക മൂല്യമുള്ളതും ലോക പ്രശസ്തവുമായവയാണ്. ലോക പ്രശസ്തമായ ശബരിമല ഉൾപ്പെടെയുള്ള തീർത്ഥാടന കേന്ദ്രങ്ങൾക്ക് വേണ്ടി ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളും മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. എന്നിരുന്നാലും തീർത്ഥാടന ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്ന കാഴ്ചപ്പാടോടുകൂടിയുള്ള ഒരു മാസ്റ്റർ പ്ലാനിന്റെ അഭാവം അനുഭവപ്പെടുന്നുണ്ട്. പ്രശസ്തങ്ങളായ തീർത്ഥാടന കേന്ദ്രങ്ങളിലേക്ക് നിരവധി തീർത്ഥാടകർ എത്തുന്നുണ്ടെങ്കിലും അവർക്ക് നൽകുന്ന സൗകര്യങ്ങൾ തീരെ പരിമിതമാണ്. നിലവാരമുള്ള താമസ സൗകര്യങ്ങളുടെയും ശൗചാലയങ്ങളുടെയും മാലിന്യ സംസ്കരണ സംവിധാനങ്ങളുടെയും പാർക്കിംഗ് സൗകര്യങ്ങളുടെയും ദിശാബോർഡുകളുടെയും ഇൻഫർമേഷൻ കൗണ്ടറുകളുടെയും അഭാവം തീർത്ഥാടകർക്ക് അസൗകര്യം ഉണ്ടാക്കുന്നുണ്ട്. ഈ സാഹചര്യം കണക്കിലെടുത്തുകൊണ്ട് തീർത്ഥാടന ടൂറിസം പശ്ചാത്തലത്തിൽ നിന്നുകൊണ്ട് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് ടൂറിസം വകുപ്പ് തീരുമാനിച്ചു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ചുവടെ ചേർത്തിരിക്കുന്ന 5 തീർത്ഥാടനകേന്ദ്രങ്ങളുടെ മാസ്റ്റർ പ്ലാനുകളാണ് തയ്യാറാക്കുന്നത്.

1. ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം, തിരുവനന്തപുരം

2. ശബരിമല

3. ഗുരുവായൂർ

4. ചേരമൻ ജുമാ മസ്ജിദ്

5. മലയാറ്റൂർ പള്ളി

ഈ തീർത്ഥാടന കേന്ദ്രങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി 2,90,00,000 രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ മാസ്റ്റർ പ്ലാനുകൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഇതിൽ ഉൾപ്പെട്ട പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പാക്കുന്നതാണ്. ഇതുകൂടാതെ 30 വർഷത്തെ ടൂറിസം സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് തയ്യാറാക്കിവരുന്ന മാസ്റ്റർപ്ലാനിൽ തീർത്ഥാടന ടൂറിസം സാധ്യതകൾ കൂടി പരിഗണിച്ചിട്ടുണ്ട്. ഇതിൽ ബ്രോഡ്-വേയിലുള്ള സിനഗോഗും ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശിപാർശ

വിവിധ മതസ്ഥരുടെ ചരിത്രപ്രാധാന്യമുള്ള പ്രമുഖ ആരാധനാലയങ്ങളെ ബന്ധപ്പെടുത്തി തയ്യാറാക്കിയ 'മൾട്ടി ഫെയ്ത്ത് ടൂർ' എന്ന ഒരു ദിവസം നീണ്ടു നിൽക്കുന്ന ടൂർ പാക്കേജിൽ കാലടിയിലെ ശങ്കരമഠം, കൊടുങ്ങല്ലൂരിലെ ചേരമാൻ മസ്ജിദ്, വല്ലാർപാടത്തെ ബസലിക്ക, മട്ടാഞ്ചേരിയിലെ ജൂതദേവാലയം എന്നിവയോടൊപ്പം മലയാറ്റൂർ പള്ളി കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

ഒരു ദിവസം നീണ്ടു നിൽക്കുന്ന മൾട്ടി ഫെയ്ത്ത് ടൂർ പാക്കേജിൽ കാലടിയിലെ ശങ്കര മഠം, കൊടുങ്ങല്ലൂരിലെ ചേരമാൻ മസ്ജിദ്, വല്ലാർപാടത്തെ ബസലിക്ക, മട്ടാഞ്ചേരിയിലെ ജൂതദേവാലയം എന്നിവയോടൊപ്പം മലയാറ്റൂർ പള്ളി കൂടി ഉൾപ്പെടുത്തി ടൂർ പാക്കേജ് നടപ്പിലാക്കുന്നതിനുവേണ്ടി കെ.റ്റി.ഡി.സി യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

കാസർഗോഡ് ജില്ലയിൽ ലിസ്റ്റിൽ നേരത്തെ ഉൾപ്പെടുന്നവയായ അനന്തപുരം ലേക്ക് ടെംപിൾ, മധുരക്ഷേത്രം, മാലിക് ദിനാർ മോസ്ക്,

മഹാലിംഗേശ്വര ക്ഷേത്രം എന്നിവയോടൊപ്പം ജില്ലയിലെ വ്യാകുലമാതാവ് ചർച്ച് കൂടി ഉൾപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം എറണാകുളത്തെ വല്ലാർപാടം തീർത്ഥാടനകേന്ദ്രം, മലപ്പുറത്തെ ക്രിസ്ത്യൻ പള്ളി, എരുമേലിയിലെ വാവരു പള്ളി എന്നിവയും കൂടി പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

കാസർഗോഡ് ജില്ലാ ടൂറിസം സർക്യൂട്ടിന്റെ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന ആരാധനാലയങ്ങളുടെ ലിസ്റ്റിൽ ജില്ലയിലെ വ്യാകുലമാതാവ് ചർച്ച്, എറണാകുളം ജില്ലാ ടൂറിസം സർക്യൂട്ടിന്റെ പട്ടികയിൽ വല്ലാർപാടം തീർത്ഥാടനകേന്ദ്രം, മലപ്പുറം ജില്ലാ ടൂറിസം സർക്യൂട്ടിന്റെ പട്ടികയിൽ മലപ്പുറത്തെ ക്രിസ്ത്യൻ പള്ളി, കോട്ടയം ജില്ലാ ടൂറിസം സർക്യൂട്ടിന്റെ പട്ടികയിൽ എരുമേലിയിലെ വാവരു പള്ളി എന്നിവ കൂടി ഉൾപ്പെടുത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുവാൻ അതാത് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

കണ്ണൂർ ജില്ലയിലെ 150-ഓളം വർഷം പഴക്കമുള്ള ബർണ്ണശ്ശേരി പള്ളിയും സെന്റ് ജൂഡ് ദേവാലയവും വയനാട് ജില്ലയിലെ വള്ളിക്കുന്നിലെ പള്ളികളും ഈ വിധത്തിൽ പ്രാധാന്യം ഒട്ടും കുറച്ചു കാണാൻ കഴിയാത്തവയായതിനാൽ ഈ ദേവാലയങ്ങളെയും ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

കണ്ണൂർ ജില്ലയിലെ ബർണ്ണശ്ശേരി പള്ളിയും, സെന്റ് ജൂഡ് ദേവാലയവും, വയനാട് ജില്ലയിലെ വള്ളിക്കുന്നിലെ പള്ളികളും ടൂറിസം സർക്യൂട്ടിന്റെ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന ആരാധനാലയങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഡി.റ്റി.പി.സികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

തൊട്ടുപുഴയ്ക്കടുത്തുള്ള മുതലക്കുളത്ത് സെന്റ് ഫ്രാൻസിസ് ദേവാലയത്തിന് മതേതരത്വ സ്വഭാവം ഉള്ളതാകയാൽ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 11)

സ്വീകരിച്ച നടപടി

തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിലുള്ള സെന്റ് ഫ്രാൻസിസ് സേവിയേഴ്സ് ചർച്ച്, തൊട്ടുപുഴയ്ക്കടുത്ത് മുതലക്കുളത്തുള്ള സെന്റ് ഫ്രാൻസിസ് ദേവാലയം എന്നിവ ടൂറിസം സർക്യൂട്ടിന്റെ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന ആരാധനാലയങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഡി.റ്റി.പി.സി കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

കോട്ടയം ജില്ലയിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളായ കടുത്തുരുത്തി തളിയൽ മഹാദേവ ക്ഷേത്രം, കടുത്തുരുത്തി താഴത്തുപള്ളി, കുറുപ്പംതുറ മള്ളിയൂർ ക്ഷേത്രം, വൈക്കം വെച്ചൂർ മുത്തിയമ്മ ചർച്ച് എന്നിവയും ഇപ്രകാരം ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. (ഖണ്ഡിക 12)

സ്വീകരിച്ച നടപടി

കോട്ടയം ജില്ലയിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളായ കടുത്തുരുത്തി തളിയൽ മഹാദേവ ക്ഷേത്രം, കടുത്തുരുത്തി താഴത്തുപള്ളി, കുറുപ്പംതുറ മള്ളിയൂർ ക്ഷേത്രം, വൈക്കം വെച്ചൂർ മുത്തിയമ്മ ചർച്ച് എന്നിവ ടൂറിസം സർക്യൂട്ടിന്റെ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന ആരാധനാലയങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ കോട്ടയം ഡി.റ്റി.പി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

പത്തനംതിട്ട ജില്ലയിലെ മഞ്ഞനക്കരപള്ളി വ്യത്യസ്ത മതവിഭാഗങ്ങളിൽപ്പെട്ടവർക്ക് സന്ദർശനം അനുവദിക്കുന്ന ഒന്നാകയാൽ, പ്രസ്തുത ജില്ലയിൽ വരുന്ന ആരാധനാലയങ്ങളുടെ ലിസ്റ്റിൽ ഈ ദേവാലയത്തെക്കൂടെ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 13)

സ്വീകരിച്ച നടപടി

പത്തനംതിട്ട ജില്ലയിലെ മഞ്ഞനക്കരപള്ളിയെ ടൂറിസം സർക്യൂട്ടിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആരാധനാലയങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുവാൻ പത്തനംതിട്ട ഡി.റ്റി.പി.സിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

സന്ദർശനത്തിനുള്ള പാക്കേജിൽ ആരാധനാലയങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതുമൂലം ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകളും വിരസതയും പരമാവധി ലഘൂകരിക്കുന്ന തരത്തിലാക്കി വേണം സ്ഥലങ്ങളും ആരാധനാലയങ്ങളും പാക്കേജിൽ ഉൾപ്പെടുത്തേണ്ടതെന്നും ഒരു ടൂറിസ്റ്റിന് ഒരു ദിവസം എത്ര ആരാധനാലയങ്ങൾ സന്ദർശിക്കാൻ സാധിക്കും എന്നും ഓരോ സ്ഥലത്തും ആരാധനാലയങ്ങളോടൊപ്പം സന്ദർശിക്കാവുന്ന മറ്റ് വിനോദസഞ്ചാര മേഖലകൾ ഏതെല്ലാം എന്നും സമഗ്രമായി പരിശോധിച്ചതിനുശേഷം മാത്രമെ ടൂർ പാക്കേജിന് അന്തിമരൂപം നൽകുവാൻ പാടുള്ളൂ എന്നും സമിതി നിഷ്കർഷിക്കുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്യപ്പെട്ട പ്രകാരം മാത്രമേ ടൂർ പാക്കേജുകളിൽ അന്തിമരൂപം നൽകാൻ പാടുള്ളൂവെന്ന് കെ.റ്റി.ഡി.സി.യ്ക്കും ബന്ധപ്പെട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## 3. **'ഉത്തരവാദിത്വ വിനോദസഞ്ചാരം' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ലഭ്യമാക്കിയ മറുപടി**

ശിപാർശ

ജനങ്ങളുടെ വലിയ പങ്കാളിത്തമുള്ള ഒരു ആശയമായതിനാൽ ഉത്തരവാദിത്ത ടൂറിസം എന്നതിലുപരി ജനകീയ ടൂറിസം എന്ന പേരാകും കൂടുതൽ ഉചിതം എന്നാണ് സമിതിയുടെ വിലയിരുത്തൽ. ടൂറിസ്റ്റ് കേന്ദ്രമായ കോവളത്തു വരുന്ന ടൂറിസ്റ്റുകളിൽ നിന്ന് പരോക്ഷമായി സംസ്ഥാനത്തിന് വരുമാനം ലഭിക്കുന്നുണ്ടെങ്കിലും അവിടെ പ്രദേശവാസികളുടെ പങ്കാളിത്തം തീരെ ഇല്ല

എന്നതാണ് അനുഭവത്തിൽ കാണുന്നത്. അതേ സമയം കുമരകത്തെ 22-ഓളം മേജർ ഹോട്ടലുകൾക്ക് ആവശ്യമായ സാധനങ്ങൾ നൽകുന്നത് അവിടുത്തെ ജനങ്ങളും അയൽക്കൂട്ടങ്ങളുമായതിനാൽ ടൂറിസത്തിന്റെ ഗുണം ജനങ്ങൾക്ക് കൂടി ലഭിക്കുന്നു.

(ഖണ്ഡിക 27)

<u>സ്വീകരിച്ച നടപടി</u>

ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ വിപുലീകരണ പരിപാടിയ്ക്ക് 'ദൈവത്തിന്റെ സ്വന്തം നാട് ജനങ്ങളുടെ സ്വന്തം ടൂറിസം' എന്ന പ്രചരണ പരിപാടി ആരംഭിച്ചു കഴിഞ്ഞു. ഈ പദ്ധതിയ്ക്ക് ജനകീയ ടൂറിസം എന്ന തലക്കെട്ടും നൽകാവുന്നതാണ്. കോവളത്തെ തദ്ദേശീയ ജനവിഭാഗത്തിന് കുമരകത്തേതിന് സമാനമായി ടൂറിസത്തിൽ നിന്ന് വരുമാനമുണ്ടാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ സജീവമായി നടപ്പാക്കി വരുന്നു.

<u>ശിപാർശ</u>

ഉത്തരവാദിത്വ വിനോദസഞ്ചാരം നടപ്പിലാക്കിയതുമൂലം കുമരകത്തുണ്ടായതു പോലുള്ള വിജയം കോവളത്ത് ആവർത്തിക്കാനാകുമോ എന്ന കാര്യം പരിശോധിക്കണമെന്നും കോവളത്ത് കുടുംബശ്രീയെയും അയൽക്കൂട്ടങ്ങളെയും ഹോട്ടലുകളുമായി ബന്ധപ്പെടുത്തിക്കൊണ്ടും കുടുംബശ്രീയുടെ ഉൽപ്പന്നങ്ങൾ ഹോട്ടലുകൾ വാങ്ങുന്നതുവഴി ടൂറിസത്തിന്റെ ഗുണം സാധാരണക്കാർക്കുകൂടി ലഭിക്കുന്നവിധത്തിൽ പദ്ധതി ആവിഷ്കരിക്കണമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൂടി ഈ യജ്ഞത്തിൽ ഭാഗമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശ അനുസരിച്ച് ഉത്തരവാദിത്വ ടൂറിസം നടപ്പാക്കുക വഴി കുമരകത്ത് ആർജ്ജിച്ച വിജയം കോവളത്ത് ആവർത്തിക്കുവാൻ കഴിയുമോ എന്നുള്ള പരിശോധന വിവിധ തലങ്ങളിൽ നടക്കുകയും വിവിധ പ്രവർത്തനങ്ങൾ നോഡൽ ഏജൻസിയായ കിറ്റ്സ് ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം കോവളത്തിന്റെ സമീപ പഞ്ചായത്തുകളായ വെങ്ങാനൂർ,

കോട്ടുകാൽ, തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം (കോവളം), നെട്ടമം വാർഡുകൾ എന്നിവിടങ്ങളിൽ കേന്ദ്രീകരിച്ച് വിവിധ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി പ്രസ്തുത പ്രദേശങ്ങളിൽ കർഷകർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ വിപുലമായ യോഗങ്ങൾ കിറ്റ്സും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് വിളിച്ചു ചേർത്തു. വിവിധ യൂണിറ്റുകളെ ഹോട്ടലുകളിലേയ്ക്കും റിസോർട്ടുകളിലേയ്ക്കും ബന്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കോവളത്തിനടുത്തുള്ള വെള്ളാർ വാർഡിൽ താഴെപ്പറയുന്ന യൂണിറ്റുകൾ ഉണ്ട്.

1. കരിക്ക് വിൽപ്പന യൂണിറ്റ്.
2. മെഴുകുതിരി നിർമ്മാണ യൂണിറ്റ്-നെട്ടമം
3. വൃന്ദാവൻ മിൽക്ക് യൂണിറ്റ്

കരിക്ക് വിൽപ്പന യൂണിറ്റ് Vivanta by Taj എന്ന ഹോട്ടലുമായും മെഴുകുതിരി നിർമ്മാണ യൂണിറ്റ് Spice Garden Restaurant, Leo Restaurant, Oyster Restaurant എന്നീ സ്ഥാപനങ്ങളുമായും വൃന്ദാവൻ മിൽക്ക് യൂണിറ്റ് The Leela Kovalam, Samudra KTDC എന്നീ ഹോട്ടലുകളുമായും ബന്ധപ്പെടുത്തിയിട്ടുണ്ട്.

വിഴിഞ്ഞം വാർഡിൽ നിന്നുള്ള യൂണിറ്റുകളുടെ ലിസ്റ്റ്:

1. ഹർസാന പപ്പടം യൂണിറ്റ്
2. മെഴുകുതിരി നിർമ്മാണ യൂണിറ്റ്, വിഴിഞ്ഞം.

മെഴുകുതിരി നിർമ്മാണ യൂണിറ്റ്, Swiss Cafe Restaurant, Palm Beach Restaurant എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി വിപണനം ആരംഭിച്ചിട്ടുണ്ട്.

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ താഴെപ്പറയുന്ന യൂണിറ്റുകൾ ഉണ്ട്.

1. വെങ്ങാനൂർ പച്ചക്കറി യൂണിറ്റ്,
2. തണൽ സീറോ വേസ്റ്റ് സെന്റർ
3. പയനീർ പേപ്പർ ബാഗ് യൂണിറ്റ്
4. കരകൗശല യൂണിറ്റ്

5. പട്ടുസാരി നിർമ്മാണ യൂണിറ്റ്.

6. വെങ്ങാനൂർ റീറീംഗ് സൊസൈറ്റി

പച്ചക്കറി യൂണിറ്റ് The Leela Kovalam, Vivanta by Taj, KTDC Samudra എന്നീ ഹോട്ടലുകളുമായി ബന്ധിപ്പിച്ചിട്ടുണ്ട്. തണൽ സീറോ വേസ്റ്റ് സെന്റർ The Leela Kovalam, Somatheeram എന്നീ ഹോട്ടലുകളുമായി ബന്ധിപ്പിച്ചിട്ടുണ്ട്. പയനീർ പേപ്പർ ബാഗ് യൂണിറ്റ് The Leela Kovalam, Vivanta by Taj എന്നീ ഹോട്ടലുകളുമായി ബന്ധിപ്പിച്ചിട്ടുണ്ട്. പട്ടുസാരി നിർമ്മാണ യൂണിറ്റും വെങ്ങാനൂർ റീറിംഗ് സൊസൈറ്റിയും വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജിന്റെ ഭാഗമായി ടൂറിസ്റ്റ് വരുമ്പോൾ അവരെ യൂണിറ്റുകൾ കാണിക്കുകയും വരുമാനം ലഭ്യമാക്കുകയും ചെയ്യുന്നു.

<u>കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ഉത്തരവാദിത്ത ടൂറിസം</u>

<u>യൂണിറ്റുകളുടെ വിവരങ്ങൾ</u>

1. പപ്പടം, വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റ്

2. പനയോല കൊണ്ടുള്ള കരകൗശല ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ്.

പപ്പടം, വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റുകളെ സോമതീരം ഹോട്ടലുകളുമായി ബന്ധിപ്പിക്കുകയും വിപണനം തുടങ്ങുകയും ചെയ്തു.

ഉത്തരവാദിത്ത ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് കോവളത്ത് ഇതിനകം 40,38,759/- രൂപയുടെ പ്രാദേശിക ഉൽപ്പന്നങ്ങളുടെ വിപണനവും ഗ്രാമീണ ടൂറിസം പാക്കേജുകൾ നടപ്പിലാക്കിയത് വഴി 58,100/- രൂപയും തദ്ദേശവാസികൾക്ക് ലഭിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

നമ്മുടെ സംസ്ഥാനത്ത് ഉത്തരവാദിത്വ ടൂറിസവ്യാപനത്തിന് വളരെ സാധ്യതയുള്ളതായ ഒട്ടനവധി സ്ഥലങ്ങളും പ്രദേശങ്ങളും ഉള്ളതായി സമിതി വിലയിരുത്തുന്നു. അതിരപ്പള്ളി അത്തരത്തിലുള്ള സ്ഥലമാണെന്നും സമീപ പ്രദേശമായ മലക്കപ്പാറയിൽ ടൂറിസ്റ്റുകൾക്കുള്ള സൗകര്യങ്ങൾ ഒരുക്കിയാൽ ടൂറിസത്തിന് വളരെ സാധ്യതയുള്ള സ്ഥലമാണെന്നും സമിതി വിലയിരുത്തുന്നു. എന്നാൽ ഇപ്പോൾ ഇവിടെ താമസത്തിനും ഭക്ഷണത്തിനും പരിമിതമായ സൗകര്യമാണുള്ളത്. സമീപപ്രദേശങ്ങളിൽ അധിവസിക്കുന്ന ആദിവാസികൾ

ഉൾപ്പെടെയുള്ളവരുടെ ഉന്നമനത്തിന് വഴിയൊരുക്കുമെന്നതിനാൽ ആതിരപ്പള്ളി പ്രദേശത്തെ ഉത്തരവാദിത്ത ടൂറിസ പദ്ധതിയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സ്വീകരിച്ച നടപടി</u>

ഉത്തരവാദിത്വ ടൂറിസം വിപുലീകരണ പദ്ധതിയുടെ ഭാഗമായി സമിതിയുടെ നിർദ്ദേശാനുസരണം ആതിരപ്പള്ളി ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>ശിപാർശ</u>

വിനോദസഞ്ചാര ഭൂപടത്തിൽ ഏറെ സാധ്യതകൾ കല്പിക്കപ്പെട്ടിട്ടുള്ള വയനാട് ജില്ലയിൽ ഈ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങളിൽ പുരോഗതിയുണ്ടെങ്കിലും ഉൽപ്പന്നങ്ങളുടെ സമാഹരണവും വിപണനവും സംബന്ധിച്ച് ഹോട്ടലുകളുമായി ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ലെന്നും ഹോട്ടലുകൾ ദൂരദേശങ്ങളിലായി വ്യാപിച്ചുകിടക്കുന്നതാണിതിന് കാരണമെന്നും സമിതി മനസ്സിലാക്കുന്നു. അതിനാൽ ആദിവാസികൾ നടത്തിവരുന്ന ചികിത്സകൾ, ഉറവ് പോലുള്ള പ്രോജക്ടുകൾ എന്നിവയെ ജില്ലാതലത്തിൽ കോ-ഓർഡിനേറ്റ് ചെയ്യണമെന്നും ഹോട്ടലുകളെ ആശ്രയിച്ച് മാത്രം പദ്ധതി നടപ്പാക്കാൻ ശ്രമിക്കാതെ ജില്ലയിലെ നൂൽപ്പുഴ പഞ്ചായത്തിലെ ചെട്ടിയാലത്തൂരിലെ ട്രൈബൽ വില്ലേജുകളെ ഉൾപ്പെടുത്തി രൂപീകരിച്ചതായ പുതിയ പാക്കേജിന്റെ കൂടി അടിസ്ഥാനത്തിൽ വയനാട് ജില്ലയിൽ ഈ പദ്ധതി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 30)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശയ്ക്കനുസൃതമായി വയനാട് ജില്ലയിലെ ആദിവാസിജനവിഭാഗങ്ങളുടെ തനത് ജീവിതരീതി, കൃഷി രീതികൾ, ആയോധനകലകൾ, കരകൗശല നിർമ്മാണം എന്നിവ പ്രമേയമാക്കിക്കൊണ്ട് ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെതായി ഗ്രാമീണ പാക്കേജുകൾ വികസിപ്പിച്ചിട്ടുണ്ട്. ഇതിൽ നിന്നുള്ള വരുമാനം പ്രസ്തുത കുടുംബങ്ങൾക്ക് നേരിട്ട് ലഭ്യമാക്കുകയാണ്. നെല്ലറച്ചാൽ, ചെട്ട്യാലത്തൂർ, ചെറുവയൽ എന്നിവിടങ്ങളിൽ

ഇത് ചെയ്ത് വരുന്നു. സുഗന്ധഗിരിയിൽ താമസിയാതെ ഇതേ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു കഴിഞ്ഞു. ആദിവാസി ചികിത്സാരീതികളും ഈ വിധത്തിൽ പ്രചരിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ താമസിയാതെ ആരംഭിക്കാവുന്നതാണ്.

ഉറവിനെ കോ-ഓർഡിനേറ്റ് ചെയ്തു കൊണ്ട് ഒട്ടേറെ പ്രവർത്തനങ്ങൾ ഇതിനോടകം നടന്നു കഴിഞ്ഞു. ഇതിന് പുറമെ മുളകൊണ്ടുള്ളതും ഇതര കരകൗശല വസ്തുക്കളും നിർമ്മിക്കുന്ന തദ്ദേശവാസികളേയും ആദിവാസി വിഭാഗങ്ങളെയും അവരുടെ ഉൽപ്പന്നങ്ങളെ ടൂറിസവുമായി ബന്ധിപ്പിച്ച് വിപണന സാധ്യതകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ പേരെ ഇതുമായി കൂട്ടിയിണക്കും വിധം കരകൗശലവിപണന കേന്ദ്രങ്ങളും സുവനീർ സുഗന്ധവ്യഞ്ജനവിപണനകേന്ദ്രങ്ങളും പദ്ധതിയുടെ ഭാഗമായി വയനാട്ടിലും കേരളത്തിലെ വിവിധ ഭാഗങ്ങളിലും ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അടിയന്തിരമായി ചെയ്യുന്നതാണ്. വയനാട്ടിൽ പുതുതായി പൊഴുതന പഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റുകളെ കൊണ്ട് ഏപ്രണുകൾ ഉണ്ടാക്കിയും, ജൂൺ ഉല്പാദിപ്പിച്ചും പ്രധാന റിസോർട്ടായ വൈത്തിരി റിസോർട്ടിലേയ്ക്ക് വിപണനം ആരംഭിച്ചിട്ടുണ്ട്. പൊഴുതന പഞ്ചായത്തിലെ ക്ഷീരകർഷകരെ ബന്ധപ്പെടുത്തികൊണ്ട് വൈത്തിരി റിസോർട്ട് തുടങ്ങി ഏതാനും റിസോർട്ടുകളിലേയ്ക്ക് പാൽ, തൈര്, നെയ്യ് എന്നിവയുടെ നേരിട്ടുള്ള വിപണനവും ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. പരമ്പരാഗത നെല്ലായ ഗന്ധകശാല കൃഷി ചെയ്യിപ്പിച്ച് അവ കബനിറൈസ് എന്ന പേരിൽ കർഷകരുടെ സംഘടനയായ WASP വഴി വിവിധ റിസോർട്ടുകൾ, ഹോട്ടലുകൾ, കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ വിപണനം ഒരുക്കുന്നതിനുള്ള ചർച്ചകൾ നടന്നു വരുന്നു.

<u>ശിപാർശ</u>

ഉത്തരവാദിത്വ ടൂറിസം പ്രോജക്റ്റിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ള പഞ്ചായത്തുകൾക്ക് പുറമെ എറണാകുളം ജില്ലയിലെ കുമ്പളങ്ങി, വയനാട്ടിലെ അമ്പലവയൽ, കാസർഗോഡ് ജില്ലയിലെ ബേക്കൽ എന്നീ പ്രദേശങ്ങളെക്കൂടി പുതുതായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത പ്രദേശങ്ങളുടെ

പ്രത്യേകതകൾക്കനുസൃതമായ രീതിയിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തി പദ്ധതി നടപ്പാക്കാൻ പരിശ്രമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

കനാളങ്ങി, അമ്പലവയൽ, ബേക്കൽ എന്നിവിടങ്ങളിൽ പ്രാദേശിക പ്രത്യേകതകൾക്കനുസൃതമായി ആവശ്യമായ ക്രമീകരണങ്ങൾ വരുത്തി പദ്ധതി നടപ്പാക്കാൻ പരിശ്രമിക്കണമെന്ന നിർദ്ദേശമനുസരിച്ച് അടിയന്തിരമായി വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്. മേൽപ്പറഞ്ഞ മൂന്ന് സ്ഥലങ്ങളിലും തദ്ദേശവാസികൾക്ക് ടൂറിസവുമായി ബന്ധപ്പെട്ട സൂക്ഷ്മ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള വിവിധ പരിശീലനങ്ങൾ നൽകിവരുന്നു.

ശിപാർശ

ഇടുക്കി ജില്ലയിലെ മൂന്നാർ, പ്ലാന്റേഷൻ ഏരിയ ആയതിനാൽ സ്ഥലലഭ്യതയുടെ അഭാവംമൂലം പച്ചക്കറിക്കൃഷി ചെയ്യുന്നതിന് സാധിക്കില്ലെന്നും ആയതിനാൽ പ്രസ്തുത പ്രദേശത്തെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുക-യാണെങ്കിൽ പാരിസ്ഥിതികമായ പല പ്രശ്നങ്ങളും തരണം ചെയ്യേണ്ടതുണ്ടെന്നും വിലയിരുത്തിയ സമിതി, മൂന്നാറിനെ ഉത്തരവാദിത്ത വിനോദസഞ്ചാര പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന്റെ സാദ്ധ്യതകൾ സംബന്ധിച്ച് സമഗ്രമായൊരു പുനരാലോചന നടത്തണമെന്ന് നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

മൂന്നാർ പ്ലാന്റേഷൻ ഏരിയ ആയതിനാൽ സ്ഥല ലഭ്യതയുടെ അഭാവം ഉണ്ടാകുമെന്ന സമിതിയുടെ കണ്ടെത്തലും പാരിസ്ഥിതികമായ പല പ്രശ്നങ്ങളും പദ്ധതി നിർവ്വഹണത്തിൽ തരണം ചെയ്യേണ്ടി വരുമെന്ന സമിതിയുടെ നിരീക്ഷണവും ഉൾക്കൊണ്ട് സമിതി ചൂണ്ടിക്കാണിച്ചതുപോലെ മൂന്നാറിൽ ഉത്തരവാദിത്ത ടൂറിസം വിനോദസഞ്ചാര പദ്ധതികൾ ഉൾപ്പെടുത്തുന്നതിന്റെ സാദ്ധ്യതകൾ സംബന്ധിച്ച് സമഗ്രമായ പുനരാലോചന നടത്തുന്നതാണ്. ഇതിനെ സംബന്ധിച്ച ഒരു റിപ്പോർട്ട് തയ്യാറാക്കുന്നതിന് സംസ്ഥാന

ഉത്തരവാദിത്ത ടൂറിസം സെല്ലിൽ നിന്നും ഒരുദ്യോഗസ്ഥനെ കിറ്റ്സ് നോഡൽ ഏജൻസി എന്ന നിലയിൽ ചുമതലപ്പെടുത്തുന്നതാണ്.

ശിപാർശ

ഉത്തരവാദിത്വ വിനോദസഞ്ചാരത്തിലൂടെ പ്രദേശവാസികൾക്ക് നേട്ടമുണ്ടാകുന്നതിനോടൊപ്പം തന്നെ ആലോചിക്കേണ്ട പ്രധാന വിഷയമാണ് വേസ്റ്റ് മാനേജ്മെന്റ്. കോവളത്തെ പരിസരവാസികൾക്ക് കുടിവെള്ള പദ്ധതിയ്ക്കായി ടൂറിസം വകുപ്പ് 14 കോടി രൂപ നൽകുകയും വേസ്റ്റ് മാനേജ്മെന്റിന്റെ ഭാഗമായി എല്ലാ വീടുകൾക്കും ബയോഗ്യാസ് പ്ലാന്റ് സൗജന്യമായി സ്ഥാപിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുകയുണ്ടായി. അതേ മാതൃകയിൽ ശരിയായ രീതിയിലുള്ള വേസ്റ്റ് മാനേജ്മെന്റ് ആസൂത്രണം ചെയ്ത് നടപ്പാക്കിയില്ലെങ്കിൽ മിക്ക ടൂറിസ്റ്റ് കേന്ദ്രങ്ങളും വൻ തകർച്ച നേരിടേണ്ടി വരുമെന്ന വസ്തുത പരിഗണിച്ച് ഈ പ്രോജക്ടിൽ വേസ്റ്റ് മാനേജ്മെന്റിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു കർമ്മ പദ്ധതി കൂടി ഉൾപ്പെടുത്തേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 33)

സ്വീകരിച്ച നടപടി

സമിതിയുടെ വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ അതീവ ഗൗരവമായി പരിഗണിച്ചുകൊണ്ട് കുമരകം കേന്ദ്രീകരിച്ച് വേസ്റ്റ് മാനേജ്മെന്റിനുള്ള ഒരു പദ്ധതി നിലവിൽ ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ നിർവ്വഹണാനുഭവത്തിന്റെ വെളിച്ചത്തിൽ ഇതര ഡെസ്റ്റിനേഷനുകളിലും സമിതി നിർദ്ദേശിച്ചതുപോലെ ഉത്തരവാദിത്ത ടൂറിസത്തിന്റെ മുഖ്യ അജണ്ടകളിലൊന്നായി വേസ്റ്റ് മാനേജ്മെന്റ് ഉൾക്കൊള്ളിക്കുകയും നിർവ്വഹണ ഏജൻസി (നോഡൽ ഏജൻസി) എന്ന നിലയിൽ കിറ്റ്സ് അതിനായി പദ്ധതികൾ തയ്യാറാക്കി ടൂറിസം വകുപ്പിന്റെ അനുമതിക്ക് വിധേയമായി നടപ്പാക്കുന്നതുമാണ്.

ശിപാർശ

വീടുകളിൽ നിന്നുള്ള വേസ്റ്റിന്റെ പ്രശ്നം പോലെതന്നെ ടൂറിസ്റ്റുകളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന നിസ്സഹകരണം പ്ലാസ്റ്റിക് മാലിന്യം

കുന്നുകൂടുന്നതിന് ഇടയാക്കുന്നു. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ പ്ലാസ്റ്റിക് ഫ്രീ സോൺ ആയി പ്രഖ്യാപിച്ചു കഴിഞ്ഞെങ്കിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ പൂർണ്ണമായി ഒഴിവാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. മാത്രമല്ല, വൻതോതിലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ടൂറിസം കേന്ദ്രത്തോടനുബന്ധിച്ചുള്ള പ്രദേശങ്ങളിലെ പുഴകളിലും തോടുകളിലും നിക്ഷേപിക്കപ്പെടുന്നതായും സമിതി മനസ്സിലാക്കുന്നു. ഈ ദുരവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ ജനകീയ ഇടപെടൽ ശക്തിപ്പെടുത്തി കൊണ്ടുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം വേസ്റ്റ് മാനേജ്മെന്റിന്റെ ഭാഗമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇല്ലാതാക്കുന്നതിനായി ആവശ്യമായ പ്ലാസ്റ്റിക് റീ-സൈക്ലിംഗ് മെഷീനുകൾ നിശ്ചിത സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

സമിതി ചൂണ്ടിക്കാണിച്ചതനുസരിച്ച് പ്ലാസ്റ്റിക് മാലിന്യം നിയന്ത്രിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള വിവിധ പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. തുടക്കമെന്ന നിലയിൽ കുമരകത്താണ് കിറ്റ്സിന്റെ നേതൃത്വത്തിൽ പഞ്ചായത്തിന്റെ സഹകരണത്തോടെ ഇത് നടപ്പാക്കുന്നത് ഇതിന്റെ വിജയപരാജയങ്ങളുടെ അടിസ്ഥാനത്തിൽ ഇതര ഡെസ്റ്റിനേഷനുകളിലും ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് സംസ്കരണത്തിനും നിയന്ത്രണത്തിനുമുള്ള പ്രവർത്തനങ്ങൾ കിറ്റ്സ് ആവിഷ്കരിച്ച് ടൂറിസം വകുപ്പിന് സമർപ്പിച്ച് അംഗീകാരത്തിന് വിധേയമായി വിവിധ ഡെസ്റ്റിനേഷനുകളിൽ നടപ്പാക്കുന്നതാണ്.

## 4 **'കാവുകളുടെ സംരക്ഷണം' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിന്മേൽ ലഭ്യമാക്കിയ മറുപടി**

**(വനംവന്യജീവി വകുപ്പ്)**

ശിപാർശ

കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ ധാരാളം ചെറിയ ചെറിയ കാവുകൾ സംരക്ഷിക്കപ്പെടാതെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നതായി ബോദ്ധ്യപ്പെട്ട സമിതി അപ്രകാരമുള്ള പ്രദേശങ്ങളിൽ നെല്ലി, മാവ്, പ്ലാവ്, ഇലഞ്ഞി തുടങ്ങിയ

മരങ്ങളുടെ തൈകൾ കൂടി നട്ടുപിടിപ്പിച്ച് അവയെ പൂർണ്ണ രൂപത്തിലുള്ള കാവാക്കി മാറ്റി സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

വനം വകുപ്പിന്റെ നിലവിലുള്ള കാവ് സംരക്ഷണ പദ്ധതിയിൽ കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലുള്ള നാശോന്മുഖമായ കാവുകളുടെ സംരക്ഷണത്തിന് മാത്രമായി തൈകൾ വച്ചുപിടിപ്പിച്ച് നൽകാവുന്നതിനുള്ള പദ്ധതി ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ കേരളത്തിലെ കാവുകളുടെ സംരക്ഷണത്തിനായിട്ടാണ് സംസ്ഥാന വനം വകുപ്പ് "കാവുകളുടെ സംരക്ഷണ പദ്ധതി" നടപ്പിലാക്കിയിട്ടുള്ളത്. ആയതിലേക്ക് സർക്കാർ ഉത്തരവ് ജി.ഒ. ആർ.റ്റി നമ്പർ 354/13/F&WLD തീയതി 12.9.2013 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കാവുടമകളിൽ നിന്നും വനം വകുപ്പിന്റെ ഓരോ ജില്ലയിലുമുള്ള സാമൂഹ്യ വനവത്ക്കരണത്തിന്റെ ഓഫീസിൽ നിന്ന് പത്രമാധ്യമങ്ങളിലൂടെ അപേക്ഷ ക്ഷണിക്കുകയും ലഭ്യമായ അപേക്ഷകൾ കാവു സംരക്ഷണ പദ്ധതിക്കുവേണ്ടി സർക്കാർ നിയോഗിച്ച വിദഗ്ധ കമ്മിറ്റി പരിശോധിച്ച് യോഗ്യമായ കാവുകൾ ഓരോ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത് ലഭ്യമായ ഫണ്ടിന്റെ പരിധിയിൽ നിന്നുകൊണ്ട് കാവുടമകൾ തയ്യാറാക്കി തരുന്ന മൈക്രോപ്ലാനിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് യോഗ്യമായ ഇനത്തിന് മരം വച്ചുപിടിപ്പിക്കുന്ന-തുൾപ്പെടെയുള്ളതിന് സാമ്പത്തിക സഹായം വിതരണം ചെയ്യുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ ശിപാർശ 14-ൽ പറഞ്ഞിരിയ്ക്കുന്ന പ്രകാരം സംരക്ഷിക്കപ്പെടാത്ത നാശോന്മുഖമായിക്കൊണ്ടിരിക്കുന്നതായ ചെറിയ കാവുകൾ ഉൾപ്പെടുന്നില്ല. അത്തരത്തിൽ ശ്രദ്ധയിൽപ്പെടുന്ന ഓരോ ജില്ലയിലെ കാവുകളും ശിപാർശയിൽ പറഞ്ഞിരിക്കുന്ന വൃക്ഷങ്ങൾ സഹിതമുള്ള തൈകൾ നട്ടുപിടിപ്പിച്ച് നല്ല ഒരു കാവാക്കി സംരക്ഷിക്കാൻ വനം വകുപ്പ് ഒരു പദ്ധതി ഉടൻ ആസൂത്രണം ചെയ്യുന്നതാണ്.

ശിപാർശ

അനധികൃതമായി കാവുകൾ കൈയ്യേറുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആയത് തടയുന്നതിന് ജൈവവേലികൾ നിർമ്മിച്ച് സ്വദേശത്തെ എൻ.ജി.ഒ. കളെയോ മറ്റ് ജനകീയ സമിതികളെയോ ചുമതലപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും പദ്ധതികൾ തയ്യാറാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

വനം വകുപ്പിന്റെ കാവ് സംരക്ഷണ പദ്ധതിയിൽ തെരഞ്ഞെടുത്ത കാവുകളിൽ കാവുടമകൾ തയ്യാറാക്കി തരുന്ന മൈക്രോ പ്ലാനിൽ ജൈവവേലി കെട്ടി കാവിനെ സംരക്ഷിക്കുന്നതിന് ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ മാത്രം വനം വകുപ്പ് പ്രസ്തുത ആവശ്യത്തിന് നിലവിലുള്ള മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകി വരുന്നു. എന്നാൽ കാവുകൾ എല്ലാം തന്നെ സ്വകാര്യ വ്യക്തികളുടെയും ട്രസ്റ്റിന്റെയും ദേവസ്വത്തിന്റെയും അധീനതയിലുള്ളതിനാൽ കാവുകൾ കൈയ്യേറുന്നത് ആയതിന്റെ ഉടമകൾ തന്നെ ശ്രദ്ധിക്കേണ്ടതും സംരക്ഷിക്കേണ്ടതുമാണ്.

ശിപാർശ

ഗ്രീൻ റോഡ് എന്ന സങ്കൽപ്പത്തിന്റെ ഭാഗമായി ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും ഇതിനായി സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനും അതിലൂടെ കാവുകളുടെ രൂപത്തിൽ പ്രകൃതി സംരക്ഷണം ഫലപ്രദമാക്കി നടപ്പാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള പദ്ധതികൾ സോഷ്യൽ ഫോറസ്ട്രി വകുപ്പ് പദ്ധതി ആവിഷ്കരിക്കണമെന്നും കൂടാതെ കാവുകളുടെ സംരക്ഷണം നല്ല രീതിയിൽ നടപ്പാക്കുന്നതിന് ജൈവവൈവിദ്ധ്യ ബോർഡിന്റെയും വനം വന്യജീവി വകുപ്പിന്റെയും സംയുക്തമായ പ്രവർത്തനം ഉറപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

വനം വകുപ്പിന്റെ സാമൂഹ്യവനവൽക്കരണ വിഭാഗം വഴിയരികിലെ വൃക്ഷവൽക്കരണത്തിന് വേപ്പ്, അശോകം, കണിക്കൊന്ന, മരുത്, നെല്ലി തുടങ്ങിയ ഗുണനിലവാരമുള്ള ഔഷധസസ്യങ്ങളുടെ വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. ഇവയുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് താൽപ്പര്യമുള്ള വ്യക്തികളെ കണ്ടെത്തി ട്രീ ഗാർഡ് സ്ഥാപിക്കുന്നതിനും വനം വകുപ്പ് നടപടി എടുത്തു വരുന്നുണ്ട്. ഇതിലേയ്ക്കായി സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനും ആയതിലൂടെ കാവ് സംരക്ഷണം ഫലപ്രദമാക്കി നടപ്പാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള പദ്ധതികൾ വനം വകുപ്പ് നടപ്പാക്കുന്നതാണ്. കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡുമായി കൂടിയാലോചിച്ച് കാവ് സംരക്ഷണം നല്ല രീതിയിൽ നടപ്പാക്കുന്നതിനാവശ്യമായ നടപടിയും സ്വീകരിക്കുന്നതാണ്.

ശിപാർശ

കാവു സംരക്ഷണത്തിന് പ്രധാനമായും വേണ്ടത് ഫെൻസിംഗാണെന്നും ദേശീയ പാതയുടെ വശങ്ങളിൽ പോക്കറ്റുപോലെ കാണപ്പെടുന്ന സ്ഥലങ്ങളിൽ പൊതുമരാമത്ത് വകുപ്പിന് നിലവിൽ പദ്ധതികൾ ഇല്ലാത്ത പ്രദേശങ്ങളിൽ ചെടികളും മരങ്ങളും വച്ചുപിടിപ്പിക്കുന്നതിനും അവ സംരക്ഷിക്കുന്നതിനുമുള്ള കർമ്മ പദ്ധതികൾക്ക് രൂപം നൽകണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

പാതയോരങ്ങളിലും സർക്കാർ സ്ഥാപനങ്ങളുടെ വളപ്പിലും അനുയോജ്യവും അനുവദനീയവുമായ പൊതുസ്ഥലങ്ങളിലുമൊക്കെ വൃക്ഷത്തൈകൾ നട്ടുവളർത്തി സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ വനം വകുപ്പ് സാമൂഹ്യവനവൽക്കരണ വിഭാഗം വഴി നടപ്പിലാക്കിവരുന്നുണ്ട്.

ശിപാർശ

വനം വകുപ്പിന്റെ കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി എന്ന ശീർഷകത്തിൽ കാവുകളുടെ സംരക്ഷണത്തിനായി വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ നിലവിലെ 30 ലക്ഷം രൂപ എന്നുള്ളത് ഒരു കോടി രൂപയാക്കി ഉയർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

ആയതിനുള്ള ശിപാർശ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായി വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

ശിപാർശ

സ്കൂൾ, കോളേജ് ക്യാമ്പസുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള "ശക്തിസ്ഥൽ" എന്ന പദ്ധതി വിജയിപ്പിക്കുന്നതിലേക്കായി 50 ലക്ഷം രൂപ ബയോഡൈവേഴ്സിറ്റി ബോർഡിന് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

ഇപ്പോൾ നിലവിലുള്ള കാവുകളുടെ ഭാഗമായും സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലും ഉള്ള 1200 ഓളം കാവുകൾ മാത്രമാണ് ശേഷിക്കുന്നത്. (സമിതി റിപ്പോർട്ട് പേജ് 2) ഇവയിൽ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടവ, വിശ്വാസത്തിന്റെ പേരിൽ സംരക്ഷിക്കപ്പെടുന്നുണ്ടെങ്കിലും സ്വകാര്യ ഉടമസ്ഥതയിലുള്ളവ ക്രമേണ നാശോന്മുഖമാകുന്ന സ്ഥിതിയാണുള്ളത്. ഇത്തരം കാവുകളെ സംരക്ഷിക്കുന്നതിന് ഇപ്പോൾ നൽകുന്ന ധനസഹായം പര്യാപ്തമല്ല. ഇത് വർദ്ധിപ്പിക്കുന്നതോടൊപ്പം കാവുകൾ നശീകരണോന്മുഖമാകാതിരിക്കാൻ നിയമത്തിന്റെ പരിരക്ഷയും ആവശ്യമാണ്. നിലവിലുള്ള കാവുകൾ നിലനിർത്തുന്നതോടൊപ്പം പരിസ്ഥിതി സംരക്ഷണത്തിന്റെ ഉദാത്ത മാതൃകയായ കാവുകൾ പുന:സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങളും നടത്തേണ്ടിയിരിക്കുന്നു. കേരള ജൈവവൈവിദ്ധ്യ ബോർഡിന്റെ 'ശാന്തിസ്ഥൽ' ഇത്തരത്തിലുള്ള സംരംഭമാണ്. നിലവിൽ സ്കൂൾ/കോളേജ് കാമ്പസുകൾ എന്നിവിടങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

റിപ്പോർട്ടിൽ ശിപാർശ ചെയ്തിരിക്കുന്ന പ്രകാരം ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ സ്ഥലങ്ങളിലേക്ക് ഇത് വ്യാപിപ്പിക്കുകയാണ് ലക്ഷ്യം. ഓരോ വില്ലേജിലും (ഒരു വില്ലേജിൽ കുറഞ്ഞത് 5 എണ്ണമെങ്കിലും) അപൂർവ്വ സസ്യജാലങ്ങളും വൃക്ഷങ്ങളും വച്ചുപിടിപ്പിച്ച് സംരക്ഷിക്കുന്ന ശാന്തിസ്ഥൽ കാവുകൾക്ക് സമാനമായ ആവാസവ്യവസ്ഥകൾ പ്രദാനം ചെയ്യുകയും ചെറുകിട ജീവജാലങ്ങൾക്ക് ആശ്രയകേന്ദ്രമായി വർത്തിക്കുകയും ചെയ്യും. ഇതിനൊരു പദ്ധതി രൂപീകരിക്കേണ്ടതുണ്ട്. ശാന്തിസ്ഥൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രദേശത്തെ ജനകീയ ജൈവവൈവിദ്ധ്യ പരിപാലന സമിതിയുടെയും ജില്ലാ കോ-ഓർഡിനേറ്റർ മാരുടെയും ആഭിമുഖ്യത്തിൽ ഇത് നടപ്പിൽ വരുത്തുവാനും മേൽനോട്ടം ഉറപ്പുവരുത്തുവാനും സാധിക്കും. നഗരവത്ക്കരണം അതിന്റെ പാരമ്യത്തിൽ നിൽക്കുന്ന കേരളത്തിൽ ശേഷിക്കുന്ന ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും വിപുലമാക്കുന്നതിനും ഒപ്പം ശുദ്ധമായ പ്രാണവായു ലഭ്യമാക്കുന്നതിനും ഈ സംരംഭം സഹായകരമായിരിക്കും.

ശിപാർശ

ഒരു കാലത്ത് തിരുവിതാംകൂറിന്റെ ഭരണസിരാകേന്ദ്രങ്ങളിൽ ഒന്നായിരുന്ന ആറ്റിങ്ങൽ കൊട്ടാരവളപ്പിനുള്ളിലെ കാവും വിശാലമായ പറമ്പും അനുബന്ധ വസ്തുക്കളും ശരിയായ സംരക്ഷണമില്ലാതെ നശിച്ചുപോകുന്നതായി വിലയിരുത്തിയ സമിതി പ്രസ്തുത പ്രദേശത്തെ കാവ് സംരക്ഷണത്തിനായി സമഗ്രമായ ഒരു രൂപരേഖ തയ്യാറാക്കി ആയത് സമയബന്ധിതമായി നടപ്പാക്കണമെന്ന് ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 20)

സ്വീകരിച്ച നടപടി

ആറ്റിങ്ങൽ കൊട്ടാരവളപ്പിനുള്ളിലുള്ള സ്ഥലത്തെ വിശാലമായ കാവും പറമ്പും അനുബന്ധവസ്തുക്കളും ശരിയായി സംരക്ഷിക്കുന്നതിന്റെ ഭാഗമായി വനം വകുപ്പിന്റെ തിരുവനന്തപുരം സാമൂഹ്യവനവൽക്കരണ വിഭാഗം പ്രസ്തുത സ്ഥലം പരിശോധിച്ച് വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആയതിനായി ഏകദേശം 5 ലക്ഷം രൂപ ആദ്യഘട്ടത്തിൽ ആവശ്യമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അത് പരിശോധിച്ച് എത്രയും വേഗം അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശിപാർശ

ജൈവവൈവിദ്ധ്യത്തിന്റെ കലവറ എന്ന നിലയിലും വംശനാശ ഭീഷണിയുള്ളതും അപൂർവ്വങ്ങളുമായ നിരവധി സസ്യജന്തുജാലങ്ങളുടെ സ്വാഭാവിക ആവാസ കേന്ദ്രം എന്ന നിലയിലും പ്രകൃതിയുടെ അടിത്തറ എന്ന നിലയിലുമൊക്കെ കാവുകൾക്കുള്ള പ്രാധാന്യം പ്രത്യേകം ഓർമ്മിപ്പിക്കേണ്ട-തില്ലായെന്ന് സമിതി ബലമായി വിശ്വസിക്കുന്നു. അത്തരത്തിൽ സാമൂഹികമായി ഏറെ പ്രാധാന്യമുള്ള ഇത്തരം കേന്ദ്രങ്ങളെ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകാത്തതരത്തിൽ തന്നെ സംരക്ഷിക്കാൻ കഴിയുന്നതാണ്. അതിനായുള്ള പ്രവർത്തനങ്ങളിൽ ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം എൻ.ജി.ഒ. കൾ സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ, മറ്റ് ബഹുജന സംഘടനകൾ, സ്വകാര്യ വ്യക്തികൾ എന്നിവരുടെ പങ്കാളിത്തം ഇക്കാര്യത്തിൽ ഉറപ്പാക്കുന്നതിനാവശ്യമായ പ്രചരണങ്ങൾ വനം വന്യജീവി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

കാവു സംരക്ഷണത്തിനായി ബന്ധപ്പെട്ട എല്ലാ ഏജൻസികളുടേയും, സർക്കാരേതര സംഘടനകളുടേയും രാഷ്ട്രീയ പാർട്ടികൾ, മറ്റ് ബഹുജന സംഘടനകൾ, സ്വകാര്യ വ്യക്തികൾ എന്നിവരുടേയും പങ്കാളിത്തം ഉറപ്പാക്കുന്നതിനാവശ്യമായ പ്രചരണങ്ങൾ, പ്രകൃതിപഠന ക്യാമ്പുകൾ, സെമിനാറുകൾ, ദിനാചരണങ്ങൾ തുടങ്ങിയവയുടെ ഭാഗമായി വനം വകുപ്പ് നടത്തി വരുന്നുണ്ട്. ഇത് തുടർന്നും വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നതാണ്.

## 5) 'വനത്തിനുള്ളിലും സമീപപ്രദേശങ്ങളിലും അധിവസിക്കുന്നവർ അഭിമുഖീകരിക്കുന്ന വൈഷമ്യങ്ങൾ' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിന്മേൽ ലഭ്യമാക്കിയ മറുപടി

വനാതിർത്തികളിലും വനപ്രദേശങ്ങളുടെ സമീപത്തും താമസിക്കുന്ന ജനങ്ങൾക്കും അവരുടെ കൃഷിക്കും ഉപദ്രവവും നാശനഷ്ടവും ഉണ്ടാക്കുന്ന

ഉപദ്രവകാരികളായ മൃഗങ്ങളുടെ പട്ടികയിൽ കാട്ടുപന്നി, കരടി, കുരങ്ങ്, മാൻ, മ്ലാവ് എന്നിവ കൂടി ഉൾപ്പെടുത്തണമെന്നും അവയിൽ നിന്നുള്ള ആക്രമണങ്ങളും അവ ഉണ്ടാക്കുന്ന നാശനഷ്ടങ്ങളും നഷ്ടപരിഹാരം അനുവദിക്കുന്ന കാര്യത്തിൽ പരിഗണിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

വന്യജീവി സംരക്ഷണ നിയമം 1972 പ്രകാരം 1 മുതൽ 4 വരെ ഷെഡ്യൂളിൽപ്പെട്ട വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷി നാശത്തിനും ജീവഹാനിയ്ക്കും പരിക്കിനും ജനങ്ങൾക്ക് ധനസഹായം നൽകാൻ 1980 ൽ നിലവിൽ വന്ന Kerala Rules for Compensation to victims to Attack by Wild Animals, 1980 എന്ന ചട്ടം വ്യവസ്ഥ ചെയ്യുന്നു. ആയതുപ്രകാരം ടി ശിപാർശയിന്മേൽ പരാമർശിച്ചിട്ടുള്ള കാട്ടുപന്നി, കരടി, കുരങ്ങ്, മ്ലാവ്, മാൻ എന്നിവ 1 മുതൽ 4 വരെയുള്ള ഷെഡ്യൂളുകളിൽ ഉൾപ്പെട്ട വന്യജീവികളാകയാൽ അവയിൽ നിന്നുള്ള ആക്രമണങ്ങൾക്കും നാശനഷ്ടങ്ങൾക്കും നിലവിൽ നഷ്ടപരിഹാരം നൽകി വരുന്നു.

ശിപാർശ

വന്യമൃഗങ്ങളുടെ ആക്രമണം പൊതുജനങ്ങൾക്ക് വളരെയധികം നഷ്ടങ്ങൾ ഉണ്ടാക്കുന്നുവെന്ന കാര്യത്തിലും ഇതിനെതിരെ പ്രതിരോധ നടപടികൾ ശക്തിപ്പെടുത്തേണ്ടതാണെന്ന കാര്യത്തിലും ആർക്കെങ്കിലും അഭിപ്രായ വ്യത്യാസം ഉണ്ടാകുന്നുവെന്ന് സമിതി കരുതുന്നില്ല. അതുപോലെ വന്യമൃഗങ്ങളുടെ ആക്രമണത്തിന്റെ ഫലമായി വർഷാവർഷം നിരവധി ആളുകൾ കൊല്ലപ്പെടുന്ന സാഹചര്യത്തിൽ വന്യജീവി ആക്രമണങ്ങളെ പ്രതിരോധിക്കുന്നതിനായി കിടങ്ങുകൾ കുഴിക്കുക, സംരക്ഷണഭിത്തി കെട്ടുക, വൈദ്യുതി കമ്പിവേലി, കയ്യാല, ജൈവവേലി എന്നിവ നിർമ്മിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ വനം വന്യജീവി വകുപ്പിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ് എന്ന് സമിതി വിലയിരുത്തുന്നു. അതോടൊപ്പം ഈ ഇനത്തിൽ ആവർത്തിച്ചുവരുന്ന ഭാരിച്ചുവരുന്ന ചെലവുകൾ വഹിക്കുന്നതിലേക്ക് പര്യാപ്തമായ ബഡ്ജറ്റ് വിഹിതം ഉണ്ടാകുന്നില്ലെന്നും അനുവദിച്ച തുക തന്നെ ലഭിക്കുന്നില്ല എന്നുമുള്ള വസ്തുത ഖേദകരവും ഒഴിവാക്കപ്പെടേണ്ടതുമാണെന്നും സമിതി വിലയിരുത്തുന്നു.

ആയതിനാൽ ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

ധനകാര്യ (ബഡ്ജറ്റ് വിംഗ്-എ) വകുപ്പ്

മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച ചെലവിലേയ്ക്ക് റവന്യൂ കണക്കിനത്തിൻ കീഴിലാണ് വിഹിതം വകയിരുത്തി വരുന്നത്. 2011-12 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ കണക്കുകൾ പ്രകാരം അനുവദിച്ച ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതായി കാണുന്നില്ല. നടപ്പു വർഷവും ഈ ആവശ്യത്തിന് റവന്യൂ ശീർഷകത്തിൽ ഉൾപ്പെടുത്തിയ 4 കോടി വിഹിതത്തിനു പുറമേ 4406-01-800-85 എന്ന മൂലധന ശീർഷകത്തിൽ 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. അതനുസരിച്ച് ബഡ്ജറ്റ് വിഹിതത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഗണ്യമായ വർദ്ധനവ് വരുത്തിയിരിക്കുന്നു. 2013-14, 2014-15 വർഷങ്ങളിൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ ഉപധനാഭ്യർത്ഥന വഴിയും ഈയിനത്തിലെ ചെലവിനായി അധിക വിഹിതം വകയിരുത്തിയിരുന്നു. നടപ്പ് വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ വനാതിർത്തിയിൽ താമസിക്കുന്ന മനുഷ്യർക്ക് വന്യമൃഗങ്ങളുടെ ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി 100 കോടി രൂപ നീക്കി വച്ചിരിക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഓരോ വർഷവും ബഡ്ജറ്റ് വിഹിതത്തിൽ വർദ്ധനവ് വരുത്തുന്നത് വിഷയനിർണ്ണയ സമിതിയുടെ ശിപാർശ കൂടി പരിഗണിച്ചും വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുമാണ്.

സ്വീകരിച്ച നടപടി

വനം-വന്യജീവി (സി)വകുപ്പ്

2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബജറ്റിൽ മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിനായി 4 കോടി രൂപ 2406-01-800-56-മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ എന്ന ബഡ്ജറ്റ് ഹെഡിൽ വകയിരുത്തി.

എന്നാൽ ബഹു: ധനകാര്യമന്ത്രി ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ ഇത് 50 കോടി രൂപയായി ഉയർത്തുമെന്ന് പ്രസ്താവിച്ചിരുന്നു. ആയതിൽ 10 കോടി രൂപ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി ഇതിനകം ലഭിച്ചിട്ടുണ്ട്. ബാക്കി തുക അനുവദിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 259 കോടി രൂപ ചെലവാക്കി മതിലുകൾ, കിടങ്ങുകൾ, സൗരോർജ്ജ കമ്പിവേലികൾ എന്നിവ നിർമ്മിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതി സമർപ്പിച്ച് ലഭ്യമായ തുക ഉപയോഗിച്ച് പദ്ധതി പ്രവൃത്തി ഏറ്റെടുത്ത് നടത്തി വരുന്നു.

## ശിപാർശ

വന്യജീവി ആക്രമണം തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള ടാസ്ക് ഫോഴ്സിനായി നടപ്പു സാമ്പത്തികവർഷം 259 കോടി രൂപയുള്ള പ്രൊപ്പോസൽ നൽകിയതിൽ 14 കോടി രൂപയ്ക്ക് മാത്രമാണ് അനുമതി നൽകിയിട്ടുള്ളത് എന്നാണ് സമിതി മുമ്പാകെ ഉന്നയിക്കപ്പെട്ടത്. ഈ സ്ഥിതിവിശേഷം പൂർണ്ണമായി ഒഴിവാക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു. വന്യജീവി ആക്രമണം തടയുന്നതിനുള്ള നടപടികൾക്കായി വേണ്ടിവരുന്ന മുഴുവൻ തുകയും അപ്രകാരം അനുവദിക്കപ്പെടേണ്ടതാണെന്നും ഇത് ഉറപ്പുവരുത്തുവാൻ ഒരു വകുപ്പുതല മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

## സ്വീകരിച്ച നടപടി

വന്യജീവി ആക്രമണം തടയുന്നതിനായുള്ള പദ്ധതിയ്ക്കായി 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലേക്ക് 259.81 കോടി രൂപയുടെ പ്രൊപ്പോസലാണ് (കൃഷി രക്ഷാ പദ്ധതി) സമർപ്പിച്ചിരുന്നത്. ഇതിൽ 2014-15 സാമ്പത്തിക വർഷത്തിൽ 14 കോടി രൂപ അനുവദിച്ചിരുന്നു. 2015-16 വർഷത്തിൽ നാളിതുവരെ 4 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ബാക്കി തുക ലഭിക്കുന്നതിലേക്ക് നടപടികൾ സ്വീകരിച്ചിരുന്നു. പത്താമത്തെ വിഷയനിർണ്ണയ സമിതി, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് അഞ്ചാമത്തെ റിപ്പോർട്ടിൽ ഖണ്ഡിക 9-ൽ ബാക്കി 242 കോടി രൂപ അധികമായി അനുവദിക്കുന്നതിനുള്ള ശിപാർശ ചെയ്തിട്ടുണ്ട്. പത്ത് കോടി രൂപയുടെ അധിക

ധനാഭ്യർത്ഥനയ്ക്കായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. മാസം തോറും നടത്തി വരുന്ന പദ്ധതി പുരോഗതി അവലോകന യോഗങ്ങളിൽ പ്രസ്തുത വിഷയം അവലോകനം ചെയ്തുവരുന്നു.

## ശിപാർശ

എറണാകുളം ജില്ലയിലെ വടാട്ടുപാറ, കുട്ടമ്പുഴ, കോട്ടപ്പടി, നേര്യമംഗലം എന്നിവിടങ്ങളിലും തൃശ്ശൂർ ജില്ലയിലെ കിഴക്കൻ പ്രദേശങ്ങളിലും ആനശല്യം ഒഴിവാക്കുന്നതിനായി നിലവിൽ ഒരുക്കിയിരിക്കുന്ന വേലി ക്രമീകരണങ്ങൾ ഫലപ്രദമല്ലായെന്ന് തെളിയിക്കപ്പെട്ട സാഹചര്യത്തിൽ കാര്യക്ഷമമായ ബദൽ സംവിധാനം അനിവാര്യമാണെന്ന് സമിതി കരുതുന്നു. ഈ സാഹചര്യത്തിൽ വയനാട്, കണ്ണൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലേയും തൃശ്ശൂർ, എറണാകുളം ജില്ലകളുടെ കിഴക്കൻ പ്രദേശങ്ങളിലേയും ആനശല്യമുള്ള പ്രദേശങ്ങളിൽ ശക്തമായ ഫെൻസിംഗ് സംവിധാനവും ഘട്ടംഘട്ടമായി മതിൽ നിർമ്മാണവും ഏർപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ അപ്രകാരം പണി പൂർത്തീകരിക്കുന്ന സുരക്ഷാ സംവിധാനങ്ങൾക്ക് കാലാകാലങ്ങളിൽ ആവശ്യമായി വരുന്ന അറ്റകുറ്റപ്പണികൾ യഥാസമയം ഏറ്റെടുത്ത് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ കൂടി ഉറപ്പാക്കണമെന്നും അതിനായി വി.എസ്.എസ് ന്റെ (വനസംരക്ഷണ സമിതി) സേവനം ഉപയോഗപ്പെടുത്തണമെന്നും മേൽ സൂചിപ്പിക്കപ്പെട്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്ന ബഡ്ജറ്റ് വിഹിതം അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. (ഖണ്ഡിക 15)

## സ്വീകരിച്ച നടപടി

ജി.ഒ. (എം.എസ്) നമ്പർ 73/2014/വനം തീയതി 28.8.2014 എന്ന സർക്കാർ ഉത്തരവിലൂടെ കൃഷിരക്ഷാ പദ്ധതിയ്ക്കായി 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലേയ്ക്കായി 259.81 കോടി രൂപ അംഗീകരിച്ചിട്ടുള്ളതാണ്. ആന പ്രതിരോധ മതിൽ, റെയിൽഫെൻസ്, ബയോഫെൻസ്, സൗരോർജ്ജവേലി എന്നിവ നിർമ്മിക്കുന്നതിനുവേണ്ടിയാണ് കൃഷിരക്ഷാ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മൊത്തം 259.81 കോടി രൂപയിൽ 2014-15 ൽ 14 കോടി രൂപയും,

2015-16 ൽ നാളിതുവരെ 4 കോടി രൂപയും ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി ഈ സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ അനുവദിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. ഇപ്രകാരം പണി പൂർത്തിയാക്കുന്ന സുരക്ഷാ സംവിധാനങ്ങൾക്ക് ആവശ്യമായ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതും ഇതിനായി വനസംരക്ഷണ സമിതികളുടെ സേവനം ഉപയോഗപ്പെടുത്തി വരുന്നതുമാണ്.

ശക്തമായ ഫെൻസിംഗ് സംവിധാനവും ഘട്ടംഘട്ടമായി മതിൽ നിർമ്മാണവും ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി RIDF-XX സ്കീമിൽ കേരളത്തിലെ പ്രശ്നബാധിത മേഖലകളിൽ ആന പ്രതിരോധ മതിൽ നിർമ്മിക്കുന്നതിനായി ജി.ഒ (ആർ.റ്റി) നമ്പർ 106/2015/വനം., തീയതി 16.3.2015 എന്ന സർക്കാർ ഉത്തരവിലൂടെ അംഗീകാരം ലഭിച്ച 20.4 കോടി രൂപ രൂക്ഷമായ പ്രശ്നങ്ങൾ നേരിടുന്ന കണ്ണൂർ, കാസർഗോഡ് ജില്ലകളിലേക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രശ്നബാധിതമായ ജില്ലകളിൽ (കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, ഇടുക്കി, പത്തനംതിട്ട) മതിൽ നിർമ്മാണം, സൗരോർജ്ജവേലി, ട്രെഞ്ചുകൾ എന്നിവയുടെ നിർമ്മാണത്തിനായി 5 കോടി രൂപയുടെ അധിക കേന്ദ്ര സഹായപദ്ധതി (ACA) ജി.ഒ.(എം.എസ്) നമ്പർ 30/15/വനം., തീയതി 14.5.2015 എന്ന സർക്കാർ ഉത്തരവിലൂടെ അംഗീകാരം ആയിട്ടുള്ളതാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇത് നടപ്പിലാക്കുന്നതാണ്.

<u>ശിപാർശ</u>

വന്യജീവികളുടെ ആക്രമണം മൂലം ജീവനും സ്വത്തിനും നഷ്ടം സംഭവിക്കുന്നതിന്റെ പേരിൽ നിലവിൽ നൽകിവരുന്ന നഷ്ടപരിഹാരതുകകൾ തീരെ അപര്യാപ്തമായതിനാൽ മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാര തുകയുടെ ഉയർന്ന പരിധിയായ നിലവിലെ 3 ലക്ഷം രൂപ എന്നത് 5 ലക്ഷം രൂപയായും സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് നിലവിൽ നൽകുന്ന എഴുപത്തി അയ്യായിരം രൂപ എന്നത് ഒരു ലക്ഷം രൂപയായും മറ്റു നാശനഷ്ടങ്ങൾക്കായുള്ള തുക ആനുപാതികമായും വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

വന്യജീവി ആക്രമണം മൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാര തുക 3 ലക്ഷത്തിൽ നിന്നും 5 ലക്ഷമായി ഉയർത്തണമെന്ന വിഷയനിർണ്ണയ സമിതി-X 2014 സെപ്റ്റംബർ 23-ാം തീയതിയിലെ ശിപാർശ, 17.11.2014-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 96/2014/വനം പ്രകാരം ഇതിനോടകം അംഗീകരിച്ചിട്ടുണ്ട്. കൂടാതെ വിഷയനിർണ്ണയ സമിതി X-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മൂന്നാമത് റിപ്പോർട്ടിന്റെ 15-ാം ഖണ്ഡികയിലെ ശിപാർശ പ്രകാരം വന്യജീവി ആക്രമണം മൂലം വീട്, കൃഷി, കന്നുകാലികൾ എന്നിവയുടെ നഷ്ടത്തിനും പരിക്കുപറ്റുന്നവർക്കുമുള്ള നഷ്ടപരിഹാര തുക 75,000/- രൂപയിൽ നിന്നും 1,00,000/- രൂപയാക്കുന്ന വിഷയം സർക്കാർ പരിഗണിക്കുന്നതാണ്.

<u>ശിപാർശ</u>

വനത്തിനുള്ളിൽ നിന്ന് ആളുകളെ സുരക്ഷിത പ്രദേശങ്ങളിലേക്ക് മാറ്റി പാർപ്പിക്കുന്നതിന്റെ ഭാഗമായി വയനാട് ജില്ലയിൽ നിന്ന് 110 കുടുംബങ്ങളെ ഇതിനകം മാറ്റി പാർപ്പിച്ചിട്ടുണ്ടെന്നും ഇതിനായി 17.8 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും സഹായമായി ലഭിച്ചിട്ടുള്ളതിൽ 6 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്നും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഈ ഇനത്തിൽ ശേഷിക്കുന്ന തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശം സമിതിക്ക് ലഭ്യമാക്കണമെന്നും ഈ ഇനത്തിൽ കൂടുതൽ തുക കേന്ദ്ര സഹായമായി ലഭിക്കുവാനുള്ള സാധ്യത ആരായണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

വയനാട് വന്യജീവി സങ്കേതത്തിനുള്ളിലെ 14 സെറ്റിൽമെന്റുകളിലെ 800 കുടുംബങ്ങളെയാണ് ആദ്യഘട്ടത്തിൽ മാറ്റിപ്പാർപ്പിക്കുവാനായി പദ്ധതിയിട്ടിട്ടുള്ളത്. ഇതിനായി 80 കോടി രൂപയാണ് ആവശ്യമായി വരുന്നത്.

| ക്രമ നമ്പർ | സെറ്റിൽമെന്റിന്റെ പേര് | റെയിഞ്ച് | അർഹരായ കുടുംബങ്ങളുടെ എണ്ണം | ആവശ്യമായ തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | കുറിച്ചിയാട്ട് | കുറിച്ചിയാട്ട് | 75 | 750 |
| 2 | ഗോളൂർ | കുറിച്ചിയാട്ട് | 34 | 340 |
| 3 | അമ്മവയൽ | കുറിച്ചിയാട്ട് | 21 | 210 |
| 4 | അരകഞ്ചി | സുൽത്താൻ ബത്തേരി | 25 | 250 |
| 5 | കൊട്ടങ്കര | സുൽത്താൻ ബത്തേരി | 98 | 980 |
| 6 | വെള്ളക്കോട് | സുൽത്താൻ ബത്തേരി | 12 | 120 |
| 7 | പൂത്തൂർ | സുൽത്താൻ ബത്തേരി | 53 | 530 |
| 8 | മണിമുണ്ട | സുൽത്താൻ ബത്തേരി | 116 | 1160 |
| 9 | പാമ്പൻകൊല്ലി | സുൽത്താൻ ബത്തേരി | 63 | 630 |
| 10 | പാങ്കളം | മുത്തങ്ങ | 22 | 220 |
| 11 | കോളോട്ട് | മുത്തങ്ങ | 15 | 150 |
| 12 | ചെട്ട്യാലത്തൂർ | മുത്തങ്ങ | 231 | 2310 |
| 13 | നരിമുക്കൊല്ലി | തോൽപ്പെട്ടി | 26 | 260 |
| 14 | ഈശ്വരക്കൊല്ലി | തോൽപ്പെട്ടി | 9 | 90 |
| | ആകെ | | 800 | 8000 |

മേൽപ്പറഞ്ഞ സെറ്റിൽമെന്റുകളിൽ ഗോളൂർ, അമ്മവയൽ, കൊറ്റങ്കര, കുറിച്ചിയാട് എന്നിവയ്ക്കായി കേന്ദ്ര സർക്കാർ 17.8 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക (കോടിയിൽ) | സെറ്റിൽമെന്റ് |
|---|---|---|
| 2011-12 | 5.50 | ഗോളൂർ &അമ്മവയൽ |
| 2012-13 | 7.84 | കൊട്ടങ്കര |
| 2014-15 | 4.46 | കുറിച്ചിയാട് |

ഇതിനായി ലഭിച്ച 17.8 കോടി രൂപയും വയനാട് ജില്ലാ കളക്ടറുടെ അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുള്ളതാണ്. നാളിതുവരെ 15.8 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സെറ്റിൽ മെന്റി ന്റെ പേര് | റെയിഞ്ച് | പുനരധിവസി പ്പിച്ചവരുടെ എണ്ണം | നൽകിയ തുക (കോടി) | റിമാർക്ക് |
|---|---|---|---|---|---|
| 1 | ഗോളൂർ | | 29 | 2.90 | പൂർത്തിയായി |
| 2 | അമ്മവയൽ | കുറിച്യാട് | 20 | 2.00 | പൂർത്തിയായി |
| 3 | കൊറ്റങ്കര | | 65 | 6.50 | പുരോഗമിക്കുന്നു |
| 4 | അരക്കഞ്ചി | സുൽത്താൻ ബത്തേരി | 4 | 0.36 | പുനരധിവസിപ്പിച്ചു. (അനന്തരാവകാശി സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതിനാൽ ശ്രീ.ഭാസ്കരന് 4 ലക്ഷം രൂപ നൽകുവാനുണ്ട്. |
| 5 | വെള്ളക്കോട് | | 2 | 0.20 | പുനരധിവസിപ്പിച്ചു. |
| 6 | കുറിച്യാട് | | 64 | 3.84 | കുറിച്യാട് സെറ്റിൽ മെന്റിലെ അർഹത പ്പെട്ട 93 കുടുംബങ്ങളിൽ 64 കുടുംബങ്ങൾക്ക് ആദ്യഘട്ടമായി 6 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ബാക്കിയുള്ള 27 പട്ടികവർഗ്ഗ കുടുംബങ്ങൾ പുനരധിവാസത്തിന് വിസമ്മതം പ്രകടിപ്പിച്ചപ്പോൾ പുനരധിവാസത്തിനായി അപേക്ഷ നൽകിയിട്ടുള്ള 2 കുടുംബങ്ങളുടെ അപേക്ഷകൾ ജില്ലാ തല കമ്മിറ്റിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| ആകെ | | | 184 | 15.80 | |

ശിപാർശ

സുരക്ഷാ ക്രമീകരണങ്ങളുടേയും പുനരധിവാസത്തിന്റെയും ഭാഗമായി എറണാകുളം ജില്ലയിലെ വാരിക്കടിയിൽ നിന്ന് ഉരുളംതണ്ണിയിലേക്ക് പുനരധിവസിപ്പിക്കുവാൻ തീരുമാനിക്കപ്പെട്ട 218 കുടുംബങ്ങളിൽ 62 കുടുംബങ്ങളെ ഉരുളംതണ്ണിയിൽ പുനരധിവസിപ്പിക്കുകയുണ്ടായെങ്കിലും അവിടെ അവർക്ക് യാതൊരുവിധ അടിസ്ഥാന സൗകര്യവും ലഭിക്കാതിരിക്കുന്നതിനാൽ അവർ പൂർണ്ണ അസംതൃപ്തരാണെന്നും അതുമൂലം മാറ്റിപ്പാർപ്പിക്കേണ്ടതായ ജനങ്ങളിൽ ശേഷിക്കുന്നവർ ഇവിടേക്കുവരാൻ താല്പര്യമെടുക്കുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. ഈ സ്ഥിതി വിശേഷം ഗുണത്തേക്കാളേറെ ദോഷങ്ങൾ വരുത്തിവെയ്ക്കുമെന്നതിനാൽ പുനരധിവാസം നടപ്പാക്കുന്നതിനു മുമ്പുതന്നെ അപ്രകാരം പുനരധിവസിപ്പിക്കുന്നവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന കാര്യത്തിൽ കൂടി ബന്ധപ്പെട്ടവർ ശ്രദ്ധ ചെലുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം നിലവിൽ ഉരുളംതണ്ണിയിലേക്ക് പുനരധിവസിപ്പിക്കപ്പെട്ട 62 കുടുംബങ്ങൾക്ക് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സമയബന്ധിതമായി ഒരുക്കിക്കൊടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

കുട്ടമ്പുഴ റെയിഞ്ചിന്റെ കീഴിലുള്ള വാരിയം, ഉറിയംപെട്ടി മേഖലകളിലെ ആദിവാസികളെ ഉരുളൻതണ്ണിയിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് വനഭൂമി അനുവദിക്കുന്നതിനായി ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട് 1980 അനുസരിച്ച് അനുമതി ലഭിക്കുന്നതിനായി അപേക്ഷ മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ 12-02-2013 ലെ LC1-8277/2006 കത്ത് പ്രകാരം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പുനരധിവാസം വിജയകരമായി പൂർത്തിയാക്കുന്നതിനായി പദ്ധതി തയ്യാറാക്കി വർക്കിംഗ് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ പ്രദേശത്ത് ആവശ്യമായ സോളാർ സിസ്റ്റം, കുടിവെള്ള പദ്ധതി, വൈദ്യുതീകരണം എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട്

പ്രകാരം അനുമതി ലഭ്യമാകുന്ന മുറസ്സ് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി ടി പുനരധിവാസം പൂർത്തീകരിക്കുന്നതാണ്.

<u>ശിപാർശ</u>

വനപ്രദേശത്തിനകത്തും സമീപ പ്രദേശങ്ങളിലും താമസിക്കുന്നവരെ സുരക്ഷിതമായി പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പരമപ്രാധാന്യം നൽകി ഒരുക്കുന്ന അടിസ്ഥാന സൗകര്യങ്ങളായ വീട്, വൈദ്യുതി, കുടിവെള്ളം എന്നിവയോടൊപ്പം തുല്യപ്രാധാന്യം നൽകി ഒരുക്കേണ്ട ഒന്നാണ് ഗതാഗതസൗകര്യം എന്ന് സമിതി കരുതുന്നു. അപ്രകാരമുള്ള പുനരധിവാസ കേന്ദ്രങ്ങളിലേക്ക് ഏറ്റവും ചുരുങ്ങിയത് 3 മീറ്റർ എങ്കിലും വീതിയുള്ള റോഡുകൾ കൂടി നിർമ്മിക്കുവാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 19)

<u>സ്വീകരിച്ച നടപടി</u>

വനപ്രദേശത്തിനകത്തും സമീപ പ്രദേശങ്ങളിലും താമസിക്കുന്നവരെ സുരക്ഷിതമായി പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അപ്രകാരമുള്ള പുനരധിവാസ കേന്ദ്രങ്ങളിലേക്ക് ആ പ്രദേശത്തെ പ്രത്യേകതകൾ കൂടി കണക്കിലെടുത്ത് മൂന്ന് മീറ്റർ എങ്കിലും വീതിയുള്ള റോഡുകൾ കൂടി നിർമ്മിക്കുവാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതാണ്.

<u>ശിപാർശ</u>

കർഷകർ ഇന്ന് നേരിടുന്ന മറ്റൊരു പ്രധാന ഭീഷണിയാണ് കാട്ടുപന്നികളിൽ നിന്നുള്ള ആക്രമണം കൂട്ടത്തോടെ വരുന്ന കാട്ടുപന്നികൾ വരുത്തുന്ന കൃഷിനാശവും ജീവനുനേരെയുള്ള ഭീഷണിയും നിമിത്തം കർഷകർ പൊതുവേ ഭീതിയിലും നിരാശയിലുമാണ് ജീവിക്കുന്നത്. വന്യജീവി സംരക്ഷണ നിയമത്തിലെ കർശനമായ വ്യവസ്ഥകൾ നിമിത്തം ഇത്തരം മൃഗങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുവാൻ കർഷകർക്ക് കഴിയാറുമില്ല. ഈ സാഹചര്യത്തിൽ, കൃഷിയിടങ്ങൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ തുരത്തുവാനും ആവശ്യമെന്ന് കണ്ടാൽ വെടിവയ്ക്കാനുമുള്ള അനുവാദം കർഷകർക്ക് ലഭിക്കത്തക്കവിധം ആവശ്യമായ ഭേദഗതികൾ ബന്ധപ്പെട്ട നിയമങ്ങളിൽ വരുത്തുന്ന കാര്യം ഗൗരവപൂർവ്വം പര്യാലോചിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളിൽ ഗണ്യമായ പങ്ക വഹിക്കുന്ന കാട്ടുപന്നികളെ സ്വന്തം കൃഷിയിടത്തിൽ വച്ച് ലൈസൻസ് ഉള്ള തോക്ക് ഉപയോഗിച്ച് വെടിവച്ചോ അല്ലാതെയോ വേട്ടയാടുന്നതിന് കർഷകർക്ക് 17.11.2014 ലെ സ.ഉ(എം.എസ്)നം.95/2014/വനം പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി അനുവാദം നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

വനപ്രദേശങ്ങളിൽ നിന്നും പലപല കാരണങ്ങളാൽ നാട്ടിലേക്ക് ഇറങ്ങിയതിനുശേഷം വീണ്ടും വനത്തിലേക്ക് മടങ്ങാൻ താല്പര്യപ്പെടാത്ത വന്യമൃഗങ്ങളേയും നാട്ടിൽ ഉടമസ്ഥരില്ലാതെ അലഞ്ഞു നടക്കുകയും പൊതുജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുകയും ചെയ്യുന്ന നായ്ക്കൾ ഉൾപ്പെടെയുള്ള നാട്ടുമൃഗങ്ങളേയും പൊതുവായ ഒരു സ്ഥലത്ത് പാർപ്പിക്കുവാൻ അവസരം ഒരുക്കുകയാണെങ്കിൽ അത് ഒരു മഹത്തായ സംരംഭമായിത്തീരുമെന്ന് സമിതി കരുതുന്നു. ആകയാൽ, നാട്ടിൽ അലഞ്ഞു നടക്കുന്നതും പൊതുജീവിതത്തിന് ഭീഷണി ഉയർത്തുന്നതുമായ വന്യജീവികളേയും നാട്ടുമൃഗങ്ങളേയും പാർപ്പിക്കുന്നതിലേക്കായി സംസ്ഥാനത്ത് പരീക്ഷണാടിസ്ഥാനത്തിൽ വനപ്രദേശത്തോട് ചേർന്ന് പ്രത്യേകം ക്രമീകരിക്കപ്പെട്ട അനിമൽ റെസ്ക്യൂ ഷെൽട്ടർ ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സ്വീകരിച്ച നടപടി</u>

കേരളത്തിലെ വനമേഖലകളിൽ നിന്നും പുറത്തിറങ്ങി മനുഷ്യ വന്യമൃഗ സംഘർഷം സൃഷ്ടിക്കുന്ന വന്യമൃഗങ്ങളേയും അസുഖം ബാധിച്ചവയേയും കൂട്ടം തെറ്റിയവയേയുമൊക്കെ വനം വകുപ്പിലെ ഫോറസ്റ്റ്/അസി.ഫോറസ്റ്റ് വെറ്റിനറി ഓഫീസർമാരുടെ നേതൃത്വത്തിൽ മതിയായ ചികിത്സ നൽകി പുനരധിവസിപ്പിച്ചു വരുന്നു. ഇത്തരത്തിലുള്ള ആനകളെ പുനരധിവസിപ്പിക്കാനായി നിലവിൽ കോട്ടൂർ, കോന്നി, കോടനാട്, വയനാട് എന്നീ സ്ഥലങ്ങളിൽ കേന്ദ്രങ്ങളുണ്ട്. ഓരോ വനം ഡിവിഷനിലേയും നിലവിലുള്ള സൗകര്യങ്ങൾ പരമാവധി ഇത്തരം മൃഗങ്ങളുടെ പുനരധിവാസത്തിനായി പ്രയോജനപ്പെടുത്താറുണ്ട്. ആവശ്യമായ ഫണ്ടുകൾ

അനുവദിക്കുന്ന പക്ഷം ഇത്തരം സൗകര്യങ്ങൾ തെരഞ്ഞെടുത്ത വനം ഡിവിഷനുകളിൽ ഏർപ്പെടുത്താവുന്നതാണ്.

<u>ശിപാർശ</u>

വനത്തിനുള്ളിലും വനപ്രദേശത്തോടു ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലും അധിവസിച്ച് ജീവിതം മുന്നോട്ടുകൊണ്ടുപോകുന്ന സാധാരണ ജനങ്ങൾ പൊതുവായി നേരിടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചും അത്തരം ബുദ്ധിമുട്ടുകൾ പരമാവധി ലഘൂകരിക്കുന്നതിനും കഷ്ടത അനുഭവിക്കുന്നവർക്ക് സഹായം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ചുമുള്ള ഏതാനും ശിപാർശകളും നിർദ്ദേശങ്ങളുമാണ് സമിതി ഈ റിപ്പോർട്ടിലൂടെ മുന്നോട്ട് വച്ചിരിക്കുന്നത്. പൊതുജനങ്ങൾ, വനസംരക്ഷണ സമിതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്വാശ്രയ ഗ്രൂപ്പുകൾ, മറ്റ് സർക്കാരിതര സ്ഥാപനങ്ങൾ, ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ എന്നിവയുടെ സംയുക്തമായ പ്രവർത്തനങ്ങൾ കൊണ്ട് ഇത്തരം കർമ്മപരിപാടികൾ കൂടുതൽ കാര്യക്ഷമമായും പൊതുജനോപകാരപ്രദമായും നടപ്പാക്കാൻ കഴിയുമെന്നും സമിതി വിശ്വസിക്കുന്നു. ആയതിലേക്കായി വനം വന്യജീവി വകുപ്പ് അടിയന്തരമായി ഒരു മാർഗ്ഗരേഖ തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 22)

<u>സ്വീകരിച്ച നടപടി</u>

ഈ ഖണ്ഡികയിൽ സമിതി ശിപാർശ ചെയ്യുന്നത് വനത്തിനുള്ളിലും, വനപ്രദേശത്തോടുചേർന്നും കിടക്കുന്ന പ്രദേശങ്ങളിലും അധിവസിച്ച ജീവിതം മുന്നോട്ടുകൊണ്ടുപോകുന്ന സാധാരണ ജനങ്ങൾ പൊതുവായി നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും പൊതുജനങ്ങൾ, വനസംരക്ഷണ സമിതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ എന്നിവയുടെ സംയുക്തമായ പ്രവർത്തനങ്ങൾക്ക് ഒരു മാർഗ്ഗരേഖ വനം വന്യജീവി വകുപ്പ് അടിയന്തരമായി തയ്യാറാക്കണമെന്നാണ്.

ഈ വിഷയത്തിൽ സർക്കാർ ഉത്തരവുകളും, സർക്കുലറുകളും വനം വകുപ്പ് ഇതിനോടകം പുറപ്പെടുവിച്ചിട്ടുണ്ട്.

1.സർക്കാർ ഉത്തരവ് (ആർ.റ്റി)നം.273/2011/F&WLD തീയതി 22.06.2011

2.ഉത്തരവ് നം.ഡബ്ല്യൂ എൽ4-5052/2011 തീയതി 22.08.2011

3.സർക്കാർ ഉത്തരവ് (എം.എസ്)നം.07/2012/F&WLD തീയതി 15.02.2012

ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും, വകുപ്പു തലവന്റെ ഉത്തരവും നടപ്പാക്കി വരുന്നുണ്ട്. ഈ മാർഗ്ഗ നിർദ്ദശങ്ങൾ കുറ്റമറ്റ രീതിയിൽ നടപ്പാക്കുവാൻ വീണ്ടും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഭാഗം IV

## സമിതിയുടെ വിവിധ യോഗനിർദ്ദേശങ്ങളിന്മേൽ ലഭ്യമാക്കിയിട്ടുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ

### 1) 24-1-2012- ലെ സമിതി യോഗനിർദ്ദേശങ്ങളിന്മേൽ ലഭ്യമാക്കിയ മറുപടി

ശിപാർശ

ഗുരുവായൂർ ക്ഷേത്രത്തിലെ ആനഷെൽട്ടർ നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ അനുവദിച്ച 5 കോടി രൂപ ചെലവഴിച്ചത് സംബന്ധിച്ച്.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

ഗുരുവായൂർ ക്ഷേത്രത്തിലെ ആന ഷെൽട്ടർ നിർമ്മാണവുമായി ബന്ധപ്പെട്ട് പുന്നത്തൂർ കോട്ടയിലെ ആനത്താവളം വികസനത്തിന് വേണ്ടി കേന്ദ്ര വിഹിതമായി 349.50 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 40.50 ലക്ഷം രൂപയുമാണ് അനുവദിച്ചത്. പ്രസ്തുത പദ്ധതി സർക്കാർ ഏജൻസിയായ കിറ്റ്കോ മുഖേന ടൂറിസം വകുപ്പ് നടപ്പിലാക്കി ഗുരുവായൂർ ദേവസ്വത്തിന് 23-11-2010-ന് കൈമാറിയിട്ടുണ്ട്.

ശിപാർശ

ശബരിമല തീർത്ഥാടകരുടെ വിശ്രമ കേന്ദ്രത്തിനുള്ള പ്രോജക്ടിന്റെ നടപടി ഏതു ഘട്ടത്തിലാണെന്നത് സംബന്ധിച്ച്.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

ശബരിമല തീർത്ഥാടകർക്ക് വേണ്ടി ശബരിമലയിൽ വിശ്രമ കേന്ദ്രം പണിയുന്നത് സംബന്ധിച്ച് നടപടികൾ ടൂറിസം വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. എന്നാൽ ഇടത്താവളങ്ങളിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു.

| Sl. No. | Name of the Project | AS amount | Components |
|---|---|---|---|
| 1 | Development of Adichenalloor chira in Kollam District | ₹4400000 | Parking Area, Paved Area, Padithurai, Rain Shelter, Seating Soft Landscaping etc. |
| 2 | Construction of Pilgrim Shelter at manimalakkavu Temple in Manimala Grama Panchayath | ₹5000000 | Construction of Toilets, Flooring etc. |
| 3 | Take a break project-Kottarakkara | ₹4600000 | Construction of Cafeteria cum Toilet block, landscaping etc. |
| 4 | Take a break project-Mallurpadi junction (Piravom Grama Panchayath) | ₹4600000 | Construction of Cafeteria cum Toilet block, landscaping etc. |

<u>ശിപാർശ</u>

വർക്കലയിലെ ടൂറിസം സാധ്യതകൾ ഇല്ലാതായതിനെ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച്

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

വർക്കലയിലെ ടൂറിസം സാധ്യതകൾ അന്താരാഷ്ട്ര രംഗത്ത് വരെ അറിയപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് പര്യാപ്തമായ വിവിധ പദ്ധതികൾ ബഹു.മുഖ്യമന്ത്രി ചെയർമാനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചുവടെ ചേർത്തിരിക്കുന്നു.

| Sl. No. | Name of the Project | AS amount | Status |
|---|---|---|---|
| 1 | Amrutham Gamaya -Project for Garbage Management in Varkala Municipality | ₹5300000 | In progress |
| 2 | Construction of Balimandapam at Varkala | ₹14300000 | Completed |

| | | | |
|---|---|---|---|
| 3 | Development of Tourism at Arivalam Beach | ₹10000000 | In progress |
| 4 | Electrification of Papanasam, Thiruvambady Beach Road, Varkala. | ₹2668000 | Completed |

## 2) 16-04-2013- ലെ യോഗശിപാർശയിന്മേൽ ലഭ്യമാക്കിയ മറുപടി

ശിപാർശ

കഞ്ചിപ്പാറ ബദൽ സ്കൂളിലെ ഏക അദ്ധ്യാപികയെ ആന ചവിട്ടിക്കൊന്ന സംഭവത്തോടനുബന്ധിച്ച് ടിയാളുടെ മകന് ആശ്രിത നിയമനം നൽകാൻ നടപടി സ്വീകരിക്കണം. (ഖണ്ഡിക 1)

സ്വീകരിച്ച നടപടി

കഞ്ചിപ്പാറ ബദൽ സ്കൂളിലെ (MGLC) ഏകാദ്ധ്യാപക (എഡ്യൂക്കേഷണൽ വോളണ്ടിയർ) ആയിരുന്ന ശ്രീമതി ലിസി ജോസഫിനെ ആന ചവിട്ടിക്കൊന്ന സംഭവത്തോടനുബന്ധിച്ച് "Out of Turn Priority" വ്യവസ്ഥയിൽ പരേതയുടെ മകൻ ശ്രീ.കെ.ബി.ബെബിന് പൊതുവിദ്യാഭ്യാസ വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്ക് ആയി നിയമനം നൽകാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി 04.12.2015 തീയതിയിലെ സ.ഉ.(എം.എസ്)നം.297/2015/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്.

## 3) 11-3-2014 ലെ യോഗശിപാർശയിന്മേൽ ലഭ്യമാക്കിയ മറുപടി

ശിപാർശ

തുണ്ടം ഫോറസ്റ്റ് ഓഫീസിന് കെട്ടിട നിർമ്മാണത്തിന് ആവശ്യമായ തുക അനുവദിക്കുക, മലയാറ്റൂർ, മൂന്നാർ, ദേവികുളം, ചാലക്കുടി, വാഴച്ചാൽ, കോതമംഗലം എന്നീ സ്ഥലങ്ങളിലെ വനങ്ങൾക്കുള്ളിൽ ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടക്കുന്നതെന്നും, പ്രവൃത്തികൾ നടത്തുന്നതിനുള്ള മാനദണ്ഡം എന്താണെന്നും, ആരെയാണ് നിർമ്മാണ പ്രവൃത്തികൾ ഏൽപ്പിക്കുന്നത് തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുക, കൂടാതെ ഓരോ ഫോറസ്റ്റ് ഡിവിഷനുകളിലുമുള്ള വർക്കുകൾ ഏൽപ്പിക്കുന്നതിനുമുമ്പ് എം.എൽ.എ-മാരെ

പങ്കെടുപ്പിച്ചുകൊണ്ട് ഡിവിഷൻ തലത്തിലുള്ള ചർച്ചകൾ നടത്തിയതിനുശേഷം മാത്രമേ ഓരോ വർഷത്തേയും പ്രോജക്ട് പ്രൊപ്പോസലുകൾ സമർപ്പിക്കാവൂ എന്ന സമിതിയുടെ നിർദ്ദേശത്തിന്മേൽ മറുപടി ലഭ്യമാക്കുക.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

തുണ്ടത്തിൽ റെയിഞ്ചിലെ പുതിയ റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം 2010-11 സാമ്പത്തിക വർഷം 2406-01-800-61-IFM എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 18 ലക്ഷം രൂപയ്ക്ക് അടങ്കൽ അനുവദിക്കുകയുണ്ടായി. ഈ പ്രവൃത്തി ഉടമ്പടി കരാർ നമ്പർ 25/2010 തീയതി 10-2-2011 പ്രകാരം ശ്രീ.ജേക്കബ്.എം.യു., മഠത്തിക്കാവായിൽ, കക്കാട്, പിറവം എന്നയാൾ ഉടമ്പടി വച്ചിട്ടുള്ളതാണ്. ഈ ഉടമ്പടി പ്രകാരമുള്ള സമയ കാലാവധി 31-3-2011 വരെയായിരുന്നു. ഈ കാലാവധിക്കുള്ളിൽ ടി പ്രവൃത്തി പൂർത്തീകരിക്കുവാൻ ടിയാന് സാധിച്ചിട്ടില്ലാത്തതിനാൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ശിപാർശ പ്രകാരം സമയ കാലാവധി 1-4-2011 മുതൽ 31- 8-2011 വരെയും 31-8-2011 മുതൽ 31-3-2012 വരെയും ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നാൽ ടി കാലാവധി അവസാനിച്ചിട്ടും ടി പ്രവൃത്തി പൂർത്തീകരിക്കുവാൻ ടിയാന് സാധിച്ചിട്ടില്ലാത്തതിനാൽ കരാറുകാരുമായുള്ള ഉടമ്പടി റദ്ദ് ചെയ്തുകൊണ്ട് 19-7-2012 ലെ ഡി-8936/2014 നമ്പർ പ്രകാരം മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഉത്തരവായിട്ടുള്ളതാണ്. ടി പ്രവൃത്തിയുടെ ജോലികൾക്ക് കരാറുകാരന് യഥാർത്ഥത്തിൽ ആകെ നൽകിയിട്ടുള്ളത് റിക്കവറി ഉൾപ്പെടെ 8,06,963 രൂപയാണ്. 2012-13 ൽ അംഗീകരിച്ച ബിൽ പ്രകാരം ബാക്കി 2,30,735 രൂപ ടിയാന് നൽകുവാനുണ്ട്. നിശ്ചിത സമയ പരിധിക്കുള്ളിൽ ചെയ്യാത്തതുകൊണ്ട് എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം ടിയാന് ടി തുക നൽകുവാൻ കഴിയാത്തതുകൊണ്ട് ടി തുക നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി സർക്കാരിലേക്ക് കണ്ടുകെട്ടുവാൻ നടപടി സ്വീകരിക്കാവുന്നതും, കൂടാതെ തുടർന്നുള്ള അവശേഷിക്കുന്ന പ്രവൃത്തികൾക്ക് (അതായത് ഉടമ്പടി റദ്ദ് ചെയ്തതിനു ശേഷമുള്ള ജോലികൾ) 6.08 ലക്ഷം രൂപയുടെ കൺവീനർ ബിൽ തുണ്ടത്തിൽ റെയിഞ്ച് ഓഫീസർ മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്.

ടി പ്രവൃത്തി 30-3-2013-ന് മുമ്പായി പൂർത്തീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത തുക കൺട്രാക്ടർക്ക് നൽകുന്നതിനായി 2014-15 വർഷം 4406-01-070-97 ബിൽഡിംഗ് എന്ന ശീർഷകത്തിൽ 75 ലക്ഷം രൂപ മലയാറ്റൂർ ഡിവിഷനിലേക്ക് അനുവദിച്ചിട്ടുണ്ട്. ഈ ഫണ്ടിൽ നിന്നും ടി തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഓരോ ഡിവിഷനിലും നടക്കുന്ന നിർമ്മാണ പ്രവർത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

1.മലയാറ്റൂർ - വനസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ജണ്ടകൾ, ചെക്ക് ഡാമുകൾ, കയ്യാലകൾ, ഔട്ട് പോസ്റ്റുകൾ, ഫോറസ്റ്റ് സ്റ്റേഷൻ, കെട്ടിടങ്ങൾ, കിടങ്ങുകൾ, സൗരോർജ്ജ കമ്പിവേലികൾ, ജീവനക്കാർക്കുള്ള ഓഫീസ് മന്ദിരങ്ങൾ, ക്വാർട്ടേഴ്സുകൾ കൂടാതെ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ എന്നീ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

2.മൂന്നാർ -
3.ദേവികുളം } മൂന്നാർ ഡിവിഷന്റെ കീഴിലുള്ള സ്ഥലമാണ് ദേവികുളം. ചെക്ക് ഡാം, ജണ്ട, കയ്യാലകൾ, ഗള്ളി പ്ലഗ്ഗിംഗ് തുടങ്ങിയ വനജലമണ്ണ് സംരക്ഷണ നിർമ്മാണങ്ങളും ഓഫീസ് കെട്ടിടങ്ങൾ, ഫ്രണ്ട് ലൈൻ ഓഫീസ്, ജീവനക്കാർക്ക് താമസത്തിനായുള്ള കെട്ടിടങ്ങൾ തുടങ്ങിയ നിർമ്മാണ പ്രവൃത്തികളും നടന്നുവരുന്നു. കൂടാതെ ദേവികുളത്ത് 2014-15 സാമ്പത്തിക വർഷത്തിൽ 90 ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്. ജീവനക്കാർക്ക് താമസത്തിനായുള്ള 2 കെട്ടിടങ്ങളുടെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.

4. ചാലക്കുടി - പാലപ്പിള്ളി റെയിഞ്ച് ഓഫീസ് നിർമ്മാണം, പിള്ളത്തോട് ചെക്ക് ഡാം നിർമ്മാണം, കനകമല കുരിശുമുടി, കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ സ്ഥാപിക്കൽ തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ നടത്തി വരുന്നു.

5. വാഴച്ചാൽ - ചെക്ക് ഡാം, മണ്ണ് മല സംരക്ഷണ ജോലികൾ, സൗരോർജ്ജ വേലി, ചപ്പാത്ത്, ആദിവാസി ക്ഷേമ പ്രവർത്തനങ്ങൾ, കൂപ്പ് റോഡ് നിർമ്മാണം, വാച്ച് ടവർ ഓഫീസ് ക്വാർട്ടേഴ്സ് തുടങ്ങിയവയുടെ നിർമ്മാണം എന്നീ പ്രവൃത്തികൾ പുരോഗമിക്കുന്നു.

6. കോതമംഗലം - കെട്ടിടങ്ങൾ, റോഡുകൾ, ഷെഡുകൾ, ചെക്ക് ഡാമുകൾ മുതലായവയുടെ നിർമ്മാണം നടത്തി വരുന്നു.

ടി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് ഫോറസ്റ്റ് കോഡ്, സർക്കാർ ഉത്തരവുകൾ, ദശവർഷ വർക്കിംഗ് പ്ലാൻ, ആനുവൽ പ്ലാൻ ഓഫ് ഓപ്പറേഷൻ, ഫോറസ്റ്റ് ഷെഡ്യൂൾ ഓഫ് റേറ്റ്സ്, പി.ഡബ്ല്യൂ.ഡി ഷെഡ്യൂൾ ഓഫ് റേറ്റ്സ് എന്നിവ ആധാരമാക്കിയാണ്.

കൂടാതെ, ഓരോ ഫോറസ്റ്റ് ഡിവിഷനുകളിലുള്ള വർക്കുകൾ ഏൽപ്പിക്കുന്നതിനു മുമ്പ് അതാത് എം.എൽ.എ-മാരെ പങ്കെടുപ്പിച്ചുകൊണ്ട് ഡിവിഷൻ തലത്തിലുള്ള ചർച്ചകൾ നടത്തിയതിനുശേഷം മാത്രമെ ഓരോ വർഷത്തേയും പ്രോജക്ട് പ്രൊപ്പോസലുകൾ സമർപ്പിക്കാവൂ എന്ന സമിതിയുടെ നിർദ്ദേശം പാലിക്കുവാൻ ബന്ധപ്പെട്ട അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഫോറസ്റ്റ് കൺസർവേറ്റർ, ഡിവിഷണൽ ഫോറസ്റ്റ് കൺസർവേറ്റർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്ന വിവരവും ബോധിപ്പിച്ചു കൊള്ളുന്നു.

## ഭാഗം V

## സമിതി പരിഗണിച്ച ചട്ടങ്ങളെ സംബന്ധിച്ച വിശദാംശം

I. കരട് ചട്ടങ്ങളുടെ പരിശോധന

2. 13.7.2015-ലെ സമിതിയോഗം കേരള ബയോളജിക്കൽ ഡൈവേഴ്സിറ്റി (ഭേദഗതി)റൂൾസ് 2015 ഭേദഗതി കൂടാതെ അംഗീകരിച്ചു.

3. 2.3.2016-ലെ സമിതിയോഗം 'ദി കേരള ഫോറസ്റ്റ് പ്രൊഡ്യൂസ് ട്രാൻസിസ്റ്റ് (അമെന്റ്മെന്റ്) റൂൾസ് 2015' എന്ന കരട് ചട്ടത്തിന്റെ ശീർഷകത്തിൽ '2015'എന്ന അക്കങ്ങൾക്കു പകരം '2016' എന്നു ചേർക്കണമെന്ന ഭേദഗതിയോടെ അംഗീകരിച്ചു.

1. 20.5.2015-ലെ സമിതിയോഗം 'The Kerala Forest (Regulation of sawmills and other wood-based Industrial Units) Amendment Rules, 2015' എന്ന കരടുചട്ടം വിശദമായി പരിശോധിക്കുകയും കരട് ചട്ടം ഒരിക്കൽക്കൂടി നിയമവകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന നിർദ്ദേശത്തോടെ അംഗീകരിക്കുകയും ചെയ്തു

## II. സമിതി സാധൂകരിച്ച ചട്ടങ്ങൾ

സമിതിയുടെ മുൻകൂട്ടിയുള്ള സൂക്ഷ്മപരിശോധന കൂടാതെ പുറപ്പെടുവിച്ച 'കേരള ബയോളജിക്കൽ ഡൈവേഴ്സിറ്റി റൂൾസ് 2015 (എസ്.ആർ.ഒ. 404/2014) എന്ന ചട്ടം 20.5.2015-ലെ സമിതിയോഗം സാധൂകരിച്ചു.

## ഭാഗം VI

### ബില്ലിന്റെ പരിശോധന

2012 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ 7.12.2015-ലെ സമിതി യോഗം പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

1. തത്വ പ്രഖ്യാപന വാക്യത്തിൽ 'അറുപത്തിമൂന്നാം' എന്ന വാക്കിനു പകരം 'അറുപത്തിയാറാം' എന്ന വാക്കു ചേർക്കുക.

2. ചുരുക്കപ്പേരിൽ '2012' എന്നതിനു പകരം '2015' എന്നു ചേർക്കുക.

3. ഖണ്ഡം-3(2) എ യിൽ 'സർവ്വീസുകളിൻകീഴിലുള്ള' എന്ന വാക്കിനു ശേഷം "തസ്തികകളിൽ വാച്ച്മാൻ പാർട്ട്-ടൈം-സ്വീപ്പർ എന്നിവ ഒഴികെയുള്ള" എന്ന വാക്കുകൾ ചേർക്കുക.

നിർദ്ദിഷ്ട ബില്ലിന് ശ്രീ എസ്. രാജേന്ദ്രൻ, ശ്രീ. രാജു എബ്രഹാം, ശ്രീ. ബി. സത്യൻ, ശ്രീ. കെ. അജിത് എന്നീ സമിതി അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

## ഭാഗം-VII

## ചട്ടം 235(എ) പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങളെ സംബന്ധിച്ച വിശദാംശം

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം താഴെപ്പറയുന്ന തീയതികളിൽ സമിതി യോഗം ചേർന്ന് താഴെപറയുന്ന വിഷയങ്ങളെ സംബന്ധിച്ച് വിശദമായി ചർച്ച ചെയ്തു.

| യോഗത്തീയതി | | വിഷയം |
|---|---|---|
| 23-9-2015 | - | വന്യജീവി വേട്ടയാടൽ തടയൽ നടപടി |
| 20-11-2015 | - | വിനോദസഞ്ചാര മേഖലയിലെ സുരക്ഷാക്രമീകരണങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത |

## ഭാഗം VIII

## സഭയുടെ മേശപ്പുറത്തു വച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (6) പ്രകാരം വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വച്ചത് സംബന്ധിച്ച വിവരങ്ങൾ**

| സാമ്പത്തിക വർഷം | ധനാഭ്യർത്ഥന നമ്പർ | സഭയുടെ മേശപ്പുറത്തു വച്ച തീയതി |
|---|---|---|
| 2014-15 | XXXIV-വനം (വനം വകുപ്പ്) | 21.7.2015 |
| | XVII-വിദ്യാഭ്യാസം, കായിക വിനോദം, കല, സാംസ്കാരികം | 2.12.2015 |
| | XX-ശുദ്ധജല വിതരണവും ശുചീകരണവും (മലിനീകരണ നിയന്ത്രണ ബോർഡ്) | |
| | XXXIV-വനം (ജൈവ വൈവിദ്ധ്യ ബോർഡ്) | |

കെ. രാജു,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
7 സെപ്റ്റംബർ 2016.

## അനുബന്ധം I

## യോഗനടപടിക്കുറിപ്പുകൾ

### 21-4-2015-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയനിർണ്ണയ സമിതി 2015 ഏപ്രിൽ 21-ാം തീയതി, ചൊവ്വാഴ്ച, ഉച്ചയ്ക്കുശേഷം 2.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ 'V A' സമ്മേളനഹാളിൽ ബഹു. ചെയർമാനും വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ ബഹു. എക്സ്-ഓഫീഷ്യോ അംഗവും പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽകുമാറും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. റ്റി. യു. കുരുവിള, എം.എൽ.എ
2. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. പി. മാരപാണ്ഡ്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി പരിസ്ഥിതി വകുപ്പ്
2. ശ്രീ. എസ്. സി. ജോഷി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഡി ആന്റ് എ എഫ് എം)
3. ശ്രീ. ജി. ഹരികുമാർ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വനം-വന്യജീവി ചീഫ് വൈൽഡ് ലൈഫ് വാർഡൻ)
4. ശ്രീ. ജി. ജെ. ടെഗ്ഗി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വർക്കിംഗ് പ്ലാൻ റിസർച്ച്)
5. ഡോ. ബി. എസ്. കോറി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എസ്. എ ആന്റ് എൻ.ഒ)

6. ശ്രീ. എൽ. കെ. വാർഷ്നി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഡെവലപ്മെന്റ്)

7. ശ്രീ. ടി. പി. നാരായണൻകുട്ടി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എഫ്.എം.ഐ.എസ്)

8. ശ്രീ. ഡി. കെ. വർമ്മ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ബയോഡൈവേഴ്സിറ്റി സെൽ)

9. ശ്രീമതി. കെ. ജി. അരുണകുമാരി, ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്

10. ശ്രീ. കെ. വി. സുധീർ, ജോയിന്റ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്

11. ശ്രീ. ജെയിംസ് ജോസഫ്, ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്

12. ശ്രീ. പി. വിജയചന്ദ്രൻ, ഡെപ്യൂട്ടി സെക്രട്ടറി, വനം-വന്യജീവി വകുപ്പ്

13. ശ്രീമതി വി. ടി. ഷൈലി, ചീഫ് എൻവയോൺമെന്റ് എഞ്ചിനീയർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

14. ശ്രീ. എസ്. സുധീർബാബു, ചീഫ് എഞ്ചിനീയർ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

15. ഡോ. കേശവ് മോഹൻ, ഡയറക്ടർ, കാലാവസ്ഥാ പഠന കേന്ദ്രം, കോട്ടയം

16. ശ്രീ. ടി. എം. മാത്യുക്കുട്ടി, ഫിനാൻസ് ആന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കാലാവസ്ഥാ വ്യതിയാന പഠനകേന്ദ്രം

17. ശ്രീമതി പി.ആർ. ശ്രീലത, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആന്റ് ക്ലൈമാറ്റിക് ചെയ്ഞ്ച്

18. ശ്രീമതി പി. മോളിക്കുട്ടി, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

19. ശ്രീ. കെ. സജീവൻ, ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.

സമിതി 2015-2016 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള വനം-വന്യജീവി, പരിസ്ഥിതി എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട XXXIV, XVII എന്നീ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയും പ്രകാരം തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ - XXXIV

## വനംവന്യജീവി വകുപ്പ്

2015-2016-ലെ വനം-വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഇൻഡ്യയിലെ വനാതിർത്തിയുടെ 29 ശതമാനവും കേരളത്തിലാണ് ഉള്ളതെന്നും ദേശീയ ശരാശരിയേക്കാൾ കൂടുതൽ വനമുള്ള സംസ്ഥാനമാണ് കേരളമെന്നും, ഈ വർഷം പദ്ധതി വിഹിതത്തിൽ 198.53 കോടി രൂപയും പദ്ധതിഇതര ഇനത്തിൽ 372.30 കോടി രൂപയും ഉൾപ്പെടെ 570.83 കോടി രൂപയാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളതെന്നും പ്രിൻസിപ്പൽ സെക്രട്ടറി ആമുഖമായി സമിതിയെ അറിയിച്ചു. ഈ തുക അപര്യാപ്തമാണെന്നും സോഷ്യൽ ഫോറസ്ട്രി സ്കീം നടപ്പാക്കുന്നതിനായി 16 കോടി രൂപ സംസ്ഥാനവിഹിതമായും കേന്ദ്രവിഹിതമായി 1¼ കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും അറിയിച്ച പ്രിൻസിപ്പൽ സെക്രട്ടറി ആദിവാസികളുടെ ഉന്നമനത്തിനുവേണ്ടി ഈ വർഷം 9 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ടെന്നും, സ്റ്റേറ്റ് പ്ലാൻ സ്കീം 152 കോടി രൂപയും കേന്ദ്രവിഹിതം 193 കോടി രൂപയും ഈ രീതിയിൽ ലഭ്യമാണെന്നും വ്യക്തമാക്കി.

വനംവകുപ്പ് ഈ വർഷം ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാനപ്പെട്ട പദ്ധതി വനമേഖലയിൽ വനാതിർത്തി നിശ്ചയിക്കാനുള്ള 30% സ്ഥലത്ത് ജണ്ടകളിടാൻ വേണ്ടി പദ്ധതി തയ്യാറാക്കുകയെന്നതാണെന്നും, ഇതിനായി തർക്കങ്ങൾ നിലവിലില്ലാത്ത സ്ഥലങ്ങൾ തെരഞ്ഞെടുക്കുകയും തുക വകകൊള്ളിക്കുകയും ചെയ്തിട്ടുണ്ടെന്നും, സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി 250 ഹെക്ടർ സ്ഥലത്ത് മരങ്ങൾ, ഔഷധസസ്യങ്ങൾ എന്നിവ വച്ച് പിടിപ്പിക്കുന്നുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ വ്യക്തമാക്കി.

ആയതിൻ പ്രകാരം കഴിഞ്ഞവർഷം 14 ജില്ലകളിലായി 74 ലക്ഷം വൃക്ഷതൈകൾ വിതരണം ചെയ്തിട്ടുണ്ടെന്നും ഈ വർഷം 100 ഹെക്ടർ സ്ഥലത്ത് ഒരു മോഡൽ ടീക്ക് പ്ലാന്റേഷൻ പദ്ധതി നടപ്പിലാക്കുമെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

മോഡൽ ടീക്ക് പ്ലാന്റേഷൻ പദ്ധതിയും ടീക്ക് പ്ലാന്റേഷനും തിരിച്ചറിയുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് നിലവിലുള്ളത് എന്ന് സമിതി ആരാഞ്ഞതിന് 60 വർഷം പൂർത്തിയായിട്ടുള്ള മരങ്ങളെ പൂർണ്ണവളർച്ച എത്തിയ മരങ്ങളായി കണക്കാക്കുമെന്നും അങ്ങനെയുള്ളവയുടെ വില നിശ്ചയിച്ച് മുറിച്ച് മാറ്റിയ ശേഷം ഒഴിവു വരുന്ന സ്ഥലങ്ങളിൽ റീപ്ലാന്റ് ചെയ്യുകയാണ് ചെയ്യുന്നതെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു.

മനുഷ്യ-മൃഗ-സംഘർഷങ്ങൾ ഇപ്പോൾ രൂക്ഷമാണെന്നും അപകടങ്ങൾ കൂടുതലും വയനാട് ജില്ലയിലാണ് നടക്കുന്നതെന്നും വനം-വന്യജീവി പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. വന്യജീവി സങ്കേതങ്ങളുള്ള സ്ഥലങ്ങളിൽ സംരക്ഷണഭിത്തി ആവശ്യമാണെന്നും, കർണ്ണാടകത്തിൽ നിന്നും വന്യമൃഗങ്ങൾ അതിർത്തി കടന്ന് എത്തുന്നുണ്ടെന്നുമുള്ള സമിതി പരാമർശങ്ങൾക്ക് എല്ലായിടത്തും സംരക്ഷണഭിത്തി ആവശ്യമാണെന്നും കഴിഞ്ഞവർഷം ആർ.ഐ.ഡി.എഫ് സ്കീമിൽ കിട്ടിയ തുക ഇതിനായി ചെലവഴിച്ചിട്ടുണ്ടെന്നും സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുമെന്നും വനം-വന്യജീവി പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

മനുഷ്യ-മൃഗ-സംഘർഷ-ലഘൂകരണ മാർഗ്ഗത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ 134 കോടി രൂപ ലഭ്യമാകാത്തത് യോഗത്തിൽ ചർച്ചാവിഷയമാകുകയുണ്ടായി. ബഡ്ജറ്റ് പ്രസംഗത്തിൽ ഇത്തരത്തിൽ പരാമർശമുണ്ടെങ്കിലും '4' കോടി രൂപ മാത്രമാണ് ലഭ്യമായതെന്നും, മിഷൻ '676' -ൽ ഉൾപ്പെടുത്തി കൃഷിരക്ഷാപദ്ധതിയെന്ന പേരിൽ 259 കോടി രൂപയുടെ പ്രോജക്ടിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ഇതിൽ 14 കോടി രൂപ കഴിഞ്ഞവർഷം ലഭിച്ചുവെന്നും വ്യക്തമാക്കിയ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, ബഡ്ജറ്റ് സ്പീച്ചിൽ പറഞ്ഞിരിക്കുന്ന തുകയെങ്കിലും ലഭിക്കുന്നതിന് സമിതി ശിപാർശ ചെയ്യണമെന്നൊരു അഭ്യർത്ഥനയും മുന്നോട്ട് വയ്ക്കുകയുണ്ടായി. പ്രസ്തുത നിർദ്ദേശം സമിതി അംഗീകരിച്ചു.

2015-2016 സാമ്പത്തിക വർഷത്തെ XXXIV, XVII എന്നീ ധനാഭ്യർത്ഥനകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയുണ്ടായി.

# ധനാഭ്യർത്ഥന നമ്പർ XXXIV

## വനംവന്യജീവി വകുപ്പ്

### പ്ലാൻ ഫണ്ട്

2406-01-101-81 - വനസംരക്ഷണം

വനസംരക്ഷണത്തിന്റെ ഭാഗമായി സ്ഥിരമായ ജണ്ടകളും പ്രത്യേക പ്രദേശങ്ങളിൽ കരിങ്കൽ മതിലുകളും കെട്ടി അതിരുകൾ വേർതിരിക്കുന്നത് ഒരളവുവരെ വനം കൈയ്യേറ്റം തടയുന്നതിന് സഹായകമാകുന്നു എന്നും ഇതിനായി 2.47 ലക്ഷം ജണ്ടകളും 1175 കിലോമീറ്റർ കരിങ്കൽ ഭിത്തിയും നിർമ്മിക്കുന്നതിനായി ഇനിയും ഏകദേശം 4000 കിലോമീറ്റർ വനാതിർത്തിയുടെ അതിര് വേർതിരിക്കേണ്ടതുണ്ടെന്നും ആയതിലേയ്ക്ക് ആധുനിക സർവ്വേ ഉപകരണങ്ങൾ വാങ്ങൽ, വനം സർവ്വേ അതിർത്തി നിർണ്ണയം, തകർന്ന ജണ്ടകളുടെ അറ്റകുറ്റപ്പണികൾ, യന്ത്രസാമഗ്രികളുടെ അറ്റകുറ്റപ്പണികളും പരിപാലനവും, വനപരിപാലനവും വനാതിർത്തിയിൽ ജൈവവേലികളുടെ നിർമ്മാണം, വാർത്താവിനിമയ സൗകര്യം മെച്ചപ്പെടുത്തുന്നതിന് വയർലെസ് നെറ്റ്‌വർക്ക് സംവിധാനം ഏർപ്പെടുത്തൽ, എന്നിവ ഈ വിഭാഗത്തിൽ ലക്ഷ്യമിട്ടിട്ടുള്ള പരിപാടികളാണെന്നും സമിതിക്ക് മനസ്സിലാക്കുവാൻ സാധിച്ചു. വനസംരക്ഷണസമിതികളുടെയും ഗവൺമെന്റേതര സംഘടനകളുടേയും സജീവ പങ്കാളിത്തത്തോടുകൂടി ഒരു പങ്കാളിത്ത മാതൃക രൂപീകരിച്ച് കാട്ടുതീയിൽ നിന്നുള്ള സംരക്ഷണം, ചന്ദന വനങ്ങൾ, ചോലവനങ്ങൾ, വയലുകൾ തുടങ്ങിയ പ്രത്യേക ഇക്കോമേഖലയുടെ സംരക്ഷണം, മുതലായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്നു വിലയിരുത്തിയ സമിതി പ്രസ്തുത പദ്ധതിയിനത്തിൽ 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2406-01-101-80- ഔഷധ സസ്യങ്ങളുടെ വികസനം ഉൾപ്പെടെയുള്ള തടി ഇതരവനവിഭവങ്ങൾ

തടി ഇതര ഉല്പന്നങ്ങളായ ഈറ, മുള, ഔഷധ സസ്യങ്ങൾ തുടങ്ങിയവ നട്ടുവളർത്തുകയും പരിപാലിക്കുകയും ചെയ്യുക, വനസംരക്ഷണ സമിതിയുടെയും

ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയും സഹകരണത്തോടുകൂടി ആദിവാസികൾക്ക് ശാസ്ത്രീയമായി വനവിഭവശേഖരണവും സംസ്ക്കരണവും നടത്തുന്നതിനുള്ള പരിശീലനം നൽകുക, ഔഷധ സസ്യങ്ങൾ വളരുന്ന പ്രദേശങ്ങൾ സംരക്ഷിക്കുകയും തടിയിതര വനവിഭവങ്ങൾ പരിപാലിക്കുകയും ചെയ്യുക തുടങ്ങിയ വിവിധ പദ്ധതികൾക്കായും, 250 ഹെക്ടർ പ്രദേശത്ത് പുതിയതായി തടിയിതര വനഉൽപ്പന്നങ്ങളും ഔഷധ ഉൽപ്പന്നങ്ങളും ഈ വർഷം വച്ചുപിടിപ്പിക്കുന്നതിനും മുൻ വർഷങ്ങളിൽ വച്ചുപിടിപ്പിച്ച 1000 ഹെക്ടർ പ്രദേശത്തെ തോട്ടങ്ങൾ പരിപാലിക്കുന്നതിനുമായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് കാണുകയും സമിതി മേറ്റ്റഞ്ഞ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

സംസ്ഥാനത്ത് പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ഓരോവർഷവും വൃക്ഷത്തൈകൾ നട്ടുവരുന്നുണ്ടെങ്കിലും വേണ്ടത്ര പരിപാലനം ലഭിക്കാത്തതു നിമിത്തം അവ നശിച്ചുപോകുന്ന സ്ഥിതിയാണ് നിലവിലുള്ളതെന്ന് സമിതി വിലയിരുത്തുകയുണ്ടായി. ഈ സാഹചര്യത്തിൽ, സ്കൂളുകളിൽ 'നക്ഷത്രവനങ്ങൾ' എന്നപേരിൽ ഓക്സിജൻ സർക്കുലേഷൻ കൂടുതലായുള്ള ഇനം മരങ്ങൾ വച്ചുപിടിപ്പിക്കൽ, ഔഷധസസ്യകൃഷി വ്യാപിപ്പിക്കുക, 'കട്ടിവനം' പ്രോത്സാഹിപ്പിക്കുക തുടങ്ങിയ പദ്ധതികൾക്കായി ഒരു കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4406-01-105-87- <u>തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ</u>

4406-01-105-87(01)- <u>വൻമരത്തോട്ടങ്ങൾ</u>

ദീർഘകാലം നിലനിൽക്കുന്ന വൃക്ഷങ്ങളായ ഈട്ടി, കമ്പകം, വെള്ളകിൽ മറ്റു മരങ്ങൾ എന്നിവയുടെ തൈകൾ നട്ട് പരിപാലിക്കുന്നതിനും പുതിയതായി മരങ്ങൾ വച്ചുപിടിപ്പിക്കൽ, മാതൃകാ തേക്ക്തോട്ടം വച്ചുപിടിപ്പിക്കൽ, വൻമരങ്ങളുടെ പരിപാലനം, നവീനയന്ത്രങ്ങൾ വാങ്ങുക തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായും 4406-01-105-87(01) എന്ന ശീർഷകത്തിൽ അനുവദിച്ച

ഇക അപര്യാപ്തമാണെന്ന സമിതി മനസ്സിലാക്കുകയും പ്രസ്തുത പദ്ധതിയിനത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്യു.

4406-01-105-87(02) - വ്യവസായിക അസംസ്കൃത വസ്തുക്കൾ

വ്യാവസായിക ആവശ്യത്തിനുപയോഗിക്കുന്ന യൂക്കാലിപ്റ്റസ്, അക്കേഷ്യ എന്നീ മരങ്ങളും മറ്റ് മരങ്ങളും വച്ചു പിടിപ്പിക്കുക, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ഫാക്ടറിക്ക് നൽകുവാനായി മുറിച്ചുമാറ്റുന്ന തോട്ടങ്ങളിൽ പുതിയ തൈകൾ വച്ചുപിടിപ്പിക്കുക, തുടങ്ങിയ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക അപര്യാപ്ത മാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത പദ്ധതി യിനത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്യു.

2406-02-110-68 - ജൈവവൈവിധ്യ സംരക്ഷണം

വനം-വന്യജീവി സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷസസ്യാദികളുടെയും ജന്തുജാലങ്ങളുടെയും സംരക്ഷണത്തിനുവേണ്ടിയുള്ള പ്രത്യേക പരിപാടികൾ, പ്രകൃതിദത്തമായ പൈതൃക പ്രദേശങ്ങൾ സംരക്ഷിക്കൽ, കണ്ടൽക്കാടുകൾ, കാവുകൾ എന്നിവ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള പങ്കാളിത്ത പരിപാടികൾ, ദേശാടനപക്ഷികളെ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള പരിപാടികൾ, വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന ഇനങ്ങളുടെ ഗവൺമെന്റിതര സംഘടനകളുടെ പങ്കാളിത്തത്തോടെയുള്ള സംരക്ഷണം തുടങ്ങിയവ ഉൾപ്പെടുന്ന ഈ പദ്ധതിയിൽ പ്രകൃതിയെക്കുറിച്ച് പഠിക്കുവാനുള്ള ക്യാമ്പുകളും പൊതുജനങ്ങൾക്കായുള്ള ബോധവൽക്കരണ ക്യാമ്പുകളും സംഘടിപ്പിക്കുക, മിഷൻ-676-ൽ ഉൾപ്പെടുത്തിയിട്ടുള്ള പരിപാടികളായ 'ഇക്കോ കേഡറ്റ്സ്', ' കുരുവിക്കൊരു കൂട് ', പ്രകൃതിമിത്ര അവാർഡ് എന്നിവയും ഉൾപ്പെടുന്നതായി സമിതിക്ക് മനസ്സിലാക്കുവാൻ സാധിച്ചു. ഇത്തരം പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്നു വിലയിരുത്തിയ സമിതി പ്രസ്തുത

ശീർഷകത്തിൽ 350 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2406-02-110-56 - പരിസ്ഥിതി വികസന പരിപാടി

വനവിഭവ പരിപാലനത്തിന് ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണം നടത്തുക, വനങ്ങളെ ആശ്രയിച്ച് ജീവിക്കുന്നവരുടെ ജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനുള്ള ബദൽ സംവിധാനങ്ങൾക്കുള്ള സഹായം നൽകുക. വനവിഭവപരിപാലനം തുടങ്ങിയ പദ്ധതികൾക്കും മെഡിക്കൽ ക്യാമ്പുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ സംഘടിപ്പിക്കുക, കോളനികളിലുള്ള പട്ടികവർഗ്ഗക്കാർക്ക് വിളകളും മറ്റ് പഴവർഗ്ഗങ്ങളും കൃഷിചെയ്യാനുള്ള പ്രോത്സാഹനം നൽകുക, വനത്തിന് സമീപം അധിവസിക്കുന്നവർക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ, എന്നിവയ്ക്കു പുറമേ മിഷൻ '676'-ൽ ഉൾപ്പെടുത്തിയിട്ടുള്ള 'ഊരിനുണർവ് കാടിനുണർവ്" എന്ന പദ്ധതിയുടെ നടത്തിപ്പ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന വിലയിരുത്തൽ വന്നതിനാൽ ഇതിലേക്കായി 150 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2406-01-800-55 - സാമൂഹിക വനവിപുലീകരണവും കാർഷിക വനവൽക്കരണവും

(01) വനവിപുലീകരണം

1988-ലെ ദേശീയവനനയത്തിൽ നിഷ്ക്കർഷിച്ചിരിക്കുന്ന രീതിയിൽ മൊത്തം ഭൂവിസ്തൃതിയുടെ മൂന്നിൽ ഒരു ഭാഗത്ത് വൃക്ഷവിന്യാസം ഉണ്ടാക്കുന്നത് ലക്ഷ്യമിട്ടുകൊണ്ടും, അതിന്റെ ഭാഗമായി വീട്ടുവളപ്പിലും, മറ്റ് പ്രദേശങ്ങളിലും വ്യാപകമായി വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുന്ന പരിപാടി പൊതുജനങ്ങളുടെയും സ്കൂൾ വിദ്യാർത്ഥികളുടെയും പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുക, സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 'എന്റെ മരം, നമ്മുടെ മരം', 'വഴിയോര തണൽ' എന്നീ പദ്ധതികൾ സ്കൂൾ കോളേജ് കാമ്പസുകൾ, പൊതുസ്ഥലങ്ങൾ, റെയിൽവേയുടെ അധീനതയിലുള്ള സ്ഥലങ്ങൾ, നദികൾ, അരുവികൾ, കനാലുകൾ എന്നിവയുടെ കരകളിലും വ്യാപിപ്പിക്കുക, വൃക്ഷതൈ നട്ട്

പരിപാലിക്കുന്ന നടപടി എന്നിവ കാര്യക്ഷമമായി നടന്നുവരുന്നതായി സമിതിക്ക് അറിയാൻ സാധിച്ചു. അതോടൊപ്പം സിറ്റിസൺ റൂറൽ സർവ്വേ പ്രോഗ്രാം, നിലവിലുള്ളതും നശിച്ചുകൊണ്ടിരിക്കുന്നതുമായ പാർക്കുകളുടെ നവീകരണം, പ്രകൃതി ആസ്വാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, ഇടുക്കി ജില്ലയിലെ മഴനിഴൽ പ്രദേശങ്ങളിൽ ചോലവനങ്ങൾ വച്ചുപിടിപ്പിക്കൽ, പ്രകൃതി ക്യാമ്പുകൾ സംഘടിപ്പിക്കൽ, നൂതന സാമൂഹിക വനവത്ക്കരണ പരിപാടികൾ നടപ്പാക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കൽ, ഫോറസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കൽ എന്നീ പദ്ധതികളും സംസ്ഥാനത്ത് സമാന്തരമായി നടന്നുവരുന്നതായ വിവരവും സമിതി മനസ്സിലാക്കി. എന്നാൽ, മേൽവിവരിച്ച പദ്ധതികളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന വിലയിരുത്തലിൽ ഈ ഇനത്തിൽ 700 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## 2406-01-800-56 - <u>മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ</u>

വനാതിർത്തികളിൽ താമസിക്കുന്ന മനുഷ്യരുടെ ജീവനും, കന്നുകാലികൾക്കും വിളകൾക്കും വന്യമൃഗങ്ങളിൽ നിന്നും നാശമുണ്ടാകുന്ന ഒരു അവസ്ഥ സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ നിലനിൽക്കുന്നതായും വന്യമൃഗങ്ങളിൽ പ്രത്യേകിച്ചും ആനകൾ, കാട്ടുപന്നികൾ, കടുവകൾ, കരടികൾ, വിഷപ്പാമ്പുകൾ എന്നിവ തുടർച്ചയായി മനുഷ്യനും വിളകൾക്കും ഭീഷണിയാകുന്ന എന്ന കാര്യവും സമിതിയിൽ ചർച്ചാവിഷയമായി. കൃഷിഭൂമിയിലേക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിന് ആനകിടങ്ങുകൾ, പരുക്കൻ കല്ലുകൾ ഉപയോഗിച്ചുള്ള ഭിത്തികൾ, സൗരോർജ്ജ വേലികൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക, വനത്തിനുള്ളിലെ താമസക്കാരെ പുനരധിവസിപ്പിക്കുക, വന്യമൃഗങ്ങളുടെ ആക്രമണത്തിലൂടെ ജീവഹാനി സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുക തുടങ്ങിയ പദ്ധതികൾക്കും മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള കൃഷിരക്ഷാ

പദ്ധതികൾക്കായും ഈ സാമ്പത്തികവർഷം അനുവദിച്ച തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ, മേൽപ്പറഞ്ഞ പദ്ധതികളുടെ നടത്തിപ്പിനായി ഈ വർഷം 24200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

വന്യമൃഗങ്ങളുടെ ആക്രമണം നിമിത്തം ജീവഹാനി സംഭവിക്കുന്നവർക്കുള്ള പരമാവധി നഷ്ടപരിഹാരത്തുക പത്തുലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്നും മനുഷ്യ-മൃഗസംഘർഷ ലഘൂകരണമാർഗ്ഗങ്ങൾക്കായി ഈ സാമ്പത്തിക വർഷം ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ള തുക പൂർണ്ണമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതോടൊപ്പം വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ടിലെ വകുപ്പ് 40(4)-ൽ പരാമർശിച്ചിരിക്കുന്ന രജിസ്ട്രേഷൻ ഇല്ലാത്ത നാട്ടാനകൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കുവാനും അപ്രകാരം രജിസ്ട്രേഷന് അപേക്ഷ സമർപ്പിക്കുന്നവരിൽ നിന്നും ഫീസിനത്തിൽ 2 ലക്ഷം രൂപയും, വർഷംതോറും രജിസ്ട്രേഷൻ പുതുക്കുന്നതിനായി 25,000 രൂപയും ഈടാക്കുവാനും പ്രസ്തുത തുക ആനപരിപാലനത്തിനായി ഉപയോഗപ്പെടുത്താനും ആവശ്യമായ ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ചുനടപ്പാക്കണമെന്നും ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2406-02-110-48 - <u>പുത്തൂർ സുവോളജിക്കൽ പാർക്ക് വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രം</u>

തൃശ്ശൂർ മൃഗശാലയിലെ പക്ഷികളെയും മൃഗങ്ങളെയും കൂടുതൽ സ്ഥലസൗകര്യമുള്ള മറ്റൊരു സ്ഥലത്തേക്ക് മാറ്റുക, വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന പക്ഷിമൃഗാദികളെ പ്രത്യേകമായി പരിപാലിക്കുന്നതിന് വനം വകുപ്പിന്റെ തൃശ്ശൂർ ഡിവിഷന്റെ കീഴിലുള്ള പട്ടിക്കാട് റേയിഞ്ചിൽ പുത്തൂർ വനഭൂമിയിൽ 136 ഹെക്ടർ പ്രദേശത്ത് സുവോളജിക്കൽ പാർക്ക് സ്ഥാപിക്കുക, പ്രസ്തുത പാർക്കിൽ 70-ൽപരം വിവിധ ഇനത്തിലുള്ള പക്ഷികളെയും മൃഗങ്ങളെയും പ്രകൃതിദത്തമായ തുറന്ന അന്തരീക്ഷത്തിൽ സംരക്ഷിച്ച് പ്രദർശിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾക്കായി ഒരു മാസ്റ്റർ പ്ലാൻ

തയ്യാറാക്കിയിട്ടുള്ളതായി സമിതിക്ക് മനസ്സിലാക്കുവാൻ സാധിച്ചു. എന്നാൽ, ഇതിലേക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്നു കാണാൻ കഴിഞ്ഞ സാഹചര്യത്തിൽ ആയതിലേക്ക് 2800 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്നും അതോടൊപ്പം തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ നവീകരണത്തിനായി നടപ്പുവർഷം 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്നും ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**നോൺ പ്ലാൻ**

2406-01-105-99 - ഗവൺമെന്റ് ഏജൻസി വഴി വനങ്ങളിൽ നിന്നും തടിയും മറ്റുല്പന്നങ്ങളും സംഭരിക്കുന്നതിന്

വനം വകുപ്പിൽ നിന്നും സർക്കാരിന് മുഖ്യവരുമാനം ലഭിക്കുന്ന തേക്ക് തോട്ടങ്ങളിൽ നിന്നും മരങ്ങൾ മുറിച്ച് തടിയും വിറകും ശേഖരിക്കുക, വനത്തിൽ കാറ്റിൽ പിഴുത് വീണതും ഉണങ്ങിയതുമായ മരങ്ങൾ മുറിച്ച് തടി ശേഖരിക്കുക, ഏജൻസികൾ വഴി വനത്തിൽ നിന്നും തടിയും മറ്റുല്പന്നങ്ങളും ശേഖരിക്കുക തുടങ്ങിയ ചെലവുകൾക്കായി ഈ സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണന്ന് കണ്ടതിനാൽ, ഈ ശീർഷകത്തിൽ 700 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2406-01-105-94 - കന്നുകാലികൾ

വനംവകുപ്പിന്റെ ഉടമസ്ഥതയിലുള്ള ആന, മാൻ തുടങ്ങിയ മൃഗങ്ങളുടെ സംരക്ഷണം, മൃഗശാലയുടെ പരിപാലനം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് കണ്ടതിനാൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

വനം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനായി വിവിധ ശീർഷകങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. പ്രസ്തുത ശീർഷകത്തിൽ താഴെപറയും പ്രകാരം 27.00 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

| ക്രമ നം. | ശീർഷകം | ഇപ്പോഴത്തെ ബഡ്ജറ്റ് വിഹിതം (രൂപ ലക്ഷത്തിൽ) | അധികം ആവശ്യമുള്ള സംഖ്യ(രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2406-01-001-99- ചീഫ്കൺസർവേറ്ററുടെ ആഫീസ് 01(4) മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് | 9.39 | 10.61 |
| 2 | 2406-01-001-98-സർക്കിൾ കൺസർവേറ്ററുടെ ആഫീസ് 01(4) മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് | 2.42 | 3.58 |
| 3 | 2406-01-001-97 പ്രവർത്തന പദ്ധതികളും ഗവേഷണത്തിനുമായുള്ള സർക്കിൾ 01(4) മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് | 0.58 | 2.42 |
| 4 | 2406-01-001-95-ജില്ലാ ആഫീസുകൾ 01(4) മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് | 19.61 | 10.39 |
| | ആകെ | 32.00 | 27.00 |

അതുപോലെ വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് യാത്രാബത്ത, വിവിധ ഓഫീസുകളുടെ വൈദ്യുതി ചെലവ് എന്നീ ഇനങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുകയും അപര്യാപ്തമാണെന്ന നിലയിരുത്തലിൽ വ്യത്യസ്ത ശീർഷകങ്ങളിൽ താഴെപറയും പ്രകാരം യാത്രാബത്ത ഇനത്തിൽ 42.15 ലക്ഷം രൂപയും വൈദ്യുതി ചെലവിനത്തിൽ 50.00 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

എ. യാത്രാബത്ത

| ക്രമ നം. | ശീർഷകം | ഇപ്പോഴത്തെ ബഡ്ജറ്റ് വിഹിതം (രൂപ ലക്ഷത്തിൽ) | അധികം ആവശ്യമുള്ള സംഖ്യ(രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2406-01-001-99- ചീഫ്കൺസർവേറ്ററുടെ ആഫീസ് 04(1) യാത്രാ ബത്ത | 17.60 | 7.40 |
| 2 | 2406-01-001-98-സർക്കിൾ കൺസർവേറ്ററുടെ ആഫീസ് 04(1) യാത്രാബത്ത | 5.50 | 9.50 |
| 3 | 2406-01-001-97 പ്രവർത്തനപദ്ധതിക്കും ഗവേഷണത്തിനുമായുള്ള സർക്കിൾ 04(1) യാത്രാബത്ത | 0.75 | 4.25 |
| 4 | 2406-01-001-96-വിജിലൻസും വിലയിരുത്തലും വിഭാഗം 04(1) യാത്രാബത്ത | 19.80 | 6.00 |
| 5 | 2406-01-001-95- ജില്ലാ ആഫീസു കൾ 04(1) യാത്രാബത്ത | 48.04 | 15.00 |
| | ആകെ | 91.69 | 42.15 |

ബി. വൈദ്യുതി ചെലവ്

| ക്രമ നം. | ശീർഷകം | ഇപ്പോഴത്തെ ബഡ്ജറ്റ് വിഹിതം (രൂപ ലക്ഷത്തിൽ) | അധികം ആവശ്യമുള്ള സംഖ്യ (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2406-01-001-99- ചീഫ്കൺസർവേറ്ററുടെ ആഫീസ് 05(2) വൈദ്യുത ചെലവ് | 25.30 | 50.00 |

## ധനാഭ്യർത്ഥന നമ്പർ XVII

## പരിസ്ഥിതി വകുപ്പ്

3435-60-800-99- പരിസ്ഥിതി വകുപ്പിനെ ശക്തിപ്പെടുത്തൽ

പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി പദ്ധതി വിഹിതത്തിന്റെ 10 ശതമാനം ഓപ്പറേഷണൽ കോസ്റ്റായി ചെലവു ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്നും കരാർ അടിസ്ഥാനത്തിൽ ആയതിനായി ജീവനക്കാരെ നിയമിക്കുന്നതിനുള്ള അനുമതി നൽകണമെന്നും ഈ ഇനത്തിൽ, 50 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്നും ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ്

കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് (കെ.എസ്.ബി.ബി) സ്റ്റാഫ് പാറ്റേൺ പ്രകാരം ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ, ചെയർമാൻ, എക്സ്പർട്ട് കൺസൾട്ടന്റ് എന്നിവർക്ക് ശമ്പളം നൽകുന്നതിനും മറ്റ് ഓഫീസ് ആവശ്യങ്ങൾക്കുമായി ഈ സാമ്പത്തികവർഷം അനുവദിച്ച തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആകയാൽ, 2406-02-110-59-31 ശമ്പളം എന്ന ശീർഷകത്തിൽ 67.60 ലക്ഷം രൂപയും 2406-02-110-59-36- ശമ്പളേതരം എന്ന ശീർഷകത്തിൽ 18.35 ലക്ഷം രൂപയും ഉൾപ്പെടെ പദ്ധതിയേതരയിനങ്ങളിൽ ആകെ 85.95 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3435-04-104-97- കാലാവസ്ഥാ വ്യതിയാന പഠനകേന്ദ്രം -കോട്ടയം

കോട്ടയത്തെ പുതിയ കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിന് സ്ഥിരമായ കെട്ടിടം നിർമ്മിക്കുക, ഗവേഷണത്തിന് ആവശ്യമായ ലബോറട്ടറി സ്ഥാപിക്കുക, ഗവേഷണത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുക, പരിശീലന പദ്ധതികൾ നടപ്പിലാക്കുക എന്നീ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ 5 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 2.45-ന് അവസാനിച്ചു.

## അനുബന്ധം I

## യോഗനടപടിക്കുറിപ്പുകൾ

### 28.4.2015 ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയനിർണ്ണയ സമിതി 2015 ഏപ്രിൽ 28 ചൊവ്വാഴ്ച ഉച്ചയ്ക്ക് ശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ VA സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു.വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതി എക്സ് ഒഫീഷ്യോ അംഗം ബഹു.പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽകുമാറും സന്നിഹിതനായിരുന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി

ഹാജരായ അംഗങ്ങൾ:

1. ശ്രീ. റ്റി. യു. കുരുവിള, എം.എൽ. എ.
2. ശ്രീ. സണ്ണി ജോസഫ്, എം.എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. പി. മാരപാണ്ഡ്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, വനം വന്യജീവിവകുപ്പ്.
2. ശ്രീ. ജി. കമലവർദ്ധന റാവു, സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
3. ശ്രീ. അലി അസ്ഗർ പാഷ, മാനേജിംഗ് ഡയറക്ടർ, കേരള വിനോദ സഞ്ചാര വികസന കോർപ്പറേഷൻ
4. ശ്രീ. ഷെയ്ക്ക് പരീത്, ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്
5. ശ്രീ. എ. രാധാകൃഷ്ണൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീ. പി. കെ. ഷാജു, അഡീഷണൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്.
7. ശ്രീ. എം. രഘുദാസൻ, അഡീഷണൽ ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്.

8. ശ്രീ. ആന്റണി ലിയോ, ഡെപ്യൂട്ടി സെക്രട്ടറി,ധനകാര്യ വകുപ്പ്.

9. ശ്രീമതി ബി. എസ്. പ്രീത, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്.

10. ശ്രീ. കെ. സജീവൻ, ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.

11. ശ്രീ. എ. ശിവദാസൻ, സീനിയർ ഫിനാൻസ് ഓഫീസർ (ഇൻ ചാർജ്ജ്), കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ.

സമിതി 2015-2016 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട മലിനീകരണ നിയന്ത്രണ ബോർഡുമായി ബന്ധപ്പെട്ട XVII- ാം നമ്പർ ധനാഭ്യർത്ഥനയുടേയും വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട XLII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി, താഴെപ്പറയുന്ന പ്രകാരം തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## <u>ധനാഭ്യർത്ഥന നമ്പർ XVII</u>

## <u>കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്</u>

3435-04-103-96 - <u>അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പരിസ്ഥിതി നിരീക്ഷണവും നടത്തിപ്പും</u>

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്ന് സ്കീമിൽ വരുന്ന കെട്ടിട നിർമ്മാണം, ബോർഡിന്റെ കീഴിലുള്ള ലബോറട്ടറികളുടെ നവീകരണം, കമ്പ്യൂട്ടറൈസേഷൻ, എൻ.എ.ബി.എൽ അംഗീകാരം നേടൽ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 391.35 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

## <u>ധനാഭ്യർത്ഥന നമ്പർ XX</u>

2215-02-190-98 - <u>കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് (നോൺ പ്ലാൻ)</u>

(01)10 -<u>സംഭാവന</u>

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് തിരുവനന്തപുരത്തുള്ള ഹെഡ്

ഓഫീസിനു പുറമേ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ മേഖലാ ഓഫീസുകളും ജില്ലാ ഓഫീസുകളും പ്രവർത്തിക്കുന്നതായും എറണാകുളം ജില്ലയിൽ മേഖലാ ഓഫീസിനു പുറമേ മൂന്ന് ജില്ലാ ഓഫീസുകളും പ്രവർത്തിക്കുന്നതായും ഇതിൽ എറണാകുളം ഏലൂർ-ഇടയാർ മേഖലയിലെ ജില്ലാ ഓഫീസ് എൻവയോൺമെന്റൽ സർവയലൻസ് സെന്ററായും പ്രവർത്തിക്കുന്നതായും സമിതിയ്ക്ക് മനസ്സിലാക്കുവാൻ സാധിച്ചു. പ്രസ്തുത ഓഫീസിലെ ജീവനക്കാരുടെ ശമ്പളത്തിനും ഭരണചെലവുകൾക്കുമായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ പദ്ധതിയേതര യിനത്തിൽ 2013.34 ലക്ഷം രൂപ മേൽ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XLII - വിനോദസഞ്ചാരം

വിനോദസഞ്ചാര വകുപ്പിന്റെ വിവിധ ടൂറിസം പദ്ധതികൾക്കായി ഈ വർഷം 265 കോടി അനുവദിച്ചിട്ടുണ്ടെന്നും വിസിറ്റ് കേരള എന്ന പുതിയ പ്രചരണ പരിപാടിയുടെ കാമ്പയിൻ നടത്തുന്നതിന് കൂടുതൽ തുക ആവശ്യമായി വരുമെന്നതിനാൽ താഴെപ്പറയും പ്രകാരം അധികമായി 30 കോടി രൂപ ആവശ്യമാണെന്നും വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

3452-01-102-89 - <u>കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ മാലിന്യവിമുക്ത മേഖലയാക്കൽ</u>

സംസ്ഥാനത്തെ 14 ജില്ലകളിലെയും കുടുംബശ്രീകളെ ഉൾപ്പെടുത്തിയാണ് ടൂറിസ്റ്റ് കേന്ദ്രങ്ങളെ മാലിന്യമുക്തമാക്കുന്ന പ്രവൃത്തികൾ നടത്തി വരുന്നത് എന്നും സമിതിയ്ക്ക് അറിയാൻ സാധിച്ചു. അതേ സമയം പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ കണ്ടെത്തി അവിടം മാലിന്യമുക്തമാക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന 400 ലക്ഷം രൂപ തീരെ അപര്യാപ്തമാണെന്ന് സമിതി വിലിരുത്തി. ആകയാൽ ഈ ഇനത്തിൽ അധികമായി 200 ലക്ഷം രൂപ പദ്ധതിവിഹിതമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

3452-80-104-99 - പരിസ്ഥിതി, സംസ്കാരം, പൈതൃകം എന്നിവയുടെ പരിപാലനവും സംരക്ഷണവും

കേരളത്തിന്റെ സംസ്കാരവും പൈതൃകവും സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഊന്നൽ നൽകുന്ന പരിപാടിയിലൂടെ ഭാഗമായി ഉത്സവങ്ങൾ, മേളകൾ, വിവിധ മൽസരങ്ങൾ ബിനാലെകൾ തുടങ്ങിയവ സംഘടിപ്പിക്കുക, സാമ്പത്തിക ധനസഹായം ലഭ്യമാക്കുക എന്നിവയ്ക്കായി മേൽപ്പറഞ്ഞ ബഡ്ജറ്റ് ഹെഡിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ ഇതിലേക്കായി 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

3452-80-104-98-34 - ടൂറിസം- വിപണനവും പ്രോത്സാഹനവും

ഇന്ത്യയിലെ വിനോദസഞ്ചാര മേഖലയിലെ മുൻനിരസ്ഥാനം നിലനിർത്തുന്നതിനും ആഗോളതലത്തിൽ മികച്ച ടൂറിസം ബ്രാൻഡായി സംസ്ഥാനത്തെ ഉയർത്തികാട്ടുന്നതിനുമായി നൂതന വിനോദസഞ്ചാര ഉത്പന്നങ്ങളിലും പുതിയ മാർക്കറ്റുകളിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ് വിനോദസഞ്ചാര വകുപ്പ് ലക്ഷ്യമിടുന്നതെന്ന് സമിതിയ്ക്ക് മനസ്സിലാക്കുവാൻ സാധിച്ചു. ആയതിനായി രാജ്യത്തിനകത്തും പുറത്തും വ്യാപാരമേളകളിൽ പങ്കെടുക്കുക, റോഡ് ഷോകൾ നടത്തുക, ടൂർ ഓപ്പറേറ്റേഴ്സ്/പ്രമുഖ ട്രാവൽ റൈറ്റേഴ്സ്/പത്രപ്രവർത്തകർ, എന്നിവർക്കായുള്ള ട്രിപ്പുകൾ സംഘടിപ്പിക്കുക. പ്രിന്റ്/ടിവി/ഇന്റർനെറ്റ് തുടങ്ങിയ മാധ്യമങ്ങളിലൂടെ പരസ്യം നൽകുക, സിനിമയിലൂടെയുള്ള പരസ്യ പ്രദർശനം, ചാർട്ടർ ഫ്ലൈറ്റ് റേഡിയോയിലൂടെയുള്ള പരസ്യം നൽകുക. ഗ്രഡ് വിൽ പരസ്യങ്ങൾ നൽകുക. മലബാറിലെ പാരമ്പര്യ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക എന്നീ പ്രവൃത്തികൾ ഇതിൽ ഉൾപ്പെടുന്നതായും സമിതിയ്ക്ക് അറിയാൻ സാധിച്ചു. ഇന്റർനെറ്റിലൂടെയുള്ള പ്രചരണത്തിന്റെ ഭാഗമായി സോഷ്യൽ മീഡിയകളായ ട്വിറ്റർ. ഫേസ്ബുക്ക്, യൂട്യൂബ് എന്നിവ വഴിയുള്ള വിപണനവും വിസിറ്റ് കേരള,

ഗ്ലോബൽ ആയുർവേദ ക്യാമ്പയിൻ എന്നിവയിലൂടെയുള്ള വിപണനവും ലക്ഷ്യമിടുന്നതായും സമിതിയ്ക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ ഇത്തരം പദ്ധതികൾക്കായി 700 ലക്ഷം രൂപ കൂടി മേൽ ശീർഷകത്തിൽ അധികമായി അനുവദിയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

3452-80-800-97 - <u>വിനോദസഞ്ചാര സ്ഥാപനങ്ങളുടെ നവീകരണവും ശക്തിപ്പെടുത്തൽ നടപടികളും</u>

അന്തർദേശീയ നിലവാരത്തിൽ ടൂറിസം കേന്ദ്രങ്ങളെ ആധുനികവൽക്കരിക്കുന്നതിനായി 1.5 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നതെന്നും എന്നാൽ കേരളത്തിൽ എത്തുന്ന വിനോദസഞ്ചാരികളുടെ വരവിനനുസരിച്ച് അന്തർദേശീയ നിലവാരത്തിലുള്ള സൗകര്യങ്ങൾ നൽകേണ്ടതാണെന്നും സമിതി മനസ്സിലാക്കി. ആയതിലേയ്ക്ക് അധികമായി 100 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

3452-80-800-90 (26)-33 - <u>സ്വകാര്യ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് ധനസഹായം - സബ്സിഡി</u>

ടൂറിസം മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് സർക്കാർ പ്രഖ്യാപിച്ച ടൂറിസം നയത്തിന്റെ ചുവടു പിടിച്ച് ടൂറിസം പദ്ധതികളുടെ അതിവേഗ ക്ലിയറൻസ് സംവിധാനം, ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കുന്ന പുതിയ സബ്സിഡി നടപ്പാക്കൽ, മാർക്കറ്റിംഗ് രംഗത്ത് പുത്തൻ സംരഭർക്കുള്ള സഹായം, ആയുർവേദ ഹോംസ്റ്റേ സംരഭകർക്ക് വിദേശീയവും സ്വദേശീയവുമായ വിപണന സഹായം, മേളകളിൽ പങ്കെടുക്കൽ എന്നിവയ്ക്ക് ഉതകുന്ന പുതിയ സംബ്സിഡി സമ്പ്രദായം എന്നിവ രൂപപ്പെടുത്തേണ്ടതുണ്ടെന്ന് സമിതിയ്ക്ക് ബോദ്ധ്യപ്പെട്ടു. അതോടൊപ്പം ഈ പ്രക്രീയയ്ക്കായി വേണ്ട പരിശീലനം, ശാക്തീകരണം, അടിസ്ഥാന സൗകര്യ വികസനം, പാരമ്പര്യ ഊർജ്ജ ഉറവിട പദ്ധതികൾക്കായി സെമിനാർ, വർക്ക്ഷോപ്പ് പ്രചരണം തുടങ്ങിയ കാര്യങ്ങൾക്കുവേണ്ടി നടപ്പു വർഷത്തേയ്ക്ക് 600 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതായും സമിതി വ്യക്തമായി മനസ്സിലാക്കുകയും ചെയ്തു. എന്നാൽ ഇതിലേക്കായി അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമായിരുക്കുമെന്ന ഒരു വിലയിരുത്തൽ വന്നതിനാൽ ഈ ഇനത്തിൽ 400 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

3452-80-800-79- ജില്ലാ വിനോദസഞ്ചാര പ്രോത്സാഹന കൗൺസിലുകളും സന്ദർശക പ്രോത്സാഹന ബ്യൂറോകളും

സംസ്ഥാനത്തെ ജില്ലകളുടെ വിവിധ ടൂറിസം പദ്ധതികൾക്ക് വേണ്ടി പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തുന്നതിനും പദ്ധതി നിർവ്വഹണത്തിനുമായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ പ്രസ്തുത ബഡ്ജറ്റ് ഹെഡിൽ അധികമായി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

3452-80-800-34 - ഉത്തരവാദിത്വത്തോടെയുള്ള വിനോദസഞ്ചാരം

സാമ്പത്തിക സാമൂഹിക പാരിസ്ഥിതിക മേഖലകളെ കൂട്ടിയിണക്കി സംഘടിത രൂപവും രൂപഭദ്രതയും സംയോജിപ്പിച്ച് ഇന്ത്യയിൽ ആദ്യമായി ഉത്തരവാദിത്ത ടൂറിസം സംരംഭങ്ങൾക്ക് തുടക്കം കുറിച്ച സംസ്ഥാനം കേരളമാണെന്നും ദരിദ്ര ജനവിഭാഗങ്ങളോട് ആഭിമുഖ്യം പ്രദർശിപ്പിക്കുന്ന ടൂറിസം നയമാണ് കേരളാ ടൂറിസം നടപ്പിലാക്കുന്ന "ഉത്തരവാദിത്ത ടൂറിസം" എന്നാണ് കേന്ദ്ര പ്ലാനിംഗ് ബോർഡിന്റെ നയസമീപനരേഖകളിൽ ചൂണ്ടിക്കാട്ടുന്നതിനും പ്രാദേശിക ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കാവുന്ന ഒരു പരിഹാരക്രിയാ മാതൃകയാണ് ടൂറിസം വകുപ്പ് 'ഉത്തരവാദിത്വ ടൂറിസം'നടപ്പിലാക്കുന്നതെന്നും സമിതിയ്ക്ക് മനസ്സിലാക്കുവാൻ സാധിച്ചു. ഈ സാഹചര്യത്തിൽ മിഷൻ 676-ന്റെ ഭാഗമായി 120 ടൂറിസം ഡെസ്റ്റിനേഷനുകൾ കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

5452-01-190-96 - ബേക്കൽ റിസോർട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ

ബി.ആർ.ഡി.സി യ്ക്ക് സ്വന്തമായി ഓഫീസും ഗസ്റ്റ് ഹൗസും പണിയുക, ബേക്കൽ എയർ സ്ട്രിപ്പിന്റെ നിർമ്മാണം, ബീച്ചുകളുടേയും ബസ് സ്റ്റേഷന്റേയും വികസനം, മറ്റനുബന്ധപ്രവർത്തനങ്ങൾ എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന 150 ലക്ഷം രൂപ അപര്യാപ്തമാണെന്ന് വിലയിരുത്തുകയും ആയതിനാൽ 300 ലക്ഷം രൂപ അധികമായി ഈ ബഡ്ജറ്റ് ഹെഡ്ഡിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

5452-01-800-84 - മുസിരിസ് - സ്പൈസ് റൂട്ട് പൈതൃക പദ്ധതി

എറണാകളം ജില്ലയിലെ പറവൂർ, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ചേന്ദമംഗലം എന്നീ സ്ഥലങ്ങളിലെ ചരിത്ര സ്മാരകങ്ങളെ ബന്ധിപ്പിച്ച് കേരള ചരിത്രത്തിന്റെ പരിച്ഛേദം സന്ദർശകന് പകർന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിയ്ക്കും, സ്പൈസ് റൂട്ട് പദ്ധതിയ്ക്കും സംസ്ഥാനത്തെ ഇതര ഹെറിറ്റേജ് പദ്ധതികൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് കാണാൻ കഴിഞ്ഞതിനാൽ പദ്ധതിയുടെ തുടർന്നുള്ള സുഗമമായ നടത്തിപ്പിന് 500 ലക്ഷം രൂപ അധികമായി മേൽസൂചിപ്പിച്ച ബഡ്ജറ്റ് ഹെഡിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

തുടർന്ന് സമിതി കെ.ടി.ഡി.സി യെ ചുമതലപ്പെടുത്തിയിരുന്ന ഭൂതത്താൻ കെട്ടിലെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു. ആയതിൽ 80% ജോലികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും കേന്ദ്ര ഫണ്ടിന്റെ ഹെഡ് ഓഫ് അക്കൗണ്ടിലുണ്ടായിരുന്ന അവ്യക്തത കാരണമാണ് താമസം ഉണ്ടായതെന്നും ഇപ്പോൾ അതെല്ലാം വ്യക്തത വരുത്തിയിട്ടുണ്ടെന്ന് കേരള ടൂറിസം വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ഭൂതത്താൻ കെട്ട് പ്രോജക്ടിന് ആവശ്യമായ ഫണ്ട് അനുവദിച്ചിരുന്നുവെങ്കിലും നിർമ്മാണ പ്രവർത്തനം നടക്കുന്നില്ലായെന്ന് സമിതി യോഗത്തിൽ ശ്രദ്ധയിൽപ്പെടുത്തുകയും വിനോദസഞ്ചാര വകുപ്പ് എം.ഡി രണ്ടാഴ്ചയ്ക്കകം സ്ഥലം സന്ദർശിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

തുടർന്ന് 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ ശിപാർശകളിന്മേൽ വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ലായെന്നതിനാൽ പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് രണ്ടാഴ്ചയ്ക്കുള്ളിൽ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കുമെന്ന് വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി സമിതിയിൽ ബോധിപ്പിക്കുകയുണ്ടായി.

യോഗം ഉച്ചയ്ക്ക് ശേഷം 2.30 - ന് പിരിഞ്ഞു.

## 2015-മേയ് 5-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയനിർണ്ണയ സമിതി 2015 മേയ് 5, ചൊവ്വാഴ്ച, ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V-A സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ, എക്സ് ഒഫീഷ്യോ അംഗം ബഹു. പട്ടിക ജാതി പിന്നോക്ക സമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി ശ്രീ. എ.പി. അനിൽകുമാറും താഴെപറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. കെ. ബി. ഗണേഷ്കുമാർ, എം. എൽ. എ.
2. ശ്രീ. റ്റി. യു. കുരുവിള, എം. എൽ. എ.
3. ശ്രീ. സണ്ണി ജോസഫ്, എം. എൽ. എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി.
2. ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി.

2015-2016 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് സമിതി ചർച്ച ചെയ്യുകയും ചുവടെ ചേർക്കുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

1. വനം എന്ന XXXIV-ാം ധനാഭ്യർത്ഥനയുടെ കീഴിലുള്ള "2406-01-101-80 ഔഷധ സസ്യങ്ങളുടെ വികസനം ഉൾപ്പെടെയുള്ള തടി ഇതര വനവിഭവങ്ങൾ" എന്ന ശീർഷകത്തിൽ 'നക്ഷത്രവനങ്ങൾ' എന്ന പേരിൽ ഓക്സിജൻ സർക്കുലേഷൻ കൂടുതലായുള്ള ഏഴിനം മരങ്ങൾ വച്ചുപിടിപ്പിക്കൽ, കുട്ടിവനം പ്രോത്സാഹിപ്പിക്കുക, ഔഷധ സസ്യകൃഷി വ്യാപിപ്പിക്കുക എന്നീ പദ്ധതികൾക്കായി പരമാവധി സഹായം നൽകണമെന്ന് ഉദ്ദേശ്യത്തോടെ പ്രസ്തുത ശീർഷകത്തിൽ അധികമായി ആവശ്യപ്പെട്ടിരിക്കുന്ന 50 ലക്ഷം രൂപയ്ക്കു പുറമേ 1 കോടി രൂപ കൂടി വകയിരുത്തണമെന്ന ശിപാർശകൂടി ഉൾപ്പെടുത്താൻ സമിതി തീരുമാനിച്ചു.

2. "2406-01-800-56- മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ" എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ വന്യമൃഗങ്ങളുടെ ആക്രമണം നിമിത്തം ജീവഹാനി സംഭവിക്കുന്നവർക്കുള്ള നഷ്ടപരിഹാര തുക 10 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്നും ഈ ഇനത്തിൽ ബഡ്ജറ്റ് പ്രസംഗത്തിൽ നിർദ്ദേശിച്ചിരുന്നതായ തുക പൂർണ്ണമായി അനുവദിക്കണമെന്നുള്ള ശിപാർശ കൂടി ഉൾപ്പെടുത്താൻ സമിതി തീരുമാനിച്ചു. ഇതോടൊപ്പം വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്റ്റിലെ വകുപ്പ് 40(4)-ൽ പരാമർശിച്ചിട്ടുള്ള, രജിസ്ട്രേഷൻ ഇല്ലാത്ത നാട്ടാനകൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കുവാനും അപ്രകാരം രജിസ്ട്രേഷന് അപേക്ഷ സമർപ്പിക്കുന്നവരിൽ നിന്നും ഫീസിനത്തിൽ 2 ലക്ഷം രൂപയും വർഷംതോറും രജിസ്ട്രേഷൻ പുതുക്കുന്നതിനായി 25,000/-രൂപയും ഈടാക്കുവാനും പ്രസ്തുത തുക ആനപരിപാലനത്തിനായി ഉപയോഗപ്പെടുത്താനും ആവശ്യമായ ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണമെന്ന ശിപാർശ ഉൾപ്പെടുത്തണമെന്നും സമിതി തീരുമാനിച്ചു.

3. " 2406-02-110-48- പുത്തൂർ സുവോളജിക്കൽ പാർക്ക് വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രം" എന്ന ശീർഷകത്തിൽ പ്രസ്തുത കേന്ദ്രത്തിനായി വകയിരുത്തിയ തുകയോടൊപ്പം തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ നവീകരണത്തിനാവശ്യമായ 50 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന ശിപാർശ ഉൾപ്പെടുത്താനും സമിതി തീരുമാനിച്ചു.

4. വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന " 3435-60-800-99- പരിസ്ഥിതി വകുപ്പിനെ ശക്തിപ്പെടുത്തൽ" എന്ന ശീർഷകം പരിഗണിക്കവെ പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന ശിപാർശയും പ്രസ്തുത ശീർഷകത്തിനു ശേഷം 3435-04-104-97-കാലാവസ്ഥ വ്യതിയാന പഠന കേന്ദ്രം, കോട്ടയം എന്ന ശീർഷകം ചേർക്കണമെന്ന ശിപാർശയും ഉൾപ്പെടുത്താൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 2.40 ന് അവസാനിച്ചു.

## 20-5-2015-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയനിർണ്ണയസമിതി, 2015 മേയ് 20 ബുധനാഴ്ച രാവിലെ 11.30 ന് നിയമസഭാ സമുച്ചയത്തിലെ VD സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ.
2. ശ്രീ. രാജു എബ്രഹാം, ,,
3. ശ്രീ. ബി. സത്യൻ, ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജി. ഹരീഷ് , അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. പി. മാരപാണ്ഡ്യൻ, പ്രിൻസിപ്പൽ സെക്രട്ടറി
   വനം വന്യജീവി, പരിസ്ഥിതി വകുപ്പ്
2. ശ്രീമതി. എസ്. കുമാരി സുധ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീ. കെ. ബൈജു, സ്പെഷ്യൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
4. ശ്രീ. കെ. എസ്. മധുസൂദനൻ. അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ. പി. കെ. സാജു, അഡീഷണൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
6. ശ്രീ. എസ്. സി. ജോഷി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ്
   ഫോറസ്റ്റ്സ് (സി.&പി.എഫ്.എം.)
7. ശ്രീ. ജി, ഹരികുമാർ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്
   (വൈൽഡ് ലൈഫ് ആന്റ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ)
8. ശ്രീ. ജി. ജെ. ടെഗ്ഗി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ
   ഓഫ് ഫോറസ്റ്റ്സ് (വർക്കിംഗ് പ്ലാൻ റിസർച്ച്)

9. ഡോ. ബി. എസ്. കൊറി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എസ്.എ. ആന്റ് എൻ.ഒ)

10. ശ്രീ. ടി. പി. നാരായണൻകുട്ടി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എഫ്.എം.ഐ.എസ്)

11. ശ്രീ. ഡി. കെ. വർമ്മ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ബയോ ഡൈവേഴ്സിറ്റി സെൽ)

12. ശ്രീ. ഒ. പി. കലേർ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ബയോഡൈവേഴ്സിറ്റി സെൽ)

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയനിർണ്ണയസമിതിയുടെ യോഗം താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി തീരുമാനങ്ങളെടുക്കുകയും ചെയ്തു.

**1. <u>സാധൂകരണത്തിനുള്ള എസ്.ആർ.ഒ.</u>**

<u>കേരള ബയോളജിക്കൽ ഡൈവേഴ്സിറ്റി (ഭേദഗതി) റൂൾസ്, 2015</u>

<u>എസ്. ആർ. ഒ നമ്പർ 404/2014</u>

<u>(ഫയൽ നമ്പർ 5942/സബ്.സി.എഫ്1/2014/നി.സെ)</u>

ജൈവ വൈവിധ്യബോർഡ് ചെയർമാന്റെ നിയമന കാലാവധി 31-8-2014 ൽ പൂർത്തിയായതിനാൽ ഇപ്പോഴുള്ള 65 വയസ്സിൽ നിന്നും 68 വയസ്സായി ഉയർത്തുന്നതിനുള്ള ഭേദഗതി വരുത്തി ലഭ്യമാക്കിയ പ്രസ്തുത എസ്.ആർ.ഒ.യ്ക്ക് സമിതി സാധൂകരണം നൽകി.

**<u>II കരട് ചട്ടങ്ങളുടെ പരിശോധന</u>**

1. കേരള ബയോളജിക്കൽ ഡൈവേഴ്സിറ്റി (ഭേദഗതി) റൂൾസ് 2015-

പ്രസ്തുത കരട്ചട്ടം മറ്റൊരു യോഗത്തിൽ പരിഗണിക്കുന്നതിനായി മാറ്റിവെയ്ക്കുന്നതിന് സമിതി തീരുമാനിച്ചു.

(ഫയൽ നം.374/സബ്.സി.എഫ്1/14/നി.സെ.)

2. The Kerala Forest (Regulation of Sawmills and Other Wood-based Industrial Units)Amendment Rules 2015.

പ്രസ്തുത കരട് ചട്ടം സമിതി വിശദമായി പരിശോധിക്കുകയും പുറടെ ചേർക്കും പ്രകാരം തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

കേന്ദ്ര എംപവേർഡ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം പുറപ്പെടുവിച്ച ദി കേരള ഫോറസ്റ്റ് (റഗുലേഷൻസ് ഓഫ് സോമിൽസ് ആന്റ് അദർ വുഡ് ബെയ്സ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) റൂൾസ് 2012 (SRO No. 269/2012) പ്രകാരം റിസർവ് ഫോറസ്റ്റിന്റെ 5 കിലോമീറ്റർ ചുറ്റളവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 30-10-2012 നകം തന്നെ ലൈസൻസ് നേടിയിരിക്കണമെന്ന വ്യവസ്ഥ ഉണ്ടായിരുന്നുവെന്നും, ഇതിനെത്തുടർന്ന് പരാതി ഉയർന്ന സാഹചര്യത്തിൽ 2002 മുതൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും ലൈസൻസ് കൊടുക്കാൻ തീരുമാനിക്കുകയുണ്ടായെന്നും അറിയിച്ചു.

ഈ ഭേദഗതി അംഗീകരിച്ച് നിയമ നോട്ടിഫിക്കേഷൻ ഇറക്കുന്ന തീയതി മുതൽ ആറ് മാസം സമയം ലൈസൻസ് നേടുന്നതിനായി സ്ഥാപനങ്ങൾക്ക് ലഭിക്കുമെന്നും വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ലൈസൻസിനായി അപേക്ഷ നൽകാത്ത സ്ഥാപനങ്ങൾക്കും അപേക്ഷിക്കാൻ കഴിയുന്ന രീതിയിലായിരിക്കണം ഇത് ചെയ്യേണ്ടത് എന്ന സമിതി പരാമർശത്തിന് 2003 ഒക്ടോബർ മാസം എന്നുള്ള "കട്ട് ഓഫ് " തീയതിക്ക് മുമ്പ് ലൈസൻസ് നേടാത്തവർക്കുകൂടി ഇതിലൂടെ അവസരം ലഭിക്കുമെന്നും ചെയർമാൻ വിശദമാക്കി.

വനാതിർത്തിയിൽ നിന്നും കണക്കാക്കുന്ന ദൂരം ഗ്രൗണ്ട് ലെവൽ ആയിരിക്കുമെന്നും കേന്ദ്രനിയമത്തിൽ എയർ ഡിസ്റ്റൻസ് ആണ് പറഞ്ഞിരിക്കുന്നതെന്നുമുള്ള സമിതി പരാമർശത്തിന് ഏരിയൽ ഡിസ്റ്റൻസ് അളക്കാനുള്ള പ്രൊവിഷനില്ലാത്തതിനാൽ സംസ്ഥാനത്തിന് പ്രായോഗിക മായിട്ടുള്ളത് ഗ്രൗണ്ട് ഡിസ്റ്റൻസാണെന്നും സമിതി അഭിപ്രായപ്പെട്ടു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയോടെ 2002-ന് മുമ്പ് ലൈസൻസ് കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾക്ക് ഫാക്ടറീസ് ആന്റ് ബോയിലേഴ്

വകുപ്പിന്റെ ലൈസൻസ് കൂടി ആവശ്യമാണെന്ന സെൻട്രൽ എംപവേഴ്ഡ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഒരു ഭേദഗതി കൂടി റൂൾ 3(4) ൽ വരുത്തുന്നുണ്ടെന്ന കാര്യം വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കുകയും തുടർന്ന് ഈ വിഷയത്തിൽ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പരിധിയിൽ വരുന്ന വ്യവസായങ്ങൾക്ക് മാത്രം പ്രസ്തുത ഭേദഗതി ബാധകമാക്കുന്നതിൽ അപാകതയുണ്ടോ എന്ന സമിതി പരാമർശത്തിന് സെൻട്രൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ച റൂൾ ആയതിനാൽ സംസ്ഥാന സർക്കാരിന് ഇതിൽ മാറ്റം വരുത്താൻ കഴിയില്ലെന്ന് വനംവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിമുമ്പാകെ വ്യക്തമാക്കി.

ഇപ്രകാരം ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ അനുമതികൂടി ആവശ്യമാണെന്നുവന്നാൽ ഉണ്ടാകാവുന്ന സങ്കീർണ്ണത സമിതിക്ക് ബോധ്യപ്പെടുകയും, 2002 ന് മുമ്പ് വനാതിർത്തിയിൽ നിന്ന് 5 കിലോമീറ്റർ ചുറ്റളവിൽ പ്രവർത്തിക്കുന്ന സോമില്ലിനും തടി വ്യവസായ യൂണിറ്റിനും പ്രവർത്തിക്കാൻ തടസ്സമില്ലെന്നും പ്രസ്തുത റൂളിലെ 8,9 വകുപ്പുകൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനമാണ് ഇതിന് ലൈസൻസ് നൽകിയിരുന്നതെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ സമിതിയെ ബോധിപ്പിക്കുകയുണ്ടായി.

അതുപോലെ 2002 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സർട്ടിഫിക്കറ്റ് ലഭിച്ചവർക്ക് ലൈസൻസ് നൽകുമായിരുന്നുവെന്നും എന്നാൽ, പുതിയ റൂൾ അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ പോലും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ സർട്ടിഫിക്കറ്റില്ല എന്ന കാരണത്താൽ ലൈസൻസ് നൽകാതിരിക്കുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ലായെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

ഇത്തരം അവസരങ്ങളിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ലൈസൻസ് നിരസിക്കുന്നപക്ഷം ഉന്നത അധികാര സ്ഥാപനത്തിന് അപ്പീൽ നൽകാമെന്ന ഭേദഗതി റൂൾ 3(9) ൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മൂന്ന് വർഷമായിരുന്ന ലൈസൻസിന്റെ കാലാവധി 5 വർഷമായി ഉയർത്തിക്കൊണ്ടുള്ള ഭേദഗതി റൂൾ 8(1) ൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും 2002 വരെ ഒരേ സ്ഥലത്ത് തന്നെ സോമില്ലിനും

ചെറുകിട ഫർണീച്ചർ യൂണിറ്റിനും ലൈസൻസ് നൽകിയിരുന്ന സ്ഥാനത്ത് അത് പാടില്ലെന്നും, പ്രസ്തുത ഭേദഗതി റൂൾ 8(1) ൽ ഉൾപ്പെടുന്ന കാര്യവും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപെടുത്തുകയും തുടർന്ന് ഇവയെ ഒറ്റ യൂണിറ്റാക്കി കണക്കാക്കി ലൈസൻസ് നൽകുന്നതിലുള്ള ബുദ്ധിമുട്ട് എന്താണെന്നത് സംബന്ധിച്ച് സമിതി ആരായുകയും ഉണ്ടായി. ഒരു യൂണിറ്റായി കണക്കാക്കി ലൈസൻസ് നൽകുന്ന സന്ദർഭത്തിൽ അത് നൽകുന്നതിന്റെ ഫലമായി ആയത് ദുരുപയോഗം ചെയ്യുന്നത് സംബന്ധിച്ച് ധാരാളം പരാതികൾ ഉയർന്നുവന്നിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

കരട് ചട്ടത്തിലെ വ്യവസ്ഥകൾ ജീവിതാവകാശങ്ങളെ നിഷേധിക്കുന്നതാണെങ്കിൽ സമിതിക്ക് വിയോജിക്കേണ്ടിവരുമെന്ന് സമിതിയുടെ ഭാഗത്തുനിന്ന് പരാമർശം ഉണ്ടായപ്പോൾ 2002 ൽ സുപ്രീംകോടതി പുറത്തിറക്കിയ ഉത്തരവുപ്രകാരം രൂപീകരിച്ച സെൻട്രൽ എംപവേർഡ് കമ്മിറ്റി ഇപ്പോഴും പ്രവർത്തിക്കുകയാണെന്നും, സുപ്രീംകോടതി നിർദ്ദേശമനുസരിച്ച് ജൈവ-വൈവിധ്യവകുപ്പുമായി ബന്ധപ്പെട്ട റൂളിലോ നോട്ടിഫിക്കേഷനിലോ മാറ്റം വരുത്തണമെങ്കിൽ എംപവേർഡ് കമ്മിറ്റിയുടെ അനുമതി ആവശ്യമാണെന്നും അതുപോലെ സംസ്ഥാന സർക്കാരിന് സ്വതന്ത്രമായി ഒന്നും ചെയ്യാൻ വ്യവസ്ഥകൾ ഇല്ല എന്ന കാരണത്താൽ സർക്കാരിൽ പരാതികൾ ലഭിക്കുമ്പോൾ അവ സംബന്ധമായി മറ്റ് സംസ്ഥാനങ്ങളുടെ നിർദ്ദേശങ്ങൾകൂടി സ്വീകരിച്ച് ആവശ്യമായ കാര്യങ്ങൾ ചെയ്യാനാണ് സാധിക്കുകയെന്നും വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

സെൻട്രൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ച് അയച്ചുതന്ന നിയമത്തിൽ മാറ്റം വരുത്തണമെന്ന സമിതിയുടെ അഭിപ്രായം ബന്ധപ്പെട്ടവരെ അറിയിക്കുകയും വേണ്ട മാറ്റം വരുത്താൻ ശ്രദ്ധിക്കുകയും ചെയ്യാമെന്നും എന്നാൽ അന്തിമ തീരുമാനം അവരാണ് എടുക്കേണ്ടതെന്നും ചെയർമാൻ വ്യക്തമാക്കിയപ്പോൾ സ്മോൾ സ്കെയിൽ യൂണിറ്റ് ആരംഭിക്കാൻ പാടില്ലെന്ന് റൂളിൽ പറയുന്നില്ലെന്നും. സോമില്ലും സ്മോൾ സ്കെയിൽ ഫർണിച്ചർ യൂണിറ്റും ഒരേ സ്ഥലത്ത് വരാൻ

പാടില്ലെന്നുമാണ് ഇത് ഉദ്ദേശിക്കുന്നതെന്നും നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ ബോദ്ധ്യപ്പെടുത്തി.

സോമിൽ ഉടമകളുടെ ബുദ്ധിമുട്ട് ലഘൂകരിക്കുന്നതിനുവേണ്ടിയാണ് ഇത്തരമൊരു ഭേദഗതി കൊണ്ടുവന്നിരിക്കുന്നതെന്നും ഇതിന്റെഫലമായി 2002 ന് മുമ്പ് വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുള്ളവരുടെ ബുദ്ധിമുട്ട് പരിഹരിക്കപ്പെടുകയാണ് ചെയ്യുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. പ്രസ്തുത കരട് ചട്ടം നിയമവകുപ്പ് ഒരിക്കൽ കൂടി സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന നിർദ്ദേശത്തോടെ കരട് ചട്ടം സമിതി അംഗീകരിച്ചു.

## III കരട് റിപ്പോർട്ടിന്റെ പരിഗണന.

സമിതിയുടെ 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

## IV സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന.

2014-15 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ടിലെ താഴെപറയുന്ന ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭ്യമായ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 1,2,3,4,5,6,7,8,9,10,11,12,13,14

(ഫയൽ നമ്പർ 3445/സബ്.സി.എഫ്1/2014/നി.സെ)

## V വകുപ്പ് സെക്രട്ടറിമാരിൽ നിന്നുള്ള തെളിവെടുപ്പ്

സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതു സംബന്ധിച്ച് സമിതി വിനോദസഞ്ചാരം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പ് സെക്രട്ടറിമാരിൽ നിന്നും തെളിവെടുപ്പ് നടത്തുകയുണ്ടായി.

എ). വിനോദസഞ്ചാര വകുപ്പ്

2014-2015 ലെ നാലാമത് റിപ്പോർട്ടിലെ വിനോദസഞ്ചാരവകുപ്പുമായി ബന്ധപ്പെട്ട ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടുണ്ടെന്നും എത്രയുംവേഗം ലഭ്യമാക്കുന്നതാണെന്നും വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ബി. പൊതുവിദ്യാഭ്യാസ വകുപ്പ്

പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട തെളിവെടുപ്പിൽ കന്തിപ്പാറ ബദൽ സ്കൂളിലെ അദ്ധ്യാപികയെ ആന ചവിട്ടിക്കൊന്നതു സംബന്ധിച്ച വിഷയത്തിൽ പ്രസ്തുത ജീവനക്കാരിയുടെ മകന് ആശ്രിതനിയമനം നൽകാത്തത്, മേൽ വിഷയം ആശ്രിത നിയമനത്തിന്റെ പരിധിയിൽ വരുന്ന കേസല്ലാത്തതിനാൽ ആണെന്നും ഒരു പ്രത്യേക കേസായി പരിഗണിച്ച് ഇതിന്മേൽ ആനുകൂല്യം നൽകാൻ കഴിയുകയുള്ളുവെന്നും, ഇതു സംബന്ധിച്ച് ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും റിപ്പോർട്ട് ലഭിച്ചാലുടൻ മറുപടി ലഭ്യമാക്കുന്നതാണെന്നും പൊതു വിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ആനചവിട്ടിക്കൊന്ന ജീവനക്കാരിയുടെ ആശ്രിതന്, ആശ്രിത നിയമന വ്യവസ്ഥപ്രകാരം ഒരു പ്രത്യേക കേസായി പരിഗണിച്ച് ജോലി നൽകണമെന്ന കാര്യം സമിതിയുടെ ശിപാർശയായി ഗവൺമെന്റിനെ അറിയിക്കുവാൻ സമിതി തീരുമാനിച്ചു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 12.25-ന് അവസാനിച്ചു.

## 1. 13-7-2015-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയനിർണ്ണയ സമിതി 2015 ജൂലൈ 13-ാം തീയതി, തിങ്കളാഴ്ച, സഭ പിരിഞ്ഞതിനുശേഷം രാവിലെ 10.50-ന് നിയമസഭാ സമുച്ചയത്തിലെ V-A സമ്മേളന ഹാളിൽ സമിതി ചെയർമാൻ, ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. റ്റി. യു. കുരുവിള, എം. എൽ. എ.
2. ശ്രീ. സണ്ണി ജോസഫ്, എം. എൽ. എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീ. ജി. കമലവർധന റാവു, സെക്രട്ടറി, വിനോദസഞ്ചാരവകുപ്പ്.
2. ശ്രീമതി എസ്. കുമാരി സുധ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീ. കെ. എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
4. ശ്രീ. പി. കെ. സാജു, അഡീഷണൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്.
5. ശ്രീ. എസ്. സി. ജോഷി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ് ആന്റ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ)
6. ശ്രീ. ജി. ഹരികുമാർ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ് വാർഡൻ)
7. ഡോ. ബി. എസ്. കോറി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എസ്. എ. ആന്റ് എൻ. ഒ)
8. ശ്രീ. ടി. പി. നാരായണൻകുട്ടി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എഫ്.എം.ഐ.എസ്)

9. ശ്രീ. കെ. ജെ. വർഗ്ഗീസ്, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഇ.ആന്റ്.ടി.ഡബ്ല്യു)

10. ശ്രീ. ഷെയ്ഖ് പരീത്, ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്.

11. ശ്രീ. കെ. വി. സുധീർ, ജോയിന്റ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

12. ശ്രീ. ടി. വി. കൃഷ്ണകുമാർ, ഡെപ്യൂട്ടി സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

13. ഡോ. ഉമ്മൻ. വി. ഉമ്മൻ, ചെയർമാൻ, കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ്

14. ഡോ. കെ. പി. ലാലാധർ, മെമ്പർ സെക്രട്ടറി, കേരള ജൈവ വൈവിധ്യ ബോർഡ്.

15. ശ്രീ. എ. ഉദയകുമാർ, പ്ലാനിംഗ് ഓഫീസർ, വിനോദ സഞ്ചാര വകുപ്പ്

യോഗത്തിൽ സമിതി താഴെ പറയുന്ന പ്രകാരമുള്ള വിഷയങ്ങൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി തീരുമാനങ്ങളെടുക്കുകയും ചെയ്തു.

## I <u>കരട് ചട്ടത്തിന്റെ പരിഗണന</u>

കേരള ബയോളജിക്കൽ ഡൈവേഴ്സിറ്റി (ഭേദഗതി) റൂൾസ്-2015 സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നം. 374/സബ്.സി. എഫ്1/2015/നി.സെ)

## II <u>ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിശോധന</u>

2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നം. 3445/സബ്.സി.എഫ്1/2015/നി.സെ)

ഖണ്ഡിക 19, 20, 21, 22, 23, 24, 25, 26, 27, 28)

## III. വിവിധ സമിതിയോഗ നിർദ്ദേശങ്ങളിന്മേൽ സർക്കാരിൽ നിന്നു ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന

താഴെപ്പറയുന്ന സമിതിയോഗങ്ങളിൽ ഉന്നയിക്കപ്പെട്ട നിർദ്ദേശങ്ങളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. 11-3-2014-ലെ സമിതി യോഗ ശിപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്

(ഫയൽ നമ്പർ 3531/സബ്.സി.എഫ്1/2014/നി.സെ)

ഖണ്ഡിക 1 (വനം-വന്യ ജീവി വകുപ്പ്)

2. 24-1-2012-ലെ സമിതിയോഗ നിർദ്ദേശങ്ങളിന്മേൽ നടപടി സ്വീകരിക്കുന്നതു സംബന്ധിച്ച്

(ഫയൽ നമ്പർ 1325/സബ്.സി.എഫ്1/2012/നി.സെ)

ഖണ്ഡിക -1, 2, 3 (വിനോദസഞ്ചാര വകുപ്പ്)

പ്രസ്തുത ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വിനോദസഞ്ചാര വകുപ്പിൽ നിന്നും ലഭിച്ചതായ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കവെ സമിതി താഴെപറയുന്ന നിർദ്ദേശങ്ങൾ നൽകുകയുണ്ടായി.

ഗുരുവായൂർ ക്ഷേത്രത്തിലെ ആനകളുടെ പരിപാലനം ഗൗരവമായ വിഷയം ആണെന്നും കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് ആനകളുടെ പരിപാലനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തിരുന്നുവെന്നും, ഇക്കാര്യത്തിൽ ദേവസ്വം ബോർഡ് പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു. നിലവിലുള്ള 54 ആനകൾക്ക് പുറമെ ദിവസേന അവിടെ ആനകളെ നടയിരുത്താറുണ്ടെന്നുള്ളതും ഒരു പ്രധാന വിഷയമാണെന്ന് സമിതി വിലയിരുത്തി. എലിഫന്റ് ബോർഡിന്റെ നിർദ്ദേശമനുസരിച്ച് ആനകൾക്കുള്ള ഷെൽട്ടറിന്റെ തറ, വെള്ളത്തിന്റെ ലഭ്യത, ഷവർ ഫിറ്റ് ചെയ്യേണ്ടതിന്റെ ആവശ്യകത എന്നിവയിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്നത് ഗൗരവമായി ആലോചിക്കണമെന്നും ആവശ്യമെങ്കിൽ ഇത്തരം പ്രവർത്തനങ്ങൾക്ക് ഗുരുവായൂർ ദേവസ്വം

ബോർഡുമായി ചർച്ച നടത്തി കൂടുതൽ ഫണ്ട് അനുവദിച്ച് ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ നടത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

പ്രസ്തുത സ്റ്റേറ്റ്മെന്റിലെ ഖണ്ഡിക 2-ന്മേൽ ലഭിച്ച മറുപടിയോടനുബന്ധമായി ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട്, Take a break Project-ൽ താരതമ്യേന പ്രാധാന്യം കുറഞ്ഞ ഇടത്താവളങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രാധാന്യമേറിയ വൈക്കം, ഏറ്റുമാനൂർ, തിരുനക്കര, കുമരകം എന്നിവയെ ഒഴിവാക്കിയിരുന്നതായി കാണുന്നുവെന്നും, ആയതിനാൽ, ഇക്കാര്യത്തിൽ ടി സ്ഥലങ്ങളെക്കൂടി ഉൾപ്പെടുത്താത്തതിനുള്ള കാരണം എന്താണെന്ന് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചതിന് മറുപടിയായി ഈ കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

3. ജൈവ വൈവിധ്യ സംരക്ഷണം എക്സ്റ്റൻഷൻ, ഫോറസ്ട്രി, സംയുക്ത ഡി.എം.സി. എന്നീ പദ്ധതികളെ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

(ഫയൽ നമ്പർ 3527/സബ്.സി.എഫ്1/2012/നി.സെ)

ഖണ്ഡിക -19, 20, 23, 24 അംഗീകരിച്ചു.

പ്രസ്തുത ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ച അവസരത്തിൽ സമിതി താഴെപ്പറയുംപ്രകാരമുള്ള അധിക നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുകയുണ്ടായി. കോതമംഗലം ടൗണിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പ്രവർത്തിക്കുന്ന തടിമിൽ അവിടെനിന്ന് മാറ്റണമെന്ന ആവശ്യം വളരെ നാളായി ഉയർന്നു വരികയാണെന്നും, തലക്കോട്, വിട്ടൂർ എന്നീ പ്രദേശങ്ങൾ തടി ഇറക്കുന്നതിന് സൗകര്യപ്രദമായവയാണെന്നും നിലവിലുള്ള കോൺട്രാക്റ്റിന്റെ കാലാവധി അവസാനിക്കുമ്പോൾ പ്രസ്തുത ഡിപ്പോ അവിടെ നിന്നും മാറ്റുന്നതിന് നടപടിയെടുക്കണമെന്നും സമിതി നിർദ്ദേശിച്ചു. ഈ വിഷയം ആലോചിക്കാമെന്ന് വനം-വന്യജീവി വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

സംസ്ഥാനത്തെ ടൂറിസ്റ്റ് ഗൈഡുകളുടെ നിയമനത്തിന്റെ വിവരങ്ങൾ യോഗത്തിൽ ചർച്ചാവിഷയമായി. നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യതയാണ്

നിബന്ധനയായി നിലവിലുള്ളതെന്നും ജോലിയുടെ ഭാഗമായി വിദേശികളുമായി ആശയ വിനിമയം നടത്തേണ്ടതുള്ളതിനാൽ ഇവർക്ക് ജാപ്പനീസ്, ചൈനീസ്, സ്പാനീഷ് ഉൾപ്പെടെയുള്ള വിദേശ ഭാഷകൾ പഠിക്കുന്നതിന് സൗകര്യമൊരുക്കുന്ന കാര്യത്തിൽ പ്രത്യേക പരിഗണന നൽകണമെന്ന് സമിതി നിർദ്ദേശിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഇത് നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാമെന്ന് വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയും ചെയ്തു.

## IV <u>കരട് റിപ്പോർട്ടിന്റെ പരിഗണന</u>

സമിതിയുടെ 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടുത്തിയ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നം. 3452/സബ്.സി.എഫ്1/2015/നി.സെ)

സമിതി യോഗം രാവിലെ 11.35-ന് അവസാനിച്ചു.

## 2015 സെപ്റ്റംബർ 23-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയ നിർണ്ണയ സമിതി, 2015 സെപ്റ്റംബർ 23 ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 ന് നിയമസഭാ സമുച്ചയത്തിലെ V-D സമ്മേളന ഹാളിൽ സമിതി ചെയർമാൻ, ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ, എക്സ്-ഒഫീഷ്യോ അംഗം ബഹു. പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ.എ.പി.അനിൽകുമാറും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. റ്റി. യു. കുരുവിള, എം.എൽ.എ.
2. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. സന്തോഷ് കുമാർ ആർ. എസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. പി. മാരപാണ്ഡ്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.
2. ശ്രീ. ജി. ഹരികുമാർ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ് ആന്റ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ)
3. ശ്രീ. ഒ. പി. കലേർ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ബയോ ഡൈവേഴ്സിറ്റി സെൽ)
4. ശ്രീ. ഷെയ്ഖ് പരീത്, ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്.
5. ശ്രീ. പി. കെ. ഷാജു, അഡീഷണൽ സെക്രട്ടറി, വിനോദസഞ്ചാരവകുപ്പ്.
6. ശ്രീ. കെ. വി. സുധീർ, ജോയിന്റ് സെക്രട്ടറി, വനം വന്യജീവി വകുപ്പ്.

**1. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം ചേർന്ന യോഗത്തിൽ 'വന്യജീവി വേട്ടയാടൽ തടയാൻ നടപടി' എന്ന വിഷയം സമിതി ചർച്ചയ്ക്കെടുത്തു.**

വന്യജീവി വേട്ടയാടൽ തടയാൻ വകുപ്പ് സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ച് വകുപ്പുദ്യോഗസ്ഥർ സമിതി മുമ്പാകെ വിശദീകരിച്ചു. വന്യജീവികളെ വേട്ടയാടുന്നത് തടയുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ ഇന്റലിജൻസ് ഗ്യാതറിംഗ് (രഹസ്യ വിവരശേഖരണം) സംവിധാന പ്രകാരം 51 കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാനും കേസ്സെടുക്കാനും കഴിഞ്ഞിട്ടുണ്ടെന്നും വന്യജീവി വേട്ടയാടൽ തടയുന്നതിനായി സ്വീകരിച്ച ഫോറസ്റ്റ് സ്റ്റേഷൻ സമ്പ്രദായം നിലവിൽ 19 ഡിവിഷനുകളിലെ 50 റെയ്ഞ്ചുകളിലായി 104 ഫോറസ്റ്റ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ടെന്നും, കൂടാതെ, ടോൾഫ്രീ ഫോൺ സംവിധാനവും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫോറസ്റ്റ് കൺട്രോൾ റൂം തുടങ്ങിയവും ഇതിന്റെ ഭാഗമാണെന്ന് വനം വന്യജീവി വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു.

വനസംരക്ഷണ/പരിസ്ഥിതി വികസന സമിതികൾ, ആന്റി പോച്ചിംഗ് ക്യാമ്പുകൾ, ക്യാമറട്രാപ്പ് നിരീക്ഷണ സംവിധാനം, സൈബർ സെല്ലുകളുടെ രൂപീകരണം, വയർലെസ്സ് സംവിധാനം, സ്പെഷ്യൽ ക്രൈംബ്രാഞ്ചിന്റെ രൂപീകരണം, ഒറ്റപ്പെട്ടതും കൂടുതൽ പ്രശ്നബാധിതവുമായ മേഖലകളെ സംരക്ഷിത മേഖലകളുമായി കൂടിച്ചേർക്കൽ, പട്രോളിംഗ്, ഫീൽഡ് പെരാമ്പുലേഷൻ, മൺസൂൺ പട്രോളിംഗ് സംയുക്ത പട്രോളിംഗ് എന്നിവ വന്യജീവി വേട്ടയാടൽ തടയുന്നതിനുള്ള നടപടിയുടെ ഭാഗമായി നടപ്പാക്കിവരുന്നതായി വനം- വന്യജീവി വകുപ്പ് ഉദ്യോഗസ്ഥർ സമിതി മുമ്പാകെ വ്യക്തമാക്കി.

വന്യജീവി വേട്ടയാടൽ തടയുന്നതിന് കൂടുതൽ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ വനം ഡിവിഷനുകളിലുമായി വനസംരക്ഷണ പദ്ധതി തയ്യാറാക്കൽ, ഏരിയൽ സർവ്വിലൻസ് നടത്തുന്നതിനായി ഡ്രോൺസ് വാങ്ങൽ, ആവശ്യാനുസരണം ചെക്ക് പോസ്റ്റുകളും ഔട്ട് പോസ്റ്റുകളും മാറ്റി സ്ഥാപിക്കുക, ക്രിമിനൽ പ്രൊഫൈൽ ഡയറക്ടറി തയ്യാറാക്കുക തുടങ്ങിയ

നടപടികളും സ്വീകരിച്ചിട്ടുണ്ട്. ദക്ഷിണമേഖലാ സംസ്ഥാനങ്ങളിലെ വനം വകുപ്പ് മന്ത്രിമാരുടെ യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുകയും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ടെന്നും വനം-വന്യജീവി വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

**II <u>വനത്തിനുള്ളിലും സമീപപ്രദേശങ്ങളിലും അധിവസിക്കുന്നവർ അഭിമുഖീകരിക്കുന്ന വൈഷമ്യങ്ങൾ സംബന്ധിച്ച സമിതിയുടെ സ്പെഷ്യൽ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ</u>**

'വനത്തിനുള്ളിലും സമീപ പ്രദേശങ്ങളിലും അധിവസിക്കുന്നവർ അഭിമുഖീകരിക്കുന്ന വൈഷമ്യങ്ങൾ' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ താഴെപ്പറയുന്ന ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടുകൾ സമിതി പരിഗണനയ്ക്കെടുത്തു.

(ഫയൽ നമ്പർ 5097/സബ്.സി.എഫ്1/2014/നിസെ.)

<u>ധനകാര്യ വകുപ്പ്</u>

ഖണ്ഡിക 13

അംഗീകരിച്ചു.

<u>വനം വന്യജീവി (ഡി) വകുപ്പ്</u>

ഖണ്ഡിക നമ്പർ: 12, 13,14, 15, 16, 17, 18, 19, 20, 21, 22

അംഗീകരിച്ചു.

വന്യമൃഗങ്ങളുടെ ശല്യം പല സ്ഥലങ്ങളിലും അതീവ രൂക്ഷമാണെന്നും വടാട്ടുപാറയിലെ ജനങ്ങൾക്ക് ആനശല്യം കാരണം രാത്രിയിൽ ഉറങ്ങാൻ സാധിക്കാത്ത സ്ഥിതിയാണുള്ളതെന്നും അതിനെതിരെ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. വന്യമൃഗശല്യം നേരിടുന്നതിന് ഫണ്ടിന്റെ അപര്യാപ്തതയാണ് തടസ്സമെന്നും മുഖ്യമന്ത്രിയും കേന്ദ്ര വനം വകുപ്പ് മന്ത്രിയുമായി ഈ വിഷയം ചർച്ച ചെയ്തിരുന്നുവെന്നും എന്നാൽ, കേന്ദ്ര ഗവൺമെന്റിൽ നിന്നും വ്യക്തമായ മറുപടി ലഭിച്ചിട്ടില്ലെന്നും ബഡ്ജറ്റ് പ്രൊവിഷനായി 239 കോടി രൂപ ആവശ്യപ്പെട്ടുവെങ്കിലും 19 കോടി രൂപ മാത്രമാണ് ലഭിച്ചതെന്നും സമിതി മനസ്സിലാക്കി.

കാട്ടാനശല്യം രൂക്ഷമായ വയനാട്ടിൽ ഈ വർഷം 80 കി.മീ. നീളത്തിൽ വൈദ്യുതിവേലി നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അധിക തുക അനുവദിച്ചാൽ മറ്റുള്ള സ്ഥലങ്ങളിലും ഇത് ചെയ്യാനാവുന്നതാണെന്ന് വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന്, വന്യമൃഗങ്ങളുടെ ശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ജനപ്രതിനിധികളുടെ യോഗം വിളിക്കുന്നതു സംബന്ധിച്ചും, ആനകളെ പ്രതിരോധിക്കുന്നതിനായി ഇന്റർലോക്ക് ചെയ്ത മൂന്നോ നാലോ നിരകളിലായി പനകൾ വച്ചുപിടിപ്പിക്കുന്ന ജൈവ വേലികെട്ടി ആനകൾ പ്രവേശിക്കുന്നത് തടയാൻ കഴിയുമെന്നും സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

## III **'കാവുകളുടെ സംരക്ഷണം' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്**

(ഫയൽ നമ്പർ 4395/സബ്.സിഎഫ്1/2014/നിസെ.)

ഖണ്ഡിക നമ്പർ 14, 15, 16, 17, 18, 19, 20, 22 അംഗീകരിച്ചു.

പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കവെ കാവുകളുടെയും കുളങ്ങളുടെയും സംരക്ഷത്തിനായി തിരുവന്തപുരം കോർപ്പറേഷന് 10 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചതിൽ എത്ര തുക കോർപ്പറേഷൻ ചെലവഴിച്ചിട്ടുണ്ടെന്ന് പരിശോധിച്ച ശേഷം ചെലവഴിക്കാതെ ബാക്കിയുള്ള തുക തിരിച്ചടയ്ക്കാൻ ആവശ്യപ്പെടണമെന്ന് സമിതി നിർദ്ദേശിച്ചതിന് ആയത് പരിശോധിക്കാമെന്ന് വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

## IV **സമിതിയുടെ സ്പെഷ്യൽ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ പരിഗണന**

എ) ഉത്തരവാദിത്ത വിനോദസഞ്ചാരം എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

(ഫയൽ നമ്പർ 5338/സബ്.സി.എഫ്1/2013/നിസെ.)

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ അടുത്ത യോഗത്തിൽ പരിഗണിക്കാൻ സമിതി തീരുമാനിച്ചു.

ബി) 'തീർത്ഥാടന ടൂറിസം സർക്യൂട്ട്' എന്ന വിഷയം സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്

(ഫയൽ നമ്പർ 4926/സബ്.സി.എം1/2013/നിസെ.)

മേൽപ്പറഞ്ഞ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി അറിയിക്കുകയും നടപടി സ്റ്റേറ്റ്മെന്റുകൾ ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 3.30-ന് അവസാനിച്ചു.

## 20-11-2015-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയനിർണ്ണയ സമിതി, 2015 നവംബർ 20-ാം തീയതി, വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാൻ, ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

പ്രസ്തുത യോഗത്തിൽ എക്സ്-ഒഫീഷ്യോ അംഗം ബഹു. പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി ശ്രീ. എ. പി. അനിൽകുമാറും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിത രായിരുന്നു.

1. ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ.എ
2. ശ്രീ. ബി. സത്യൻ, എം.എൽ.എ

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. ടി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. ജി. കമലവർദ്ധനറാവു, സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
2. ശ്രീ. ഷെയ്ഖ് പരീത്, ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്
3. ശ്രീ. പി. കെ. ഷാജു, അഡീഷണൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
4. ഡോ. രാജശ്രീ അജിത്, ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ട്രാവൽ ആന്റ് സ്റ്റഡീസ് (KITTS)
5. ശ്രീ. ബി. ആർ. സന്തോഷ് രാജ്, സ്റ്റേറ്റ് പ്രോജക്ട് കോ-ഓർഡിനേറ്റർ, ഉത്തരവാദിത്വ വിനോദസഞ്ചാരം

6. ശ്രീ. കെ. രാജേഷ് കുമാർ, സ്റ്റേറ്റ് ലെവൽ ആർ.റ്റി ഫീൽഡ് കോ- ഓർഡിനേറ്റർ, ഉത്തരവാദിത്വ വിനോദസഞ്ചാരം

7. ഡോ. ഉദയ് കുമാർ, പ്ലാനിംഗ് ഓഫീസർ, വിനോദസഞ്ചാര വകുപ്പ്

സമിതി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം ചേർന്ന യോഗത്തിൽ താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി പുവടെപറയുന്ന പ്രകാരമുള്ള തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. ചട്ടം 235(എ) പ്രകാരം 'വിനോദസഞ്ചാര മേഖലയിലെ സുരക്ഷാ ക്രമീകരണങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത' എന്ന വിഷയത്തിന്മേലുള്ള ചർച്ച.

വിനോദസഞ്ചാര മേഖലയിലെ സുരക്ഷാ ക്രമീകരണങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ പരിശീലനം സിദ്ധിച്ച 139 ട്രയിൽഡ് ലൈഫ് ഗാർഡുകളെ നിയോഗിച്ചിട്ടുണ്ടെന്നും, ഇതിൽ കോവളത്ത് 35-ഉം ശംഖുംമുഖത്ത് 8-ഉം വേളിയിൽ 9-ഉം വർക്കലയിൽ 18-ഉം കൊല്ലത്ത് 8-ഉം ആലപ്പുഴയിൽ 9-ഉം എറണാകുളത്ത് 24-ഉം തൃശ്ശൂരിൽ 8-ഉം മലപ്പുറത്ത് 2-ഉം കോഴിക്കോട് 8-ഉം കണ്ണൂരിൽ 8-ഉം കാസറഗോഡ് 2-ഉം വീതം ലൈഫ് ഗാർഡുകളാണ് സേവനമനുഷ്ഠിച്ചുവരുന്നതെന്നും, ശിപാർശ സമർപ്പിച്ചാൽ ലൈഫ് ഗാർഡുകൾക്കാവശ്യമായ ഉപകരണങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമെന്നും വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

തീരദേശ ടൂറിസം മേഖലയിൽ അപകടങ്ങൾ വർദ്ധിച്ചുവരികയാണെന്നും കാപ്പാട് ബീച്ചിൽ അഞ്ച് എം.ബി.ബി.എസ് വിദ്യാർത്ഥികൾ അപകടത്തിൽപ്പെട്ട് മരണമടഞ്ഞിട്ടുള്ളതായും സമിതി എക്സ്-ഒഫീഷ്യോ അംഗം ബഹു. ടൂറിസം വകുപ്പ് മന്ത്രി സമിതിയെ അറിയിക്കുകയുണ്ടായി. ആയതിനാൽ ഈ സാഹചര്യത്തിൽ ലൈഫ് ഗാർഡുകളുടെ എണ്ണം 141-ൽ നിന്ന് 150 ആയി വർദ്ധിപ്പിച്ച് പ്രധാന കേന്ദ്രങ്ങളിൽ അവരെ നിയമിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

പ്രധാന ടൂറിസം കേന്ദ്രമായ ആതിരപ്പള്ളിയിൽ ലൈഫ് ഗാർഡുകളെ നിയോഗിക്കണമെന്നും വാഴച്ചാൽ തുമ്പൂർമൂഴി പ്രദേശങ്ങളിൽ ടൂറിസം പോലീസിനെ നിയമിക്കണമെന്നും അവർക്കാവശ്യമായ വാഹനസൗകര്യങ്ങൾ ലൈഫ് ഗാർഡുകൾക്കാവശ്യമായ പരിശീലനവും ഉപകരണങ്ങളും നൽകണമെന്നും ബഹു. ടൂറിസം വകുപ്പ് മന്ത്രി നിർദ്ദേശിക്കുകയുണ്ടായി. ടൂറിസം പോലീസ് ഈ രംഗത്ത് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്ന് വിനോദസഞ്ചാരവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

II. സമിതിയുടെ താഴെപ്പറയുന്ന പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നു ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന

I) 'ഉത്തരവാദിത്തവിനോദസഞ്ചാരം' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ഗവൺമെന്റ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ: 5338/സബ്സി എഫ്1/13/നി.സെ)
ഖണ്ഡിക : 27,28,29,30,31,32

പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിക്കവെ ഉത്തരവാദിത്വ ടൂറിസം എന്നതിന് പകരം 'ജനകീയ ടൂറിസം' എന്ന് ഉപയോഗിക്കുന്നതാണ് നല്ലത് എന്ന നിർദ്ദേശമാണ് സമിതി മുന്നോട്ടുവച്ചിരിക്കുന്നതെന്ന് വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. എന്നാൽ ഉത്തരവാദിത്വ ടൂറിസം ഒരു അന്തർദേശീയ പദമായതിനാൽ അതിൽ മാറ്റം വരുത്തുന്നത് ഉചിതമല്ലെന്നും ഉത്തരവാദിത്വ ടൂറിസം പദ്ധതിയുടെ വിപുലീകരണത്തിന്റെ ഭാഗമായി 'ദൈവത്തിന്റെ സ്വന്തം നാട് ജനങ്ങളുടെ സ്വന്തം ടൂറിസം' എന്ന പ്രചരണ പരിപാടിയും ആരംഭിച്ചിട്ടുള്ളതായും വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് ഇപ്പോൾ നിലവിലുള്ള പേര് തന്നെ തുടരുന്നതാണ് നല്ലതെന്ന് എക്സ്-ഓഫീഷ്യോ അംഗം ബഹു. ടൂറിസം വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഉത്തരവാദിത്വ ടൂറിസം നടപ്പാക്കുന്നതിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നോഡൽ ഏജൻസിയായ കിറ്റ്സ് ആസൂത്രണം ചെയ്ത്

നടപ്പിലാക്കി വരുന്നുണ്ടെന്നും കോവളത്തിന്റെ സമീപ പഞ്ചായത്തുകളായ വെങ്ങാനൂർ, കോട്ടുകാൽ, വിഴിഞ്ഞം, നെട്ടമം വാർഡുകൾ കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്നും ഇതിന്റെ ഭാഗമായി കോവളത്തിനടുത്തുള്ള വെള്ളാർ വാർഡിൽ കരിക്ക് വിൽപ്പന യൂണിറ്റ്, മെഴുകുതിരി നിർമ്മാണ യൂണിറ്റ്, വൃന്ദാവൻ മിൽക്ക് യൂണിറ്റ് എന്നീ വിവിധ നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി അറിയിച്ചു. വിവിധ നിർമ്മാണ യൂണിറ്റുകളെ വിവിധ റസ്റ്റോറന്റുകളും, ഹോട്ടലുകളുമായി ബന്ധപ്പെടുത്തിയിട്ടുള്ളതായും വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. കൂടാതെ ഉത്തരവാദിത്വ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് കോവളത്ത് ഇതിനകം 40,38,759 രൂപയുടെ പ്രാദേശിക ഉൽപ്പന്നങ്ങളുടെ വിപണനവും, ഗ്രാമീണ ടൂറിസം പാക്കേജുകൾ നടപ്പിലാക്കിയതു വഴി 63000 രൂപയും തദ്ദേശവാസികൾക്ക് ലഭിച്ചിട്ടുണ്ടെന്ന് വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ആതിരപ്പള്ളിയിലെത്തുന്ന വിനോദസഞ്ചാരികൾക്ക് താമസവും ഭക്ഷണവും ലഭിക്കാത്ത പ്രശ്നമുണ്ടെന്നും, ഇവിടുത്തെ മറ്റൊരു പ്രദേശമായ മലക്കപ്പാറ വിനോദസഞ്ചാരത്തിന് വളരെ സാധ്യത ഉള്ള പ്രദേശമാണെന്നും, ആർ.ഡി.ഒ ചെയർമാനായ സൊസൈറ്റിയുടെ കൈവശം 200 ഏക്കർ സ്ഥലമുണ്ടെന്നും ടൂറിസ്റ്റുകൾക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനും ടൂറിസം വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾക്കായി പ്രസ്തുത സ്ഥലം കൈമാറുന്നതിന് തയ്യാറാണെന്നും സർക്കാർ ഏറ്റെടുത്ത് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടിയെടുക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത സ്ഥലത്തിന്റെ 5% ഏറ്റെടുത്ത് ടൂറിസം വികസനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്ന് എക്സ്-ഒഫീഷ്യോ അംഗം സമിതിയെ അറിയിച്ചു.

ടൂറിസം വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത്, ആതിരപ്പള്ളി വെള്ളച്ചാട്ടത്തിന് സമീപത്തുകൂടി കാർ റോപ്പ് വേ ആരംഭിക്കുന്നതിന്

പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും അവസാന ഭാഗത്തെ പില്ലർ സ്ഥാപിക്കേണ്ടി വരുന്നത് വനം വകുപ്പിന്റെ വക സ്ഥലത്താണെന്നും, റോപ്പ് വേയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

2) തീർത്ഥാടന ടൂറിസം സർക്യൂട്ട് എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്

(ഫയൽ നമ്പർ 4926/സബ്സി എഫ്1/13/നി.സെ)

പ്രസ്തുത റിപ്പോർട്ടിന്മേൽ ഗവൺമെന്റ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഖണ്ഡിക നമ്പർ: 7,8,9,10,11,12,13,14)

മേൽറിപ്പോർട്ട് സമിതി പരിഗണിക്കവെ ആതിരപ്പള്ളി-ഏഴാറ്റുമുഖം-മലയാറ്റൂർ-കാലടി-ടൂറിസം സർക്യൂട്ട് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും, സെന്റ് മേരീസ് ഫൊറോന ചർച്ച് കോരട്ടിയെക്കൂടി തീർത്ഥാടന ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി ഉൾപ്പെടുത്തണമെന്നുമുള്ള സമിതി നിർദ്ദേശത്തിന് സെന്റ് മേരീസ് ഫൊറോന ചർച്ചിനെ തീർത്ഥാടന ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി ഉൾപ്പെടുത്തുമെന്നും ഇതിനാവശ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരികയാണെന്നും, വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഉച്ചയ്ക്ക് ശേഷം 2.30-ന് യോഗം അവസാനിച്ചു.

## 2015 ഡിസംബർ 7-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X 2015 ഡിസംബർ7, തിങ്കളാഴ്ച വൈകിട്ട് 5.50 ന് നിയമസഭാ സമുച്ചയത്തിലെ IVB സമ്മേളന ഹാളിൽ സമിതി ചെയർമാൻ, ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ, പ്രത്യേക ക്ഷണിതാവായ ബഹു. ഊർജ്ജ വകുപ്പുമന്ത്രി, ശ്രീ. ആര്യാടൻ മുഹമ്മദും താഴെപറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. കെ. അജിത്, എം.എൽ.എ.
2. ശ്രീ. റ്റി. യു. കുരുവിള, എം.എൽ.എ.
3. ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ.
4. ശ്രീ. രാജു എബ്രഹാം, എം.എൽ.എ.
5. ശ്രീ. ബി. സത്യൻ, എം.എൽ.എ.
6. ശ്രീ. സണ്ണി ജോസഫ്,എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. പി. മാരപാണ്ഡ്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി,
   വനം- വന്യജീവി-പരിസ്ഥിതി വകുപ്പ്
2. ശ്രീ. പി. എസ്. പ്രസാദ്, അഡീഷണൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
3. ശ്രീമതി പി. ബി. രാധിക, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. കെ. സജീവൻ, ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ
   നിയന്ത്രണ ബോർഡ്
5. ശ്രീമതി എം. എസ്. മൈഥിലി, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന
   മലിനീകരണ നിയന്ത്രണ ബോർഡ്

6. ശ്രീമതി വി. റ്റി. ലൗലി, ചീഫ് എൻവയോൺമെന്റൽ എഞ്ചിനീയർ (സി.ഇ.ഇ), കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

7. ശ്രീ. സുധീർ ബാബു, സി. ഇ. ഇ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

സമിതി 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കുകയും താഴെ പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

1) തത്വപ്രഖ്യാപന വാക്യത്തിൽ "അറുപത്തിമൂന്നാം" എന്ന വാക്കിനു പകരം 'അറുപത്തിയാറാം' എന്ന വാക്ക ചേർക്കുക

2) ചുരുക്കപ്പേരിൽ '2012' എന്നതിനു പകരം '2015' എന്നു ചേർക്കുക

3) ഖണ്ഡം -3 (2) എ യിൽ 'സർവ്വീസുകളിൻ കീഴിലുള്ള' എന്ന വാക്കിനു ശേഷം "തസ്തികകളിൽ വാച്ച്മാൻ, പാർട്ട്-ടൈം സ്വീപ്പർ എന്നിവ ഒഴികെയുള്ള" എന്ന വാക്കുകൾ ചേർക്കുക.

ബില്ലിന്മേലുള്ള വിഷയനിർണ്ണയ സമിതിയുടെ നിർദ്ദിഷ്ട ബില്ലിന് താഴെപറയുന്ന അംഗങ്ങൾ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയുണ്ടായി.

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. രാജു എബ്രഹാം

ശ്രീ. ബി. സത്യൻ

ശ്രീ .കെ. അജിത്

യോഗം വൈകുന്നേരം 6.00-ന് അവസാനിച്ചു.

## 2-3-2016-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2016 മാർച്ച് 2, ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ VD സമ്മേളന ഹാളിൽ യോഗം ചേർന്നു. ചെയർമാൻ, ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രസ്തുത യോഗത്തിൽ, താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. കെ. അജിത്, എം.എൽ.എ.
2. ശ്രീ. റ്റി. യു. കുരുവിള "
3. ശ്രീ. ബി. സത്യൻ "
4. ശ്രീ. സണ്ണി ജോസഫ് "

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. സന്തോഷ്കുമാർ ആർ. എസ്, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീ. കെ. എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
2. ശ്രീ. ടി. പി. നാരായണൻകുട്ടി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എഫ്.എം.ഐ.എസ്)
3. ശ്രീ. പി. കെ. കേശവൻ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (പി)
4. ശ്രീ. കെ. വി. സുധീർ, ജോയിന്റ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.
5. ശ്രീ. പി. പി. പ്രമോദ്, ഡി,സി,എഫ് (പി.ആർ.)

സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

I. <u>കരട് ചട്ടത്തിന്റെ പരിശോധന</u>

ദി കേരള ഫോറസ്റ്റ് പ്രൊഡ്യൂസസ് ട്രാൻസിറ്റ് (അമെന്റ്മെൻഡ്) റൂൾസ് - 2015 .

(ഫയൽ നമ്പർ : 5791/സബ്. സി. എഫ് 1/15/നി.സെ)

താഴെപ്പറയുന്ന ഭേദഗതിയോടു കൂടി ദി കേരള ഫോറസ്റ്റ് പ്രൊഡ്യൂസ് ട്രാൻസിറ്റ് (അമെന്റ്മെൻഡ്) റൂൾസ്, 2015 ന്റെ കരട് അംഗീകരിച്ചു.

ശീർഷകത്തിലെ '2015' എന്ന അക്കങ്ങൾക്ക് പകരം '2016' എന്ന് ചേർക്കുക.

II. <u>16.4.2013-ലെ സമിതിയോഗ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടിന്റെ പരിഗണന.</u>

(ഫയൽ നമ്പർ : 3445/സബ്. സി. എഫ്1/13/നി.സെ)

കഞ്ചിപ്പാറ ട്രൈബൽ സ്കൂളിലെ അദ്ധ്യാപികയെ ആന ചവിട്ടിക്കൊന്ന സംഭവം, പ്രത്യേക കേസായി പരിഗണിച്ച് ടിയാളുടെ മകന് ആശ്രിത നിയമന വ്യവസ്ഥ പ്രകാരം സർക്കാർ ജോലി നൽകണമെന്ന 16.4.2013-ലെ യോഗത്തിലെ സമിതി ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് അംഗീകരിച്ചു.

യോഗം രാവിലെ 11.45-ന് അവസാനിച്ചു.

GOVERNMENT OF KERALA

Abstract

Forest & Wild Life Department- Committee of Peoples representatives to monitor the implementation of developmental activities, enforcement and protection measures taken up by the department-constituted-orders issued

---

FOREST & WILD LIFE (D) DEPARTMENT

G.O.(Rt)273/2011/F&WLD. Dated, Thiruvananthapuram 22/06/2011

---

**ORDER**

Government are pleased to constitute a committee at Legistaltive Assembly Constituency level to monitor the development activities, as well as the enforcement and protection measures of Forest & Wild Life Department and also to propose relevant new activities if any. The committee will have the following composition.

| | | |
|---|---|---|
| 1. | The MLA | Chairman |
| 2. | President/Chairpersons of the Local Self Government falling within the Legislative Assembly Constituency. | Members |
| 3. | Two eminent personalities from or near the locality having proven interest in Forest/Wild Life/Environment related activities to be nominated by the Conservator of Forest of the area | Members |
| 4. | The Range Officer under whose jurisdiction major portion of Legislative Assembly Constituency falls | Convener |

The Tahasildar concerned, Assistant Executive Engineer of PWD (Roads), Section Head KSEB, CI of Excise or any other Governmental functionaries who are required shall be invited to the meeting when matters relating to their departments/office are proposed to be discussed.

The committee shall meet at the Range Office or at any other appropriate place at the convenience of the Chairman after giving a minimum of 7 days notice to the members along with an agenda for the meeting.

The convener shall prepare and maintain minutes of every meeting in abound 'Minutes Book' which shall be serially page numbered and certificate as to count of page recorded at its 1st page itself by the convener.

The 1st agenda item from the 2nd meeting onwards shall be the approval of the minutes of the previous meeting followed by an action taken report on the decision taken in the previous meetings to be presented by the convener.

The committee shall hold its 1st meeting in September 2011 or before. The senior officers of the Department of Forest & Wild Life, while visiting the Range Offices shall invariably verify the activities of the committee and the progress in implementation/execution of its decisions and give appropriate instruction to the convener. No TA/DA will be paid for attending the meetings of the committee. However light refreshment may be served.

The Principal Chief Conservator of Forests will issue appropriate instruction to all officers concerned for the smooth and effective functioning of the Monitoring Committee.

(By Order of the Governor)
SAJAN PETER,
Principal Secretary.

To,

The Principal Chief Conservator of Forests, Thiruvananthapuram.
The Director, I&PRD.(through the media for wide publicity)
StockFile/Office Copy.

Forwarded /By Order

Section Officer

## GOVERNMENT OF KERALA

**Abstract**

Forest & Wild Life Department-Establishment of Rapid Response Teams to drive back the crop raiding wild elephants- Setting up of additional units of Rapid Response Teams at Kozhikode, Mannarkkad and Peppara and Re-deployment of staff-Santioned - Orders issued.

FOREST & WILDLIFE (D) DEPARTMENT

G.O.(MS)No.07/2012/F&WLD Dated, Thiruvananthapuram, 15-02-2012

Read:- 1. G.O.(Rt) No.408/2011/ F&WLD dated 16-9-2011

2. G.O.(MS)No.60/2011/ F&WLD dated 22-12-2011

3. Letter No.E5-684/2012 dated 13-1-2012 of the Addl.Prl.Chief Conservator of Forests (Administration).

**ORDER**

As per G.O read as 1st above, Government sanctioned creation of 5 Rapid Response Teams at Palakkad, Wayanad, Nilambur North, Kannur and Ranni Forest Divisions for defence against crop raiding wild elephants.

2. As per G.O read as 2nd paper above Government have sanctioned creation of 45 posts for the smooth functioning of the newly established Rapid Response Teams.

3. As per letter read as 3rd paper above the Addl. Prl. Chief Conservator of Forests (Administration) has requested Government to accord sanction for setting up three more additional units of Rapid Response Teams at Kozhikode, Mannarkkad and Peppara by re-deployment of staff as detailed below:

| Sl. No. | Location of the Rapid Response Team | Head quarters of the Rapid Response Team | Territorial Division to which the Team is attached | Range Officer in charge of the Team | Details of Staff deployed |
|---|---|---|---|---|---|
| 1 | Kozhikode | Thamarassery | Kozhikode Division | Range Officer, Thamarassery | Deputy Ranger, Kallai Depot<br>One Forester from Thamarassery Range<br>Two Forest Guards from Thamarassery Range<br>One Forest Guard from Peruvannamoozhy Range<br>One Forest Guard from Kuttiyadi Range |
| 2 | Mannarkkad | Mannarkkad | Mannarkkad | Range Officer Mannarkkad | Two Foresters from Mannarkkad Forest Division<br>Four Forest Guards from Mannarkkad Forest Division |

| | | | | | |
|---|---|---|---|---|---|
| 3 | Peppara | Peppara | Thiruvananthapuram | Range Officer, Peppara | One Forester from Paruthippally Range<br>Two Forest Guards from Palode Range<br>Two Forest Guards from Kulathupuzha Range |

Government have examined the proposal in details and are pleased to sanction the creation of three additional units of Rapid Response Teams at Kozhikode, Mannarkkad and Peppara by re-reployment of staff as detailed in para 3 above, subject to the following:

(1) No new posts will be created for the purpose.

(2) No new vehicles will be purchased for the purpose.

(3) The vehicles required for the teams will be made available from the existing fleet of vehicles available with the department.

Government are also pleased to accord sanction to meet the expenditure in connection with the purchase of equipments and accessories required for the teams from the budget provision earmarked under H/a 2406-01-800-56(P).

By Order of the Governor,
SAJEN PETER,
Principal Secretary to Government.

The Principal Chief Conservator for Forests, Thiruvananthapuram.
The Addl. Principal Chief Conservator of Forests (A), Thiruvananthapuram.
The Director, I & PRD.
The Accountant General (Audit), Thiruvananthapuram.
The Accountant General (A& E), Thiruvananthapuram.
Stock file./Office Copy.

Forwarded/By Order,

Section Officer.

PROCEEDINGS OF THE PRINCIPAL CHIEF CONSERVATOR OF FORESTS AND HEAD OF FOREST FORCE

Present: T.M.Manoharan IFS

Sub:- Establishment of five Rapid Response Teams to drive back the crop raiding wild elephants- Deployment of staff -orders issued-reg.

Ref:- G.O.(Rt)275/11/F&WLD dated 22-06-2011.

**Order No.WL4-5052/011 dated 22-08-2011.**

The Programmes/Schemes identified for implementation as part of the 100 days programme of the State Government as per the Government Order cited above includes the establishment of five Rapid Response Teams to drive back the crop raiding wild elephants and to manage other problems relating to man-animal conflict. The Programme envisages at setting up of five numbers of sufficiently equipped Rapid Response Teams in Wayanad(Wildlife), Nilambur,Kannur,Palakkad and Ranni Forest divisions.

A detailed scheme for setting up of the Rapid Response Teams in the divisions identified above is being prepared for the approval of the State Government. Proposals for creation of additional staff,procurement of vehicles and other essential equipments have to be included in the Scheme. In the meantime, instances of wild elephants entering the human habitations and causing damage to crop, other properties and human life are reported from many parts of the State. In the above circumstances it is decided to set up the Rapid Response Teams as envisaged in the 100 days programme of the State Government by utilizing the available manpower, vehicles and other equipments either presently available or which can be procured utilizing the existing budget provisions.

Each Team will be in the overall charge of a Range Forest Officer. One vehicle will be identified by the concerned Chief Conservator of Forests (Territorial) for the Team until vehicle for this purpose is allotted by the

Additional Principal Chief Conservator of Forests(Development). It is proposed that the team will consist of 1 Forester, 2 Forest Guards and 4 members of VSS/EDC.

For the immediate setting up of the Rapid Response Teams in the locations stated above the following staff will be deployed by the Chief Conservators of Forests in charge of the Territorial Circles with immediate effect.

| Sl No | Location of the Rapid Response Team | Headquarters of the Rapid Response Team | Territorial Division to which the Team is attached | Range Officer in charge of the Team | Details of Staff deployed |
|---|---|---|---|---|---|
| 1 | Sultan Batheri | Sultan Batheri | Wayanad Wildlife Division | Assistant Wildlife warden, Bathery Range, Wayanad Wildlife Division | 1 Forester from Wayanad Social Forestry Division 2 Forest Guards deployed from Wayanad (South), Wayanad(North) and Wayanad (wildlife) Forest Divisons on rotation for a period of 2 weeks by the Chief Conservator of Forests, Kannur. |
| 2 | Kannur | Thaliparamba | Kannur | Range officer, Thaliparamba | 1 Forester from Kannur Social Forestry Division 2 Forest Guards deployed from Kannur Forest Division on rotation for a period of 2 weeks by the Chief Conservator of Forests, Kannur |

| | | | | | |
|---|---|---|---|---|---|
| 3 | Palakkad | Olavakode | Palakkad | Range officer, Olavakode | 1 Forester from Palakkad Social Forestry Division 2 Forest Guards deployed from Palakkad, Nenmara and Mannarkkad Forest Divisions on rotation for a period of 2 weeks by the Chief Conservator of Forests, Olavakode. |
| 4 | Nilambur | Nilambur | Nilambur North | Range Officer, Nilambur Range | 1 Forester from Malappuram Social Forestry Division 2 Forest Guards deployed from Nilambur(north) and Nilambur(South) Forest Divisions on rotation for a period of 2 weeks by the Chief Conservator of Forests, Olavakode. |

2. A suitable building will be arranged at the proposed headuarters of the Team by the concerned Divisional Forest Officer. Camping facilities for the Team also shall be provided.

3. One of the vehicles available in any of the sub offices in the Circle will be temporarily deployed for the Rapid Response Team by the concerned Chief Conservator of Forests until vehicle exclusively for this purpose is allotted by the Additional Principal Chief Conservator of Forests (Development).

4. One mobile telephone connection will be provided exclusively for the use of the team by the Divisional Forest Officer concerned out of the BSNL connections provided to the Division. An easy to remember telephone number in the closed used group of the department will be procured for this purpose by the DFO concerned in consultation with the additional PCCF (D)

5. The above telephone number will be notified for the information of the public in the locality.

6. A tranquilizer gun available with the Wildlife Wing and sufficient medicine as advised by the Forest Veterinary Officer will be placed at the disposal of each team by the concerned Chief Conservator of Forests. Arrangements will be made for the storage of the medicine by the Divisional forest Officer/Wildlife Warden concerned.

7. The Range officers of Territorial and Wildlife Divisions vulnerable to crop raiding will set up camp of sufficient number of mazdoor watchers and VSS/EDC members in such areas to provide support to the Rapid Response Team during the elephant depredation operations.

8. Each Team will work in tandem with the Elephant Squad of the Animal Husbandry Department in the District or in the adjoining District. The Forest Veterinary Officer Konni will coordinate the activities in this regard for the Team at Ranni. Assistant Forest Veterinary Officer, Sulthan Bathery will co-ordinate the activities for the Teams at Sulthan Bathery, Kannur, Nilambur and Palakkad. Telephone numbers of the concerned Veterinary Officers will be made available to the Team and the concerned Range Officer by the Forest Veterinary Officer/Assistant Forest Veterinary Officer.

9. The concerned staff of the Territorial and Wildlife Divisions will collect information relating to the movement of elephant herds or lone elephants in the areas vulnerable for crop raiding and keep the Rapid Response Team informed of the same through the respective Range officers.

10. A suitable register will be maintained by the Team on daily basis consolidating the above information.

11. The Rapid Response Team will march to the locality where crop raiding is reported and will organize and carry out the anti depredation activities with the support of the local team of staff, watchers and VSS/EDC members provided by the local Range Officer. The Team will camp in the area for sufficient time to ensure that the elephant herd or lone elephant has moved in to the forest.

12. In the case of lone elephants, steps will be taken for tranquilizing the crop raiding elephant if the driving operation fails. The decision in this regard will be taken by the Chief Conservator of Forests concerned under the orders of the Chief Wildlife Warden.

13. The assistance of Elephant Squad concerned also will be requisitioned by the Range officer in charge.

14. The Rapid Response Team will march and halt as per the orders of the Range officer in charge.

15. The team will have two numbers of 315 sporting rifle with them alloted by the concerned Divisional Forest Officer.

16. Fire crackers, sufficient number of high beam torches, medicine for first aid, sufficient quantity of drinking water etc will be supplied to the team by the Range Officer in charge.

17. The vehicle and other equipments and accessories will always be kept in readiness for operation at any time.

18. A portable microphone system will be supplied to each team by the concerned Divisional Forest Officer for making announcement to the public during the operation.

19. The Station House Officer/ Circle Inspector of Police of the locality will be informed of the operation in advance by the Range officer and their help should be sought for controlling the crowd during the operation.

20. The DFO/Wild life Warden in charge of the Tem will have the powers to call for the services of staff working in various wings of the Department in the locality for the anti-depredation operation.

21. A log book of anti-depredation operation will be maintained by the Team in a suitable format approved by the Chief Wildlife warden.

22. A summary report regarding the anti depredation operation will be emailed by the Range Officer/Asst. Wild life Warden in charge of the team to the Chief Wildlife Warden within twenty four hours of the operation.

23. The team will carry out regular perambulation in areas vulnerable for elephant depredation, inspect the condition of the elephant proof trenches, solar fences, stone walls etc and collect information from the pubic and make weekly reports to the DFO/Wildlife Warden concerned.

24. The functioning of the Rapid Response Team will be reviewed by the Regional Additional Principal Chief Conservators of Forests once in every month.

25. The activities of the Rapid Response Teams will be monitored and coordinated by the Chief Wildlife Warden.

26. The expenditure towards the functioning of the Rapid Response Team will be met out of the allotment under the budget head 2406-01-800-56-Measures to Reduce Man-Animal Conflict.

Principal Chief Conservator of Forests.

To

The Chief Wildlife Warden
The Addl. P.C.C.F(NR), Addl. P.C.C.F(RS)
The C.C.F(NC), (EC) and (SC), Wildlife (Palakkad), F.D(PT), Kottayam
The DFOs & WLWs concerned.

അനുബന്ധം III

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ആശ്രിത നിയമന പദ്ധതി - കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട എറണാകുളം കഞ്ചിപ്പാറ ബദൽ സ്കൂളിലെ എഡ്യൂക്കേഷണൽ വോളന്റിയർ ശ്രീമതി ലിസി ജോസഫിന്റെ മകൻ ശ്രീ.കെ.ബി.ബെബിന് LD ക്ലാർക്ക് ആയി 'Out of Turn Priority' പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(എം.എസ്)നം.297/2015/പൊ.വി.വ. തീയതി.തിരുവനന്തപുരം,04-12-2015

---

-----

പരാമർശം:- 1. ശ്രീ.കെ.ബി.ബെബിൻ, S/o Late ലിസി ജോസഫ്, കാക്കനാട് (H), മാമലകണ്ടം പി.ഒ., ചാമപ്പാറ, കോതമംഗലം, എറണാകുളം സമർപ്പിച്ച 05.07.2013 തീയതിയിലെ അപേക്ഷ.

2. പൊതുവിദ്യഭ്യാസ ഡയറക്ടറുടെ 30.07.2014 തീയതിയിലെ എ 4/43054/2014/ഡിപിഐ നമ്പർ കത്ത്.

**ഉത്തരവ്**

11-3-2013-ൽ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട കുട്ടമ്പുഴ വില്ലേജിൽ കഞ്ചിപ്പാറ പട്ടിക വർഗ്ഗ സങ്കേതത്തിലെ മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററിലെ (MGLC) എഡ്യൂക്കേഷണൽ വോളണ്ടിയർ ആയിരുന്ന ലിസി ജോസഫിന്റെ മകൻ ശ്രീ.കെ.ബി.ബെബിന് സമാശ്വാസ പദ്ധതിയിൻകീഴിൽ ആശ്രിത നിയമനം നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ട് പരാമർശം1 പ്രകാരം അപേക്ഷ നൽകിയിരുന്നു. അപേക്ഷകനായ ശ്രീ.ബെബിന്റെ ജനനതീയതി

14-6-1994 ആണ്. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ടിയാന് 19 വയസ്സ് ഉണ്ടായിരുന്നു. ടിയാൻ പ്ലസ് ടു ജയിച്ചിട്ടുണ്ടെന്നും ആയതിനാൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ എറണാകുളം ജില്ലയിൽ നിയമനം നൽകണമെന്നും അപേക്ഷിച്ചിരുന്നു. ശ്രീമതി വിസി ജോസഫ് സേവനമനുഷ്ഠിച്ചിരുന്ന മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററിലെ എഡ്യൂക്കേഷണൽ വോളണ്ടിയർ എന്ന തസ്തിക കേരള സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ പരിധിയിൽ വരാത്തതിനാൽ ആശ്രിത നിയമനത്തിന് പരിഗണിക്കാൻ കഴിയില്ലെന്നും ആയതിനാൽ ഈ വിഷയത്തിൽ പ്രത്യേക ഉത്തരവ് ആവശ്യമാണെന്നും പരാമർശം 2 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീമതി വിസി ജോസഫ് ഔദ്യോഗിക നിർവ്വഹണത്തിനായി വനത്തിലൂടെയുള്ള യാത്രക്കിടയിലാണ് ആനയുടെ ആക്രമണത്തിനിരയാകുന്നത്. പരേതയുടെ ഭർത്താവിന് കൂലിവേലയാണെന്നതും ഇവരുടെ മൂന്ന് കുട്ടികൾ വിദ്യാർത്ഥികളാണെന്നതും കുടുംബത്തിന്റെ ഏക വരുമാന മാർഗ്ഗം പരേതയുടെ ജോലിയിൽ നിന്നുമുള്ള വരുമാനം മാത്രമായിരുന്നെന്നതും രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തുകയുണ്ടായി.

കോതമംഗലം അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസറുടെ കീഴിൽ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് കുഞ്ചിപ്പാറ ബദൽ സ്കൂൾ. ഈ സ്കൂളിൽ എഡ്യൂക്കേഷണൽ വോളന്റിയറായിട്ടാണ് ശ്രീമതി വിസി ജോസഫ് സേവനം ചെയ്തിരുന്നത്. ആയതിനാൽ ഈ ജോലി കേരള സബോർഡിനേറ്റ സർവ്വീസ് റൂൾസ് പ്രകാരം സ്ഥിരമായ ജോലിയല്ല. ശ്രീമതി വിസി ജോസഫ് സേവനമനുഷ്ഠിച്ചിരുന്ന മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററിലെ എഡ്യൂക്കേഷണൽ വോളന്റിയർ തസ്തിക പരിഗണിച്ച് ശ്രീ. കെ. ബി. ബൈബിനെ ആശ്രിത നിയമനത്തിന് പരിഗണിക്കാൻ കഴിയില്ലെങ്കിലും ഇത് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് ശ്രീ.ബൈബിൻ.കെ.ബി ക്ക് LD ക്ലാർക്ക് തസ്തികയിൽ 'Out of Turn Priority' യിൽ ആശ്രിത നിയമനം നൽകണമെന്ന് സർക്കാർ തീരുമാനിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ശ്രീ. കെ. ബി. ബൈബിന്റെ അപേക്ഷ സമാശ്വാസ തൊഴിൽ നിയമന പദ്ധതിയിൻകീഴിൽ ആശ്രിത

നിയമനത്തിന് പരിഗണിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി.ക്ലാർക്കായി 'Out of Turn Priority' അടിസ്ഥാനത്തിൽ നിയമനം നൽകാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വി. എസ്. സെന്തിൽ

അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീ.കെ.ബി.ബൈബിൻ S/o Late ലിസി ജോസഫ്, കാക്കനാട്(H),

മാമലകണ്ടം പി.ഒ., ചാമപ്പാറ, കോതമംഗലം, എറണാകുളം (By regd post)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

വിദ്യാഭ്യാസ ഉപ ഡയറക്ടർ, എറണാകുളം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & മീഡിയ) വിപുല പ്രചരണത്തിന്.

വനം വന്യജീവി വകുപ്പ് (vide Uo(f)No.12012/F3/2013/F&WLD)

പൊതുഭരണ (എസ്.സി) വകുപ്പ് (vide Item No.7392, തീയതി 09.09.2015

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.